


Aikyadeepam

സെപ്റ്റംബർ 2014

# ഐക്യദീപം

Since 1976 വില ₹ 10



# BODHANA
# Seed Bank




## വിത്തുകൾ നിങ്ങളെ തേടിയെത്തുന്നു...

## ബോധന
## കാർഷികോത്ഗ്രഥന പരിപാടികൾ

- കൂൺകൃഷി, തേനീച്ച വളർത്തൽ പരിശീലനം
- മണ്ണിര കമ്പോസ്റ്റ് ബയോഗ്യാസ് നിമ്മാണവും, പരിശീലനവും
- കർഷക സെമിനാറുകൾ
- കർഷക പുരസ്ക്കാരങ്ങൾ

ബോധന (തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി)
തുകലശ്ശേരി, പുഷ്പഗിരിറോഡ്, തിരുവല്ല, പത്തനംതിട്ട, കേരള, ഇന്ത്യ 689101

Ph: 0469- 2730561, 2606063
Email: bodhanatiruvalla@gmail.com



# എഡിറ്റോറിയൽ editorial



ആകാശനീലിമയുടെ ചരുവിൽ, ഏഴുനിറങ്ങളുടെയും സകലഅതിരുകൾക്കു മപ്പുറത്തേക്ക് വിരിഞ്ഞു നില്ക്കുന്ന മഴവില്ലുകൾ മനോഹാരിതയുടെ സകല ഭാവങ്ങൾക്കും മീതെയല്ലേ നിലക്കൊള്ളുന്നത്? അവയിൽ വ്യത്യസ്തതയുടെ അതിരുകളും സാമ്യതയുടെ ഇഴയടുപ്പവുമുണ്ട്. അതിലൊരു ബലമുണ്ട്, ഒന്നി പ്പിന്റെ ഭാവമുണ്ട്. വ്യത്യസ്തതയിലും ഒന്നായിരിക്കുക, അതൊരു നിയോഗ മാണ് ദൈവീകമായ നിയോഗം. ഓരോ നിറവും അതിന്റെ തൂവലുകളിൽ നിറം ചേർക്കുമ്പോഴും മറ്റൊന്നിൽ ലയിച്ചില്ലാതാകുന്നില്ല. ഐക്യമെന്നത് ദൈവീക മായ ഭാവമാണ് ഹൃദയത്തിന്റെ ഭാഷയാണ്.

കേട്ടറിഞ്ഞതിനും കണ്ടറിഞ്ഞതിനുമപ്പുറം തൊട്ടറിഞ്ഞ വിശ്വാസത്തെ പകർന്ന് നല്കിയ പൂർവ്വപിതാവിന്റെ മക്കൾ, ഏഴരപ്പള്ളികളിലൂടെ തിരിതെ ളിഞ്ഞ വിശ്വാസത്തിന്റെ നാളം ഏഴു കടലുകളും കടന്ന് ഏഴുതിരിയിട്ട വിളക്കു പോലെ ശോഭിക്കുമ്പോഴും എന്തോ ഒന്ന് നമുക്ക് നഷ്ടപ്പെട്ടുപോയിട്ടില്ലേ.... അതെന്താണ്? ആ മഴവില്ലിൽ നാം കണ്ട ബലം, ഒന്നിപ്പിന്റെ ഭാവം,ഐക്യ മെന്ന ദൈവനിയോഗം തന്നെ. മാർത്തോമ്മാ ശ്ലീഹായുടെ മലങ്കര സഭയ്ക്ക് ചരിത്രം വിഭജനത്തിന്റെ മുറിപ്പാടുകളും വേദനയുടെ കയ്പുനീരും നല്കിട്ടു ണ്ടെങ്കിലും ഇന്ന് ശ്ലീഹായുടെ സഭയെ നയിക്കുന്ന ആത്മീയമുഖങ്ങൾ നാം അടുത്തറിയേണ്ടവർ തന്നെ. ദൈവവിശ്വാസത്തിന്റെ തെളിഞ്ഞ ദീപവും മാർത്തോമ്മൻ പൈതൃകത്തിന്റെ മങ്ങാത്ത ശോഭയും അവരുടെ ജീവിതത്തിൽ നന്നായി തെളിഞ്ഞു കത്തുന്നുണ്ട്. അടുത്തറിയുമ്പോൾ കൂടുതൽ മനസിലാവും സംശയങ്ങൾ വഴിമാറും. അപ്പോൾ പരസ്പരം കാണാനാവാത്ത വിധം അറിഞ്ഞും അറിയാതെയും നാം കെട്ടിപ്പൊക്കിയ മതിൽ കെട്ടുകൾ തകരും ഒന്നെന്ന ഭാവം നമ്മിൽ ജനിക്കും. ആത്മീയമുഖങ്ങളായ ഈ അഭി.പിതാക്ക ന്മാരെപ്പറ്റി എഴുതുവാൻ മനസ്സുകാണിച്ച അഭി.പിതാവിനോടും ബഹു.വൈദീ കരോടും അല്മായ നേതാക്കളോടുമുള്ള നന്ദി ഐക്യദീപം കുടുംബം ഹൃദയ പൂർവ്വം അറിയിക്കുന്നു.

ഇനിയും നാം നടക്കേണ്ടത് വേറിട്ട വഴികളിലൂടെയല്ല, ഐക്യത്തിന്റെ ഈ തീരങ്ങളിലൂടെയാണ്.... ഇനിയും നാം കേൾക്കേണ്ടത് ഈ സ്വരവും. അപ്പോൾ ഐക്യമെന്ന ദൈവീക ഭാവത്തിലേക്ക് നാം വളരും.... ആകാശം പോലെ മനസ് വിശാലമാകും. ഞങ്ങൾ എന്ന് നാം എഴുതിവച്ച മതിൽ പൊളിച്ച് നമ്മൾ എന്ന പുതിയ വാതിൽ തീർക്കാം.....ഹൃദയവിശാലതയുടെ തുറന്ന വാതിൽ.

# ഐക്യദീപം
*Aikyadeepam*

2014 സെപ്റ്റംബർ പുസ്തകം 45 ലക്കം 9


▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

































## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ
യൂത്ത് കോർണർ
സീൻ ബൈ സീൻ
ബാലദീപം

11 സ്നേഹത്തിൽ ഒന്നിപ്പിക്കാൻ
ഫാ. ചെറിയാൻ താഴമൺ

15 ഐക്യത്തിന്റെ ഇഴ തുന്നുന്ന ശുശ്രൂഷകൻ
ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ

17 മാർത്തോമ്മൻ പൈതൃകത്തിന്റെ കർമ്മയോഗി
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ





22 സമർപ്പണത്തിന്റെ ആൾരൂപം
ഷെവ. മനോജ് മാത്യു

24 ഐക്യത്തിന്റെ കാവൽക്കാരൻ
റവ. ബിജു ജോർജ്ജ്

28 വേറിട്ട സ്വരം
ബിനോയ് മാത്യു തൊഴിയൂർ

29 ഐക്യത്തിന്റെ ഹൃദയഭാവവുമായി
ബിഷപ്പ് മാർ യോഹന്നാൻ യൗസേഫ്


All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മികാന്തരീക്ഷം സംജാതമാകുന്നതിനും ക്രൈസ്തവസാക്ഷ്യം പ്രസക്തവും സ്വീകാര്യവുമാകുന്നതിനും സഹായകമാകും എന്ന ചിന്തയിലും പ്രാർത്ഥനയിലും ഐക്യദീപം സെപ്റ്റംബർ ലക്കം ക്രമീകരിക്കുവാൻ സന്തോഷമുണ്ട്. അതിന്റെ ഭാഗമായി മലങ്കരയിലെ വിവിധസഭാനേതൃതത്വ ത്തെ പരിചയപ്പെടുത്തുവാനുള്ള പരിശ്രമമാണ് നടത്തുക. ഐക്യത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാവുകയില്ലെങ്കിലും ഐക്യരീതികളെപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടാകാം. പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. (യോഹ 17:21). യേശുക്രിസ്തുവിന്റെ ആഗ്രഹവും പ്രാർത്ഥനയും ഇതായിരുന്നു.



എന്നാൽ ഈ ഐക്യത്തിന്റെ സ്വഭാവം എന്താണ്? ഐക്യത്തിന്റെ ഉള്ളടക്കം എന്താണ്? ഐകരൂപ്യത്തിൽനിന്ന് അത് വ്യത്യസ്തമല്ലേ? അതിനുവേണ്ടിവരുന്ന ത്യാഗങ്ങൾ എന്തെല്ലാം? ആർജിക്കേണ്ടതും വർജിക്കേണ്ടതുമായ കാര്യങ്ങൾ ഏവ? മൗലികമായ വിശ്വാസങ്ങളും വിശ്വാസത്തിന്റെ ബഹിർസ്ഫുരണങ്ങളായ സത്യസന്ധമായ ആചാരാനുഷ്ഠാനങ്ങളിൽ നിലനിർത്തേണ്ടവയും ഏവ? തുടങ്ങിയ കാര്യങ്ങളിൽ വ്യത്യസ്തവും ചിലപ്പോഴെങ്കിലും വിശുദ്ധവുമായ സമീപനങ്ങൾ പുലർത്തുന്നു എന്നത് ഐക്യചർച്ചകളിൽ പ്രകടമാകുന്ന അനുഭവങ്ങളാണ്.

ഒരുവൻ ആയിരിക്കുന്നതുപോലെ അവനെ മനസ്സിലാക്കണമെന്നു പറയുമ്പോഴും അത് അവൻ പ്രഖ്യാപിക്കുന്ന വിശ്വാസങ്ങളുടെയും പുലർത്തുന്ന സത്യസന്ധതയുടെയും അടിസ്ഥാനത്തിലായിരിക്കുമെന്നത് ധാർമ്മിക സത്യാന്വേഷണ തത്വമാണ്. മുൻവിധികളും അർദ്ധസത്യങ്ങളും അകൽച്ചയുടെ ആഴം വർദ്ധിപ്പിക്കും. തിന്മ ചിന്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് അകൽച്ച വദ്ധിപ്പിക്കുക മാത്രമല്ല നമ്മുടെ ഉണ്മയെ പങ്കിലമാക്കുകയും ചെയ്യും. സഭാത്മകതയുടെ മൗലികസ്വഭാവം മറന്ന് തല്ക്കാല സൗകര്യങ്ങൾ വേണ്ടി സഭയെ ഉപയോഗപ്പെടുത്തുന്നത് പ്രായോഗികവാദവും വിശ്വാസബോദ്ധ്യങ്ങളെ സൗകര്യപൂർവ്വം ഉപേക്ഷിക്കുന്നതുമാകും.

വിശ്വാസവും കൂട്ടയ്മ ജീവിതവും പരസ്പരബന്ധിതമായ യാഥാർത്ഥ്യങ്ങളാണ്. എന്നാൽ കൂട്ടായ്മയക്ക് പുറത്തുള്ള സ്നേഹസമീപനങ്ങൾ സാമൂഹികജീവിതത്തെ പടുത്തുയർത്തുന്നതിന്റെ ആധാരശിലകളാണ്. വർഗ്ഗബോധത്തിനുപരിയായ മാനവികത, ദൈവികതയുടെ പ്രതിഫലനമാണ്. എന്റെതല്ലാത്തതെല്ലാം എനിക്ക് വിരുദ്ധമാണെന്നും നിലനില്പിനർഹതയില്ലാത്തതാണെമുള്ള ചിന്ത ദൈവമക്കൾക്കടുത്ത നിലപാടുകളല്ല തന്നെ. അധരം കൊണ്ടെന്നപോലെ തന്നെ ജീവിതം കൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തണം

ജീവിതമാതൃക അകലം പാലിക്കുന്നവരെ അടുപ്പിക്കുവാൻ പ്രേരകമാണെന്നതിന്റെ നേർസാക്ഷ്യ

*(ശേഷം പേജ് 30)*



# ബത്തേരി രൂപത: കുടിയേറ്റത്തിന്റെ നാളുകളിലൂടെ

മലങ്കര സഭ സാർവ്വത്രീക സഭാ കൂട്ടായ്മയിലേക്ക് പ്രവേശിച്ചതിന്റെ 84–ാം വാർഷികവും മലങ്കര സഭാ സംഗമവും 18,19,20 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുകയാണ്. അനുഗ്രഹിക്കപ്പെട്ട ഈ ദിനാചരണങ്ങളോടുനുബന്ധിച്ച് 'ബത്തേരി രൂപതയും മലബാർ കുടിയേറ്റവും' എന്ന വിഷയത്തെപ്പറ്റി 'ഐക്യദീപം' മാസികയിൽ ചില ചിതറിയ ചിന്തകൾ പങ്കുവയ്ക്കുന്നതിന് ഏറെ സന്തോഷമുണ്ട്. കഴിഞ്ഞ 42 വർഷമായി മലബാർ പ്രദേശത്ത് പ്രവർത്തിച്ച ഒരു എളിയ ശുശ്രൂഷി എന്ന നിലയ്ക്ക് ഇതൊരു ഓർമ്മക്കുറിപ്പായി അനുവാചകർ കരുതിയാൽ ഞാൻ കൃതാർത്ഥനായി.

## 1. കുടിയേറ്റവും കുടിയിറക്കലും ബൈബിൾ പശ്ചാത്തലത്തിൽ

കുടിയേറ്റവും കുടിയിറക്കലും എന്നും എവിടെയും മനുഷ്യാസ്തിത്വത്തിന്റെ രണ്ടു പ്രത്യേകതകളാണ്. ഇവയുടെ ആത്മീയഭാവത്തെ അവഗണിച്ച് ഭൗതീകതയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവണത പലപ്പോഴും ദൃശ്യമാണ്. കുടിയേറ്റത്തിന്റെ മാനുഷിക ഭാവത്തെക്കാൾ ആത്മീയഭാവത്തിന് പ്രാധാന്യം നൽകിയ കുടിയേറ്റ പിതാക്കന്മാരുടെ പിൻതലമുറക്കാരാണ് ഇപ്പോഴത്തെ സഭാമക്കൾ.

ദൈവം പ്രപഞ്ചസൃഷ്ടികർമ്മത്തിലൂടെ മനുഷ്യചരിത്രത്തിന്റെ ഭാഗമായി എന്നതാണ് കുടിയേറ്റത്തിന്റെ ആത്മീയ അടിത്തറ. "ദൈവം ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്ന പ്രഖ്യാപനത്തോടെ കുടിയേറ്റ ചരിത്രം ആരംഭിക്കുന്നു. ആകാശത്തിന്റെ അനന്തതയും ആഴിയുടെ അഗാധതയും പ്രകൃതിയിലെ പ്രത്യേകതകളും പറുദീസായുടെ ഫലസമൃദ്ധിയും മനുഷ്യൻ ഉൾപ്പെടുന്ന ജീവജാലങ്ങളുടെ സഹവാസവും ആകാശഗോളങ്ങളുടെ ഭ്രമണപഥങ്ങളും ഋതുഭേദങ്ങളും എല്ലാം സൃഷ്ടിയുടെ വിവിധ ഭാവരൂപങ്ങളാണ്. കവിയുടെ കഴിവ് കവിതയിൽ, ചിത്രകാരന്റേത് ചിത്രങ്ങളിൽ, ശില്പിയുടേത് ശില്പങ്ങളിൽ എന്നപോലെ



റൈറ്റ്. റവ. മാത്യൂസ്
ചാമക്കാലായിൽ റമ്പാൻ

ദൈവമഹത്വം സൃഷ്ടവസ്തുക്കളിൽ പ്രകടമാണ്. “ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു. വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു” (സങ്കീ. 19:11). മനുഷ്യ ചരിത്രം തന്നെ മനുഷ്യ ജീവിതത്തിലേയ്ക്കുള്ള ദൈവത്തിന്റെ കുടിയേറ്റ ചരിത്രമാണ്. “നമുക്ക് നമ്മുടെ ഛായയിൽ മനുഷ്യനെ സൃഷ്ടിക്കാം. അവന് ഭൂമി മുഴുവന്റെ മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ” (ഉല്പ. 1:26–28).

പൂർവ്വ പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെയും ഗോത്രപിതാക്കന്മാരുടെയും കുടിയേറ്റ ചരിത്രത്തെ നിയന്ത്രിച്ചതും നിശ്ചയിച്ചതും ദൈവം തന്നെ. കൂടെ നടക്കുകയും കൂട്ടിക്കൊണ്ടു പോകുകയും ചെയ്യുന്ന ദൈവത്തെ മറന്നോ, ദൈവീകതയെ മറച്ചുവെച്ചോ ഒരു കുടിയേറ്റ ചരിത്രം എഴുതാനാവില്ല എന്ന കാര്യം വിസ്മരിക്കരുത്. വിശ്വാസത്തിന്റെ കണ്ണുകൊണ്ടു കുടിയേറ്റത്തെ കണ്ടു എന്നതാണ് അബ്രഹാമിന്റെ കുടിയേറ്റത്തിന്റെ പ്രത്യേകതയായി ബൈബിൾ സാക്ഷിക്കുന്നത്. “വിശ്വാസംമൂലം അബ്രഹാം തനിക്ക് അവകാശമായി ലഭിക്കാനുള്ള സ്ഥലത്തുപോകാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ചു. വിശ്വാസത്തോടെ അവൻ വാഗ്ദത്തഭൂമിയിൽ വിദേശിയെപ്പോലെ കഴിഞ്ഞു... ദൈവം സംവിധാനം ചെയ്തതും നിർമ്മിച്ചതും അടിസ്ഥാനം ഉറപ്പിച്ചതുമായ ഒരു നഗരത്തെ അവൻ പ്രതീക്ഷിച്ചിരുന്നു.” (ഹെബ്രാ. 11:8,10).

ദൈവപുത്രനായ യേശുക്രിസ്തു കന്യകമറിയത്തിൽ വസിച്ച് ഭൂമിയിൽ പിറന്നു” എന്നതാണ് മനുഷ്യചരിത്രത്തിന്റെ ആത്മീയതയ്ക്കും ദൈവികതയ്ക്കും അടിസ്ഥാനം.

## 2. കുടിയേറ്റ ചരിത്രം കേരള പശ്ചാത്തലത്തിൽ

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളെ ഒന്നാക്കി ചേർത്താണല്ലോ കേരള സംസ്ഥാനം രൂപംകൊണ്ടത്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കുശേഷമാണ് മധ്യതിരുവിതാംകൂറുകാരായ ‘ചേട്ടന്മാർ’ മലബാർ എന്നറിയപ്പെടുന്ന കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്ക് കുടിയേറിയത്. ഭാരതപ്പുഴയുടെ വടക്ക് ഇപ്പോഴത്തെ കാസർഗോഡ് വരെയുള്ള ഭൂപ്രദേശം കോഴിക്കോട്, കണ്ണൂർ ജില്ലകളിലായിരുന്നു. പിന്നീടാണ് മലപ്പുറം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾ രൂപപ്പെടുന്നത്. ലോകമഹായുദ്ധത്തിനുശേഷമുള്ള സാമ്പത്തിക പ്രതിസന്ധി പരിഹിക്കുക, ഭക്ഷ്യസ്വയംപര്യാപ്തത നേടുക എന്നതായിരുന്നു കുടിയേറ്റത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കുടിയേറ്റ പിതാക്കന്മാർ അനേക കാര്യങ്ങളിൽ ദരിദ്രരായിരുന്നു. ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നീ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ തന്നെ പാടുപെട്ടവരാണവർ. എന്നാൽ ആധുനികരെന്നോ സമ്പന്നരെന്നോ അഭിമാനിക്കുന്ന നമ്മേക്കാൾ ആത്മീയ കാര്യങ്ങളിൽ അവർ സമ്പന്നരായിരുന്നു.

കുടിയേറ്റ പിതാക്കന്മാരിൽ മുമ്പനും മാതൃകാപുരുഷനുമായ അബ്രാഹം പിതാവിനെപ്പോലെ കുടിയേറിയ സ്ഥലങ്ങളിലൊക്കെ ദൈവത്തെ കുടിയിരുത്താൻ അവർ ശ്രദ്ധിച്ചിരുന്നു. അബ്രഹാം കുടിപാർത്ത സ്ഥലങ്ങളിലെല്ലാം ബലിപീഠം പണിത് ബലി അർപ്പിച്ച് സ്വന്തം കുടിൽകെട്ടി താമസമാക്കിയ വ്യക്തിയാണ് (ഉല്പത്തി 12:7,8; 13:18). അവസാനം ഏകപുത്രനായ ഇസഹാക്കിനെ ബലിപീഠത്തിൽ കിടത്തി അബ്രഹാം വിശ്വാസം സംരക്ഷിച്ച് അനുഗ്രഹീതനായി. ‘വിശ്വാസികളുടെ പിതാവ്’ എന്ന് അറിയപ്പെടുകയും ചെയ്തു. ഇന്നും കുടിയേറ്റക്കാരുടെ നാട്ടിൽ ഏറ്റവും ഉയർന്നു നിൽക്കുന്ന പള്ളികളും കുരിശുപള്ളികളും പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ഉത്തമസാക്ഷ്യങ്ങളാണ്.

## 3. മൈസൂർ, മംഗലാപുരം, കോഴിക്കോട് ലത്തീൻ രൂപതകളും കുടിയേറ്റ ജനതയും

**കുടിയേറ്റ പിതാക്കന്മാർ അനേക കാര്യങ്ങളിൽ ദരിദ്രരായിരുന്നു. ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നീ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ തന്നെ പാടുപെട്ടവരാണവർ. എന്നാൽ ആധുനികരെന്നോ സമ്പന്നരെന്നോ അഭിമാനിക്കുന്ന നമ്മേക്കാൾ ആത്മീയ കാര്യങ്ങളിൽ അവർ സമ്പന്നരായിരുന്നു.**

കുടിയേറ്റക്കാരായ ‘ചേട്ടന്മാർ’ മലബാറിലേക്കു മാത്രമല്ല, തമിഴ്നാടിന്റെ ഭാഗമായ നീലഗിരി, കുടക് ജില്ലകളിലേക്കും കുടിയേറി പാർത്തു. ഇവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിന് ദൈവം മുൻകൂട്ടി ഒരുക്കിയ ആത്മീയ സങ്കേതങ്ങളായിരുന്നു മൈസൂർ, മംഗലാപുരം, കോഴിക്കോട് ലത്തീൻ രൂപതകളും അവിടെ പ്രവർത്തിക്കുന്ന വിവിധ സന്യാസസഭാ വൈദികരും സന്യാസിനിമാരും. ഗോത്രപിതാവായ യാക്കോബ് ഈജിപ്തിൽ കുടിപാർക്കുന്നതിനു മുമ്പേ, മകനായ ജോസഫിനെ ദൈവം ഈജിപ്തിലേക്ക് അയച്ച് പിതാവിനും സഹോദരങ്ങൾക്കും പാർപ്പിടം ഒരുക്കിയിരുന്നു. കാടുകയറിയും തോടുകടന്നും കുടിയേറ്റക്കാരുടെ കുടിലുകൾ സന്ദർശിച്ച് കുടുംബപ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും നേതൃത്വം കൊടുത്ത വന്ദ്യവൈദീകരുടെയും സന്യസ്ഥരുടെയും ത്യാഗം വാക്കുകൾക്ക് വർണ്ണിക്കാനോ ഭാവനയിൽ കാണാനോ ഈ തലമുറക്കാർക്ക് കഴിയില്ല. വറുതിയുടെ നാളുകളും വരൾച്ചയുടെ മാസങ്ങളും കാലവർഷക്കെടുതികളും ഒന്നും കുടിയേറ്റ പിതാക്കന്മാരുടെ വിശ്വാസത്തെ തകർക്കാനോ തളർത്തുവാനോ കഴിയുന്നതായിരുന്നില്ല. മൺമറഞ്ഞ ആത്മീയ പിതാക്കന്മാരുടെ പാവനസ്മരണയ്ക്ക് ആദരവ് അർപ്പിക്കാം.

## 4. തലശ്ശേരി, മാനന്തവാടി രൂപതകളും കുടിയേറ്റ കുടുംബങ്ങളും

മലങ്കര സഭാമക്കളുടെ കുടിയേറ്റ ചരിത്രം വിവരിക്കുമ്പോൾ വിസ്മരിക്കാനാവാത്ത സഭാശുശ്രൂഷ നമ്മുടെ തലമുറയ്ക്കു നൽകുന്നതിൽ ഈ രണ്ടു രൂപതകളും വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. മലബാറിലെ കുടിയേറ്റ പിതാക്കന്മാർ തങ്ങളുടെ താവളം കണ്ടെത്തിയത് കോഴിക്കോട്, കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിലെ മലയോര ഗ്രാമങ്ങളിലായിരുന്നു. ഈ പ്രദേശങ്ങളിൽ കുടിയേറിയ മലങ്കര മക്കളുടെ ആത്മീയ, സാമ്പത്തിക, വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ രൂപതകൾ പക്ഷഭേദമില്ലാതെ പ്രവർത്തിച്ചു. ഇന്നും ഈ ബന്ധം അനേക സ്ഥലങ്ങളിൽ സജീവമായി, ഊഷ്മളമായി നിലനിൽക്കുന്നു. മലങ്കര കത്തോലിക്കാ സഭാ മക്കളായ കുടിയേറ്റക്കാർ ആദ്യകാലങ്ങളിൽ ആശ്രിയിച്ചിരുന്നത് ലത്തീൻ, മലബാർ, സുറിയാനി പള്ളികളെയും മറ്റു മതസ്ഥാപനങ്ങളെയുമായിരുന്നു. മലങ്കരക്കാരായ മറ്റു സഭാവിഭാഗങ്ങളുടെയും ആത്മീയാവശ്യങ്ങളും ഈ രൂപതകളും ഇടവകകളും സന്യാസസഭാ സ്ഥാപനങ്ങളുമാണ് നടത്തിയിരുന്നത്. അവരെ നന്ദിയോടെ അനുസ്മരിക്കാം.

## 5. മലങ്കര കത്തോലിക്കാ സഭ ചരിത്രത്താളുകളിലൂടെ

1930 സെപ്തംബർ 20-ലെ പുനരൈക്യ സംഭവത്തിനുശേഷം 1932 ജൂൺ 11-ന് പതിനൊന്നാം പീയൂസ് മാർപാപ്പാ 'ക്രിസ്തോ പാസസ്തോനും പ്രിൻചിപ്പി' എന്ന തിരുവെഴുത്തുവഴി മലങ്കര കത്തോലിക്കാ സഭയെ ഒരു 'ഹയരാർക്കി'യായി ഉയർത്തുകയും തിരുവനന്തപുരം അതിരൂപതയായും വന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയെ ആർച്ചുബിഷപ്പായും തിരുവല്ല രൂപതയായും അഭി. യാക്കോബ് മാർ തേയോഫിലോസ് തിരുമേനിയെ രൂപതാദ്ധ്യക്ഷനായും നിയമിച്ചു.

തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി അഭിവന്ദ്യ യാക്കോബ് മാർ തേയോഫിലോസ് തിരുമേനി നിയമിതനായത് 1933 നവംബർ 6-ന്. 1956 ജനുവരി 27-ന് അദ്ദേഹം കാലം ചെയ്തു. 1937 നവംബർ 27-ന് ഓർത്തോഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭയിലേക്ക് - തിരുവല്ലാ രൂപതയിലേക്ക് - പുനരൈക്യപ്പെട്ടു. 1950 മെയ് 5-ന് തിരുവല്ലാ രൂപതാദ്ധ്യക്ഷനായി നിയമിതനായി. 1955 ജനുവരി 18-ന് കാലം ചെയ്തു.

## 6. അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി

മലങ്കര കത്തോലിക്കാ സഭയുടെ മലബാർ കുടിയേറ്റത്തെക്കുറിച്ചും ബത്തേരി രൂപതയെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ ഏറെ ആദരവോടും അഭിമാനത്തോടും കൂടി അനുസ്മരിക്കേണ്ട വ്യക്തിയാണ് അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി. ആ വന്ദ്യ പിതാവിന്റെ ദീപ്തമായ ഓർമ്മയുടെ മുമ്പിൽ പ്രണാമം അർപ്പിച്ച് താഴെ വരുന്ന വരികൾ കുറിക്കുന്നു. 1954 ഏപ്രിൽ 22-ന് തിരുവല്ല രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി. 1955 ജനുവരി 27-ന് ഭദ്രാസനാധിപനായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. മൂന്നു വന്ദ്യ പിതാക്കന്മാർ തിരുവല്ലാ രൂപതയിൽ ഉണ്ടായിരുന്നു എന്നതാണ് ഈ കാലത്തിന്റെ പ്രത്യേകത. വിദേശ വിദ്യാഭ്യാസമോ അന്യഭാഷാ പഠനമോ ഇല്ലാത്ത ഒരു സാദാ വൈദികൻ ഒത്തിരി ഒത്തിരി വലിയ കാര്യങ്ങൾ സഭയ്ക്കുവേണ്ടി ചെയ്തു എന്നതാണ് എടുത്തുപറയേണ്ട കാര്യവും പിൻതലമുറക്കാർ അദ്ദേഹത്തെ അനുസ്മരിക്കാനുള്ള കാരണവും. അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതവും ആരാധനാക്രമത്തോടുള്ള പ്രതിബദ്ധതയും സാമ്പത്തിക അച്ചടക്കവും ലളിത ജീവിതവും രൂപതയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങളാണ്. കാലത്തിനൊത്ത് കറങ്ങാതെ ദൈവജനത്തെ ആത്മീയതയുടെ അച്ചുതണ്ടിനോടു ചേർത്തു നിർത്തി ആത്മീയ-ഭൗതിക നേട്ടങ്ങളിലേക്ക് രൂപതയെ നയിച്ചു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. രൂപതാ ഭരണം ഏറ്റെടുത്ത് 3

**അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതവും ആരാധനാക്രമത്തോടുള്ള പ്രതിബദ്ധതയും സാമ്പത്തിക അച്ചടക്കവും ലളിത ജീവിതവും രൂപതയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങളാണ്.**

വർഷം പൂർത്തിയാകും മുമ്പേ രൂപതയുടെ അതിർത്തി ഭാരതപ്പുഴയ്ക്കു വടക്കോട്ടും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിച്ചു.

1958 ഫെബ്രുവരി 14-ന് പരി. സിംഹാസനത്തിൽനിന്നും ഡിക്രി Prot: 534/43 പ്രകാരം തിരുവല്ല രൂപയുടെ വിസ്തൃതി കോഴിക്കോട്, കണ്ണൂർ ജില്ലകൾ ഉൾപ്പെടുന്ന മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും വ്യാപിപ്പിച്ചു. അന്ന് മലബാർ എന്നറിയപ്പെട്ടിരുന്നത് കോഴിക്കോട്, കണ്ണൂർ ജില്ലകൾ മാത്രം ഉൾപ്പെട്ട ഭൂപ്രദേശം ആയിരുന്നു. പിന്നീട് ജില്ലകളുടെ എണ്ണം വർദ്ധിപ്പിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേരളത്തിന്റെ മലബാർ ഭാഗമായി കണക്കാക്കുന്നു. രൂപതയുടെ അതിർത്തി കേരളത്തിന് പുറത്ത് തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും വ്യാപിപ്പിച്ചു. തമിഴ്നാട്ടിലെ നീലഗിരി, കോയമ്പത്തൂർ, കരൂർ പ്രദേശങ്ങളും കർണ്ണാടകയിലെ മൈസൂർ, മാഢ്യാ, ഹാസ്സൻ, കുടക്, ചിക്മംഗ്ലൂർ, ഷിമോഗ, സൗത്ത് കാനറാ പ്രദേശ

ങ്ങളും തിരുവല്ലാ രൂപതയുടെ ഭാഗമായി. ഈ പ്രദേശങ്ങളിലെ കുടിയേറ്റക്കാരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റാനായി അഭിവന്ദ്യ അത്തനാസിയോസ് തിരുമേനി 4 വൈദികരെ അയച്ചു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ബഹു. തോമസ് നേര്യംപറമ്പിൽ അച്ചനെയും സഹായികളായി ബ. യോവാക്കിം നാഗഞ്ചേരിൽ, ബ. ജോൺ മേളാംപറമ്പിൽ, ബ. മൈക്കിൾ ഒ.ഐ.സി. എന്നിവരെ നിയോഗിച്ചു. അവർ ട്രെയിൻമാർഗ്ഗം തലശ്ശേരിയിൽ വന്നിറങ്ങി. അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ കണ്ട് അനുഗ്രഹം വാങ്ങി കേളകത്ത് എത്തി. വഴികാട്ടിയായി വന്നത് ശ്രീ. ജോർജ് ചരിവുപുരയിടമായിരുന്നു. ചരിവുപുരയിടത്തിൽ ശ്രീ. അബ്രഹാമിന്റെ ഭവനത്തിൽ എത്തി, ആഘോഷമായ സന്ധ്യാപ്രാർത്ഥനയും വീടുകൂദാശയും കഴിഞ്ഞ് സന്ദർശകരുമായി സഭാകാര്യങ്ങൾ സംസാരിച്ചു. നാട്ടിൽവച്ച് മലങ്കരക്കാരായിരുന്നവരും മലങ്കര കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനാഗ്രഹിക്കുന്നവരും ആ കൂട്ടത്തിലുണ്ടായിരുന്നു. മലബാറിലെ ആദ്യത്തെ ഇടവക കേളകം ലിറ്റിൽ ഫ്ളവർ പള്ളിയാണ്. അഭിവന്ദ്യ അത്തനാസിയോസ് തിരുമേനിയുടെ പ്രത്യേക മധ്യസ്ഥയായിരുന്നു വി. കൊച്ചുത്രേസ്യ എന്നറിയപ്പെടുന്ന ലിറ്റിൽ ഫ്ളവർ. അതുകൊണ്ടാകാം മലബാറിലെ ആദ്യ ഇടവകയ്ക്ക് ആ പേരു നൽകിയത്. ആദ്യത്തെ നാലു കുടുംബങ്ങൾ ഇവയാണ് – ചരിവുപുരയിടത്തിൽ അബ്രഹാമും 9 മക്കളും, കാനാപ്പിള്ളി ജോസഫും രണ്ടു മക്കളും, കണിയാംപറമ്പിൽ കുഞ്ഞപ്പൻ ചേട്ടനും മക്കളും, മുക്കടക്കാട് കുടുംബനാഥനും മൂന്നു മക്കളും, മലബാർ സുറിയാനിക്കാരായ ചുങ്കക്കുന്ന് ഫാത്തിമാ മാതാ ഇടവകയേയും അക്കാലത്തെ ബ. വികാരിമാരെയും പ്രാർത്ഥനയോടെ, നന്ദിയോടെ അനുസ്മരിക്കുന്നു.

അടുത്ത ദിവസം തന്നെ നേര്യംപറമ്പിൽ ബ. തോമസ് അച്ചൻ മാന്തവാടിക്കും ബ. നാഗഞ്ചേരിൽ യോവാക്കിം അച്ചൻ ബത്തേരിക്കും ബ. ജോൺ മേളാംപറമ്പിൽ അച്ചനും ബ. മൈക്കിൾ ഒ.ഐ.സി. അച്ചനും താമരശേരിക്കും യാത്രയായി പുനരൈക്യ പരിശ്രമം ആരംഭിച്ചു.

മാനന്തവാടി പ്രദേശത്തെ ആദ്യ ഇടവകകൾ: കമ്മന, കാർട്ടിക്കുളം, കോറോം, ചെറൂർ. ബത്തേരിയിൽ: മൂലംകാവ്, ചെക്കലയം, ചീങ്ങേരി, മീനങ്ങാടി (ബത്തേരിയിൽ 100 ഏക്കർ സ്ഥലം വാങ്ങിയിരുന്നെങ്കിലും ഇടവക ആരംഭിച്ചിരുന്നില്ല).

കോഴിക്കോട് ജില്ലയിൽ: മൈയ്ക്കാവ്, മുറംപാത്തി, നിലമ്പൂർ: എടക്കര, കരുവാരക്കുണ്ട്, ഉപ്പട, പാലാങ്കര, നിലമ്പൂർ, (ജോസ്ഗിരി), പുളിയങ്ങാട്, ചെറുകര, മാമാങ്കര. നീലഗിരി ജില്ല: ഉപ്പട്ടി, ഗൂഡല്ലൂർ കണ്ണൂർ ജില്ല: കേളകം, നടുവിൽ, തിരുമേനി

1958–1962 വരെ ആരംഭിച്ച ഇടവകകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ആദ്യകാല വൈദികരിൽ ചിലരെയെങ്കിലും അനുസ്മരിച്ചില്ലെങ്കിൽ അത് അവരോടു കാണിക്കുന്ന അവഗണനയായിരിക്കും. ഇപ്പോൾ വാർദ്ധക്യത്തിൽ കഴിയുന്ന കുറച്ചുപേരെങ്കിലും ഉണ്ടല്ലോ. അവരെ പ്രത്യേകം അനുസ്മരിക്കുന്നു. മാനന്തവാടിയിൽ താമസിച്ച് അടുത്ത പ്രദേശങ്ങളിൽ പ്രവർത്തിച്ച ബ. വൈദീകരിൽ പ്രമുഖർ, ബ. തോമസ് നേര്യംപറമ്പിൽ, ബ. ജേക്കബ് അയത്തിയിൽ, ബ. ചെറിയാൻ മൈലക്കാട്ട്, ബ. തോമസ് പടിഞ്ഞാറേക്കുറ്റ്. കാർട്ടിക്കുളത്ത് താമസിച്ചവർ: ബ. തോമസ് മണലേൽ, ബ. മാത്യു തെങ്ങുംതോട്ടം, ബ. തോമസ് പുതിയവീട്ടിൽ, ബ. തോമസ് വരിക്കാനിക്കുഴി. കേളകത്ത്: ബ. ബോനിഫസ് ലേവിസ്, ബ. ജേയ്ക്കബ് ചീരകത്തോട്ടം. നിലമ്പൂർ ഭാഗത്ത്: ബ. ജോർജ് മനപ്പുറത്ത്, ബ. എബ്രഹാം മത്തിറമ്പൻ, ബ. ഏലിയാസ് തേക്കനാൽ, ബ. ഐസക് കൂട്ടപ്ലാക്കൽ (അഭി. ഐസക് മാർ യൂഹാനോൻ തിരുമേനി). ബത്തേരിയിൽ: ബ. സൈമൺ പുളിയംകീഴ്, ബ. ചെറിയാൻ രാമനാലിൽ, ബ. കുര്യൻ കമുകുംപ്ലാക്കൽ, ബ. വഴുതലക്കാട് അച്ചൻ, ബ. തോമ്പ്ര അച്ചൻ, കോഴിക്കോട്: ബ. ഈപ്പൻ നെച്ചിക്കാട്, ബ. മാത്യു ചെരിപ്പുറത്ത്, പുനരൈക്യപ്പെട്ട ബ. ലാസർ പുത്തൻകണ്ടത്തിൽ അച്ചൻ, ഗൂഡല്ലൂർ, ഉപ്പടി ഭാഗത്ത് ആദ്യമായി മിഷൻ ആരംഭിച്ചത് ബ. യോവാക്കിം നാഗഞ്ചേരിൽ, ബ. സൈമൺ പുളിയംകീഴ്, ബ. ചെറിയാൻ രാമനാലിൽ, ബ. തോമസ് താന്നിക്കുഴി, ബ. തോമസ് ചരിവുപുരയിടം എന്നിവരായിരുന്നു. ഈ കാലഘട്ടത്തിൽ പുനരൈക്യപ്രസ്ഥാനത്തിന് വന്ദ്യ വൈദീകരെയും അവർക്ക് നേതൃത്വം നൽകി 1955 മുതൽ 1977 വരെ തിരുവല്ല രൂപതയെ നയിച്ച അഭിവന്ദ്യ അത്തനാസിയോസ് പിതാവിനെയും അനുസ്മരിക്കുന്നു.

*(തുടരും)*


## 37 – ാം
## ഓർമ്മപ്പെരുന്നാൾ




**അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ്**

# മാർത്തോമ്മാ ശ്ലീഹായുടെ മലങ്കര സഭ

വിഭജനത്തിന്റെ മുറിപ്പാടുകൾ പേറുന്നുണ്ടെങ്കിലും മാർത്തോമ്മാ ശ്ലീഹായുടെ മലങ്കര സഭയുടെ ഇന്നിന്റെ ആത്മീയ മുഖങ്ങൾ.






**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ**

*മല്ലപ്പള്ളി താലൂക്കിൽ മുക്കൂർ എന്ന പ്രദേശത്ത് 1959 ജൂൺ 15 -ന് ജനനം. മാതാപിതാക്കൾ പകലോമറ്റം പവോത്തിക്കുന്നേൽ തോട്ടുങ്കൽ ശ്രീ. റ്റി. എം. മാത്യുവും ആനിക്കാട് വടക്കേടത്ത് അന്നമ്മയും. പ്രാഥമിക വിദ്യാഭ്യാസം പാലയ്ക്കത്തകിടി സെന്റ് മേരീസ് ഗവ. യു.പി. സ്കൂൾ, ഹൈസ്കൂൾ പഠനം ആനിക്കാട് സെന്റ് മേരീസ്. വൈദീക പരിശീലനം ഇൻഫന്റ് മേരീസ് മൈനർ സെമിനാരി, ആലുവ കാർമൽ ഗിരി പൊന്തിഫിക്കൽ സെമിനാരി, പൂന പേപ്പൽ സെമിനാരി. 1986 ജൂൺ 11-ന് വൈദികപട്ടം സ്വീകരണം. റോമിൽ ഉപരിപഠനം. 2001 ഓഗസ്റ്റ് 15-ന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 2003 സെപ്തംബർ 11 -ന് തിരുവല്ലാ രൂപതയുടെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. 2006 മെയ് 15-ന് ആർച്ചുബിഷപ്പ്. 2007 ഫെബ്രുവരി 9-ന് രണ്ടാം കാതോലിക്കായായി തെരഞ്ഞെടുക്കപ്പെട്ടു. 2012 ഒക്ടോബർ 23-ന് കർദിനാൾ സംഘത്തിലേക്ക് പരിശുദ്ധ പിതാവിനാൽ ചേർക്കപ്പെട്ടു.*

# സ്നേഹത്തിൽ ഒന്നിപ്പിക്കാൻ



**ഫാദർ ചെറിയാൻ താഴമൺ**

(സി.ഇ.ഒ. ദീപിക)

## ആമുഖം

'മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു' (ജറ. 1:15) എന്ന വചനം മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ ജീവിതത്തിൽ അന്വർഥ്യമാകുന്നു.

## ജനനം, ബാല്യകാലം

മല്ലന്മാർ പള്ളികൊള്ളുന്ന 'മല്ലപ്പള്ളി' താലൂക്കിലെ മുക്കൂർ ഗ്രാമം. അവിടെയാണ് 1959 ജൂൺ 15-ാം തീയതി ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ ജനനം. മാർതോമാശ്ലീഹായിൽനിന്ന് ക്രൈസ്തവവിശ്വാസവും പട്ടത്വവും സ്വീകരിച്ച പകലോമറ്റം തറവാട്ടിലെ പിൻമുറക്കാരൻ, ആധ്യാത്മികാന്തരീക്ഷം നിറഞ്ഞുനിൽക്കുന്ന പ്രദേശത്തുള്ള ജനനം, നാടിന്റെ വളർച്ചയ്ക്ക് നേതൃത്വം വഹിക്കുന്ന പൂർവസൂരി



കളുടെ നേതൃത്വ പശ്ചാത്തലം, വിശ്വാസകാര്യങ്ങളിലും സാമുദായിക സാമൂഹിക സേവന നേതൃത്വ കാര്യങ്ങളിലും മുന്നിട്ടുനിൽക്കുന്ന കുടുംബ സാമൂഹിക പശ്ചാത്തലം.

പിതാവ് പകലോമറ്റം പവോത്തിക്കുന്നേൽ തോട്ടുങ്കൽ ശ്രീ. റ്റി.എം. മാത്യു (മത്തായിസാർ). അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. രണ്ടാം ലോകമഹായുദ്ധാവസരത്തിൽ രാജ്യത്തിനുവേണ്ടി സൈന്യസേവനത്തിനു തയ്യാറായി. വീണ്ടും തന്റെ പ്രിയപ്പെട്ട അദ്ധ്യാപക ജോലിയിൽ തിരികെ പ്രവേശിച്ചു. മുക്കൂർ സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ഇടവകയുടെ രൂപീകരണകാലത്ത് ശക്തമായ നേതൃത്വം നൽകി. മാതാവ് ആനിക്കാട് വടക്കേടത്ത് ഐസക്കിന്റെ മകൾ അന്നമ്മ. സഹോദരങ്ങൾ: ശ്രീ. റ്റി.എം. മാത്യു (മാത്തുക്കുട്ടി). തോമസ് മാത്യു (തമ്പി). സഹോദരിമാർ സൂസമ്മ, സിസ്റ്റർ ജോയ്സ് എസ്.ഐ.സി, സിസിലിക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസം പാലയ്ക്കാത്തകിടി സെന്റ് മേരീസ് ഗവ. യു.പി സ്കൂളിലായിരുന്നു. ഹൈസ്കൂൾ പഠനം ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിലായിരുന്നു. അന്ന് അവിടെ പ്രധാനാദ്ധ്യാപകനായിരുന്ന ഇരട്ടമാക്കിൽ ബഹു. ഫിലിപ്പ് അച്ചന്റെയും സഹഅദ്ധ്യാപകരുടെയും സ്വഭാവ ശ്രേഷ്ഠതയും സ്കൂളിലെ മാതൃകാപരമായ ക്രൈസ്തവ അന്തരീക്ഷവും മകൻ ആനിക്കാട് സ്കൂളിൽ തന്നെ പഠിക്കണമെന്നത് മത്തായി സാറിന്റെ നിർബന്ധത്തിന്റെ കാരണങ്ങളായിരുന്നു. ആ കാലത്ത് മുക്കൂർ ഇടവകയിൽ വികാരിയായിരുന്ന പള്ളിപ്പുറത്തുശേരിൽ ബഹു. എബ്രഹാം അച്ചന്റെ പ്രോത്സാഹനവുമാണ് ഐസക്കിനെ വൈദികനാകാൻ പ്രേരിപ്പിച്ചത്.

## ദൈവവിളി

എസ്.എസ്.എൽ.സി പാസായ ഐസക് 1976 ജൂൺ പത്താം തീയതി വൈദിക പരിശീലനത്തിനായി തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. ഞാൻ ഗമാലിയേലിന്റെ ശിഷ്യനാണ് എന്നു പറയുന്നതിൽ വി. പൗലോസ് അഭിമാനം കൊള്ളുന്നതുപോലെ സഖറിയാസ് മാർ അത്തനാസിയോസ് പിതാവാണ് തന്നെ വൈദിക പരിശീലനത്തിന് സ്വീകരിച്ചത് എന്നു ബാവാ തിരുമേനി എന്നും അഭിമാനിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആരാധനാകർമങ്ങളുടെ ഭക്തിപരതയും സഭാ പാരമ്പര്യങ്ങൾ നിർവിഘ്നം സംരക്ഷിക്കുന്നതിലുള്ള താല്പര്യവും സഹോദര സഭകളുമായുള്ള ഹൃദയബന്ധവും സെമിനാരി പരിശീലനത്തിന്റെ ആരംഭത്തിൽതന്നെ ബാവായിൽ വലിയ സ്വാധീനം ചെലുത്തിയ ഘടകങ്ങളാണ്. സെമിനാരിയിലെ അന്നത്തെ റെക്ടർ ബഹു. ജോർജ് ചുണ്ടേവാലേൽ അച്ചൻ (ഇപ്പോൾ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത) ആയിരുന്നു.പതിനാലു പേരായിരുന്നു നവാഗതർ. 1978–ൽ ബത്തേരി രൂപത നിലവിൽ വന്നപ്പോൾ മൈനർ സെമിനാരി വിദ്യാർത്ഥിയായിരുന്ന ബ്രദർ ഐസക് ബത്തേരി രൂപതയിൽ ചേർന്ന് വൈദിക പഠനം തുടരാൻ ആഗ്രഹം പ്രകടിപ്പിച്ചു. വ്യക്തിപരമായ പരിചയമില്ലെങ്കിലും വലിയ പണ്ഡിതനും സഭാസ്നേഹിയുമായ ബഹു. സിറിൽ മലഞ്ചെരുവിൽ അച്ചനാണ് ബത്തേരി രൂപതയുടെ പ്രഥമ അധ്യക്ഷനായി നിയമിതനായത്. അദ്ദേഹത്തോടൊപ്പം ശുശ്രൂഷ ചെയ്യാനുള്ള ആഗ്രഹം ബത്തേരി രൂപത തെരഞ്ഞെടുക്കുവാൻ ബ്രദർ ഐസക്കിനെ പ്രേരിപ്പിച്ചു.

1979 –ൽ മേജർ സെമിനാരി പഠനത്തിൽ മൂന്നുവർഷത്തെ തത്വശാസ്ത്ര പഠനം ആലുവാ കാർമെൽഗിരി പൊന്തിഫിക്കൽ കോളജിൽ. അവിടുത്തെ ഗ്രന്ഥാലയവും പണ്ഡിതരായ ഗുരുക്കന്മാരും കുടുംബാന്തരീക്ഷം പുലരുന്ന പശ്ചാത്തലവും തന്റെ ചിന്താധാരകളെയും ജീവിത വീക്ഷണങ്ങളെയും രൂപപ്പെടുത്തിയതിൽ വലിയ പങ്കുവഹിച്ചു. ദൈവശാസ്ത്ര പഠനത്തിനായി ബ്രദർ ഐസക് തോട്ടുങ്കലിനെ പൂനാ പേപ്പൽ സെമിനാരിയിലേക്കാണ് സിറിൽ മാർ ബസേലിയോസ് പിതാവ് അയച്ചത്. കേരളത്തിലെ മൂന്ന് വ്യക്തിഗത സഭകളിലെ എല്ലാ രൂപതകളിൽനിന്നുമുള്ള വൈദിക വിദ്യാർഥികളുമായി ബന്ധപ്പെടുവാൻ ആലുവ സെമിനാരി അദ്ധ്യക്ഷൻ അവസരം നൽകി. ദൈവശാസ്ത്ര പഠനത്തിന് പൂനാ പേപ്പൽ സെമിനാരിയിൽ അവസരം ലഭിച്ചത് ഭാരതത്തിലെ എല്ലാ രൂപതകളിൽ നിന്നും സംസ്ഥാനങ്ങളിൽനിന്നുമുള്ള വൈദികരുമായി ബന്ധപ്പെടുവാൻ അവസരമായി.

തോട്ടുങ്കൽ ഐസക് ശെമ്മാശൻ 1986 ജൂൺ 11–ാം തീയതി മുക്കൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക ദൈവാലയത്തിൽ വച്ച് അന്നത്തെ ബത്തേരിരൂപതാധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ കൈവ

യ്പിനാൽ വൈദികനായി അഭിഷിക്തനായി. 1986-88 കാലത്ത് പഠനത്തോടൊപ്പം ബാംഗ്ളൂരിലെ ആദ്യത്തെ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ രൂപീകരണവും അദ്ദേഹം നിർവഹിച്ചു.

ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനായി ഫാ. ഐസക് തോട്ടുങ്കലിനെ മെത്രാപ്പോലീത്താ നിത്യ നഗരമായ റോമിലേക്കയച്ചു. സെന്റ് തോമസ് പൊന്തിഫിക്കൽ സർവകലാശാലയിൽ എക്യുമെനിസത്തെക്കുറിച്ച് ഗവേഷണം നടത്തി 1997-ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. റവ. ഡോ. ഐസക് തോട്ടുങ്കൽ ബത്തേരിരൂപതയിൽ വഹിച്ചിട്ടുള്ള പദവികളും ചെയ്തിട്ടുള്ള ശുശ്രൂഷകളും അനവധിയാണ്. അദ്ദേഹം നിറവേറ്റിയിട്ടുള്ള സേവനങ്ങൾ ശ്രദ്ധേയമായിരുന്നു. അദ്ദേഹത്തിന്റെ പ്രേഷിതശുശ്രൂഷകളുടെ പ്രേരക ഘടകം എപ്പോഴും എല്ലായിടത്തും ഒന്നു തന്നെയായിരുന്നു. ദൈവമഹത്ത്വം, സഭയുടെ വളർച്ച, ആത്മാക്കളുടെ രക്ഷ.

മെത്രാഭിഷേകം 2001 ഓഗസ്റ്റ് 15-ാം തീയതി മാതാവിന്റെ സ്വർഗാരോപണ തിരുനാളിൽ ഭാരതത്തിന്റെ 54-ാം സ്വാതന്ത്ര്യദിനത്തിൽ മലങ്കര പുനരൈക്യത്തിന്റെ ഈറ്റില്ലവും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും പുണ്യശ്ലോകൻ തോമസ് മാർ ദിയസ്കോറോസ് പിതാവിന്റെയും ജീവിതം കൊണ്ടു വിശുദ്ധീകരിക്കപ്പെട്ട തിരുമൂലപുരം സെന്റ് മേരീസ് ഇടവക മൈതാനിയിലായിരുന്നു എന്നത് ചരിത്രത്തിന്റെ ഒരു അപൂർവ സവിശേഷതയായിരുന്നു.

തിരുവല്ലാ രൂപതാധ്യക്ഷസ്ഥാനത്തുനിന്ന് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത വിരമിച്ച സ്ഥാനത്തേക്ക് 2003 സെപ്റ്റംബർ 11-ാം തീയതി പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്തായെ തിരുവല്ലാ അതിരൂപതയുടെ മെത്രാനായി നിയമിച്ചു. 2006 ജൂൺ 10-ന് സ്ഥാനാരോഹണം നടന്നു. അദ്ദേഹം തിരുവല്ലായിൽ മെത്രാപ്പോലീത്തായും മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പുമായി ശുശ്രൂഷ ചെയ്ത മൂന്നര വർഷക്കാലം തിരുവല്ലായുടെ വസന്തകാലമായിരുന്നു. ഈ കാലഘട്ടത്തിൽ മധ്യതിരുവിതാംകൂറിലെ സർവജനവിഭാഗങ്ങളുമായി ഉടലെടുത്ത ബന്ധവും ഹൃദയ അടുപ്പവും തന്റെ വൈദിക മേലധ്യക്ഷശുശ്രൂഷാ കാലത്തെ ഏറ്റവും അമൂല്യ നിധിയായി അദ്ദേഹം വിലമതിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ കാതോലിക്കാ ബാവാ കാലം ചെയ്തപ്പോൾ ഒഴിവു വന്ന സ്ഥാനത്തേക്ക് സഭയുടെ പരിശുദ്ധ സുന്നഹദോസിലൂടെ പരിശുദ്ധാത്മാവ് തെരഞ്ഞെടുത്തത് ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്തായെ ആണ്.

ഫെബ്രുവരി 9-ാം തീയതി പരിശുദ്ധ മാർപാപ്പായുടെ അംഗീകാരത്തോടെ തെരഞ്ഞെടുപ്പു വാർത്ത പ്രഖ്യാപിച്ചു. നിയുക്ത കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം 2007 മാർച്ച് അഞ്ചാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. ബസേലിയോസ് ക്ലീമിസ് എന്ന പേരും അദ്ദേഹം സ്വീകരിച്ചു. ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ വ്യക്തിപ്രഭാവവും സഹിഷ്ണുതയും സമഭാവനയും ഉൾക്കൊള്ളുന്ന ജീവിതവീക്ഷണവും സഹവർത്തിത്വത്തിന്റെ പ്രവർത്തന ശൈലിയും ഭാരതത്തിന്റെ അതിരുകൾക്കപ്പുറം അറിയപ്പെടാനും അംഗീകരിക്കപ്പെടാനും തുടങ്ങി. സാർവത്രിക സഭയിൽ അദ്ദേഹം കൂടുതൽ കൂടുതൽ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. 2012 ഒക്ടോബർ 23 ചൊവ്വാ, നവസുവിശേഷവത്കരണത്തെക്കുറിച്ച് നടക്കുന്ന സിനഡിൽ സംബന്ധിച്ചു കൊണ്ടിരിക്കുന്ന അവസരത്തിലാണ് പരി.ബനഡിക്ട് 16-ാം മൻ മാർപാപ്പ തന്നെ കർദ്ദിനാൾ സംഘത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചെന്ന് അറിയുന്നത്. 2012 നവംബർ 24-ന് റോമിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ നടന്ന കർദിനാൾ സ്ഥാനസ്വീകരണ കർമത്തിൽ പങ്കടുത്തവരുടെ പ്രത്യേകതകൾ കൊണ്ടും ബാഹുല്യംകൊണ്ടും ക്ലീമിസ് ബാവാ പ്രത്യേകം ശ്രദ്ധേയനായി. ഭാരതസർക്കാർ അഞ്ചംഗ ഔദ്യോഗിക സംഘത്തെ അയച്ചു .വിവിധ മതരാഷ്ട്രീയ നേതാക്കന്മാർ പങ്കെടുത്ത ആ സ്ഥാനാരോഹണം അവിസ്മരണീയമായിരുന്നു.



## ഐക്യത്തിന്റെ പതറാത്ത സ്വരം

മലങ്കര സഭാംഗം എന്നതിൽ അഭിമാനിയാണദ്ദേഹം. രണ്ടായിരം വർഷങ്ങൾക്കപ്പുറം കർത്താവിന്റെ അപ്പോസ്തലനിൽ നിന്ന് നേരിട്ട് വിശ്വാസം സ്വീകരിക്കുകയും ഈ നാടിന്റെ ജീവിതരീതികളിലൂടെയും സാംസ്കാരിക പൈതൃകങ്ങളിലൂടെയും വളരുകയും ഇതര ജനവിഭാഗങ്ങളുമായെല്ലാം

ഇതര സഭാനേതൃത്വത്തോടു മാത്രമല്ല, സഭാത നയരോടും ഇതര മതസ്ഥരോടും സമുദായങ്ങളോടും അദ്ദേഹം പുലർത്തുന്ന ആത്മബന്ധം അനുകരണീയമാണ്. തന്റെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ഉദാത്തങ്ങളായി കരുതുമ്പോഴും മറ്റുള്ളവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ആദരവോടെ കാണുവാനുള്ള ഹൃദയവിശാലതയ്ക്കുടമയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ മെത്രാഭിഷേകത്തിനു മുമ്പും കാതോലിക്കാ സ്ഥാനാരോഹണത്തിനു മുമ്പും കേരളത്തിലെ എല്ലാ സഭാതലവന്മാരെയും സന്ദർശിച്ച് അനുഗ്രഹം തേടുകയും ക്ഷണിക്കുകയും ചെയ്തത് വിവിധ സഭകളുമായുള്ള ബന്ധവും സഹകരണവും ഒന്നിച്ചുള്ള ശുശ്രൂഷകളും അദ്ദേഹം എത്രമാത്രം വിലമതിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. എല്ലാ സഭാധ്യക്ഷന്മാരുമായും വളരെ ഊഷ്മളമായ ബന്ധമാണ് അദ്ദേഹത്തിനുള്ളത്. മാർതോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയുമായുള്ള ആത്മബന്ധം പ്രസിദ്ധമാണ്. അത് മാർ ക്രിസോസ്റ്റം മാർതോമ്മാ വലിയ മെത്രാപ്പോലീത്തയുടെ 95-ാം പിറന്നാൾ ആഘോഷം 2012 മെയ് 2-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആസ്ഥാനമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽവച്ച് ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ ആതിഥേയത്വത്തിൽ നടത്തിയതാണ്. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിനെ കർദ്ദിനാളായി ഉയർത്തുന്ന വാർത്ത പുറത്തുവന്നപ്പോൾ സ്ഥാനാരോഹണ കർമ്മത്തിൽ പങ്കെടുക്കുവാൻ വത്തിക്കാനിലേക്കു പോകുന്നതിന് മറ്റാരെയുംകാൾ മുമ്പേ ടിക്കറ്റ് എടുത്തതു ബാവാതിരുമേനിയായിരുന്നു. സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ തിരുമേനി കാലം ചെയ്തവിവരം അറിഞ്ഞ് ബാംഗ്ളൂരിൽ ആയിരുന്ന ബാവാ നേരെ എറണാകുളത്തെത്തി പ്രാർത്ഥന നടത്തിയത് ഓർക്കുന്നു. ഇതെല്ലാം അദ്ദേഹത്തിന്റെ സഭാസ്നേഹം വിളിച്ചറിയിക്കുന്ന ഏതാനും ചില സംഭവങ്ങൾ മാത്രം.

സൗഹാർദ്ദത്തിൽ കഴിയുകയും ചെയ്ത ഉദാത്ത പൈതൃകത്തിന്റെ അവകാശികളാണ് മലങ്കര സഭാമക്കൾ എന്ന ചരിത്രയാഥാർത്ഥ്യം ഉയർത്തിക്കാട്ടുന്നതിൽ ശ്രദ്ധാലുവാണദ്ദേഹം. മാർത്തോമ്മാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന മലങ്കര മക്കൾ എല്ലാവരും ഒന്നു ചേർന്ന് ഈ ചരിത്ര സത്യം പ്രഘോഷിക്കുവാൻ ഇടയാകണം എന്നാണദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അംഗവും ഇടയനും ഇടയശ്രേഷ്ഠനും തലവനും പിതാവും കർദിനാളുമൊക്കെയായി ശുശ്രൂഷ ചെയ്യുമ്പോഴും അദ്ദേഹത്തെ ആവാഹിച്ചിരിക്കുന്ന ചിന്ത ഈ ഒത്തുചേരലാണ്. സുൽത്താൻ ബത്തേരിയിൽ എക്യൂമെനിക്കൽ ഫോറം രൂപീകരണവും നോർത്ത് അമേരിക്കയിൽ 'ഇന്ത്യൻ ക്രിസ്ത്യൻ ഫോറം', സെന്റ് തോമസ് എക്യൂമെനിക്കൽ ഫെഡറേഷൻ ഓഫ് ഇന്ത്യാ എന്നീ സംഘടനകളിലെ പ്രവർത്തനവും നേതൃത്വവും അദ്ദേഹത്തിന്റെ സഭൈക്യ താല്പര്യത്തിന്റെ അടയാളങ്ങളാണ്. 2001 ഓഗസ്റ്റ് 15-ന് മെത്രാഭിഷേക കർമത്തിനു ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ഓർത്തഡോക്സ് സഭയുടെ അന്നത്തെ കാതോലിക്കാ, ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം നടത്തിയ പ്രസ്താവന ഇപ്പോഴും മനസിൽ മുഴങ്ങുന്നു. 'പരിശുദ്ധ ബാവാ തിരുമേനിയോടൊപ്പം പരിശുദ്ധ കത്തോലിക്കാസഭയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ സാധിക്കുന്ന സുദിനത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'.

2008 സെപ്റ്റംബർ 21-ാം തീയതി റാന്നിയിൽ വച്ചു നടത്തിയ 78-ാം പുനരൈക്യ വാർഷികാഘോഷത്തിന്റെ പൊതുസമ്മേളനത്തിൽ ബസേലിയോസ് ക്ലീമിസ് ബാവാ നടത്തിയ അധ്യക്ഷ പ്രസംഗത്തിലെ ഒരു ഭാഗം ഇന്നും എന്റെ കർണപുടത്തിൽ മുഴങ്ങുന്നു. 'മലങ്കരയിലെ അന്ത്യോക്യൻ സുറിയാനി ആരാധന പൈതൃകം പിന്തുരടുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ എല്ലാവരും ഒന്നു ചേർന്ന് യേശുവിന് ധീരസാക്ഷ്യം നൽകുന്ന സുദിനത്തിനായി ഞാൻ പ്രാർത്ഥനാപൂർവം കാത്തിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അസ്തിത്വത്തിന്റെ ലക്ഷ്യം തന്നെ അതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവൻ കാതോലിക്കായായി ഉയർത്തപ്പെട്ടത് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തലവനായ പരിശുദ്ധ കാതോലിക്കാ ബാവായുടെ പുനരൈക്യത്തിനുള്ള സാദ്ധ്യതയ്ക്ക് മങ്ങലേല്പിക്കുകയില്ലേ എന്ന് ആശങ്കപ്പെടുന്നവരുണ്ട്. ഒരുകാര്യം അസന്നിഗ്ദ്ധമായി ഞാൻ നിങ്ങളെ എല്ലാവരെയും സാക്ഷിയാക്കി പ്രഖ്യാപിക്കുകയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി എന്നു പുനരൈക്യപ്പെടാൻ തയ്യാറാകുന്നുവോ അന്നു ഞാൻ സ്ഥാനത്യാഗം ചെയ്ത് അദ്ദേഹത്തിന്റെ കീഴിൽ ശുശ്രൂഷ ചെയ്യും'. പതിനായിരങ്ങൾ വമ്പിച്ച കരഘോഷത്തോടെയാണ് ആ പ്രഖ്യാപനത്തെ സ്വാഗതം ചെയ്തത്. ഇത് ചരിത്രത്തിൽ മുഴങ്ങിയ അദ്ദേഹത്തിന്റെ സ്വരമാണ്.

## ഉപസംഹാരം

സ്വപ്നങ്ങൾക്കുപോലുമപ്പുറത്തേക്ക് ദൈവം ഉയർത്തിയ ഇടയൻ. ഈ ഉയർച്ചയിലും കാത്തുസൂക്ഷിക്കുന്നത് ആദ്രതയുടെയും കരുതലിന്റെയും സ്നേഹത്തിന്റെയും മുഖം. മാർത്തോമ്മാ പൈതൃകത്തിന്റെ അഭിമാനബോധം സിരകളിൽ തിളക്കുമ്പോഴും അവ വാക്കുകളിൽ പ്രതിഫലിക്കുമ്പോഴും സഭയുടെ യോജിപ്പിന് എന്ത് വിട്ടുവീഴ്ച്ചയ്ക്കും അദ്ദേഹം തയ്യാർ. പാർശ്യവൽക്കരിക്കപ്പെട്ടവരുടെ ഇടയിലേക്ക് ഇറങ്ങുമ്പോൾ മതമോ ഭാഷയോ വർഗ്ഗമോ വർണ്ണമോ അദ്ദേഹത്തെ പിന്നിലേക്ക് പിന്തിരിപ്പിക്കുന്ന ഘടകങ്ങളല്ല. ഹൃദ്യമായ ഒരു പുഞ്ചിരിയെങ്കിലും നല്കാതെ അദ്ദേഹം ആരേയും യാത്രയയ്ക്കാറില്ല.

●



**സീറോ മലബാർ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി.**

# ഐക്യത്തിന്റെ ഇഴ തുന്നുന്ന ശുശ്രൂഷകൻ

**ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ**

സ്വത്വബോധവും സഭാബോധവും സമൃദ്ധമായി സമ്മേളിക്കുന്ന ഒരു ക്രൈസ്തവ സാംസാക്കാരിക പശ്ചാത്തലം മദ്ധ്യകേരളത്തിനുണ്ട് എന്നു തോന്നുന്നു. സാമുദായികബോധം ഇന്ന് അത്ര ആശാസ്യമല്ലാത്തതായി ചിത്രീകരിക്കപ്പെടുന്നുണ്ടെങ്കിലും കേരളത്തിന്റെ സാമൂഹ്യ സാസ്ക്കാരിക വിദ്യാഭ്യാസ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ സാമുദായിക ബോധത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. മലയാളി മെമ്മോറിയലും (1890) ഈഴവ മെമ്മോറിയലും (1891) അതേ തുടർന്നു രൂപം കൊണ്ട എസ്.എൻ ഡി.പി യും (1896) എൻ.എസ്.എസും (1913) യോഗക്ഷേമ സഭയും (1904) നമ്മുടെ നാടിന് നല്കിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. സഭൈക്യ സംരംഭങ്ങളിൽത്തന്നെയും ഈ സ്വത്വ ബോധം ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട് എന്നു കാണാം. പാറേമ്മാക്കൽ ഗവർണ്ണദോറിന്റെയും കരിയാറ്റിൽ മെത്രാന്റെയും യാത്രാവിവരണവും നിധീരിമാണിക്കത്തനാരും മാർ ദിവന്നാസിയൂസും ഒക്കെചേർന്ന് രൂപം കൊടുത്ത ജാതൈക്യ സംഘത്തിന്റെ രൂപരേഖയുമെല്ലാം ഇതുസാക്ഷ്യപ്പെടുത്തുന്നുണ്ട്.

അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരിൽ പിതാവ് ഈ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് സമൂഹത്തിനും സഭക്കും നേതൃത്വം നല്കുന്ന വ്യക്തിയാണ്. സീറോമലബാർ സഭയുടെ പിതാവും തലവനുമായി ശുശ്രൂഷ ചെയ്യുമ്പോൾത്തന്നെ ആ ശുശ്രൂഷയിൽ അടങ്ങിയിരിക്കുന്ന സഭൈക്യ ദർശനം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന വ്യക്തി കേരളത്തിലെ വിവിധ ക്രൈസ്തവ സഭാ നേതൃസ്ഥാനീയരെ ഒരുമിച്ചുകൂട്ടി പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് പൊതു സാക്ഷ്യത്തിന് വേദികൾ തീർക്കുന്നതിൽ അദ്ദേഹം ശ്രദ്ധിക്കുന്നു. ലോകമെമ്പാടുമുള്ള സഭൈക്യസംരംഭങ്ങളെ ശ്രദ്ധാപൂർവ്വം പഠിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാവ് സഭൈക്യത്തിന് തനതു മാതൃകകൾക്ക് ഇവിടെ രൂപം നല്കിക്കൊണ്ടിരിക്കുന്നു.

പുനരൈക്യത്തിന് നൂറ്റാണ്ട് മുമ്പ് സഭൈക്യത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചു പ്രവർത്തിച്ച വൈദികരുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായ ചങ്ങനാശ്ശേരിയുടെ പ്രാന്തപ്രദേശമായ തുരുത്തിയിൽ 1949 ൽ ജനിച്ച ആലഞ്ചേരി പിതാവിന്റെ രണ്ടു സഹോദരന്മാർ വൈദികരും ഒരു സഹോദരി സന്യാസസമൂഹാംഗവുമായി സമർപ്പിത ജീവിതം നയിക്കുന്നവരാണ്. ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിലെ പഠനത്തിന് ശേഷം പാറേൽ മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിന്റെ ആരംഭം കുറിച്ച പിതാവ് തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ നിന്നും ഇക്ണോമിക്സിൽ രണ്ടാം റാങ്കോടെ ബിരുദം സമ്പാദിക്കുകയും ചെയ്തു. തത്വശാസ്ത്രവും ദൈവശാസ്ത്രവും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പഠിച്ച പിതാവ് 1972 ഡിസംബർ 18ന് വൈദിക പട്ടം അഭിവന്ദ്യ പടിയറ പിതാവിൽ നിന്നും സ്വീകരിച്ചു. തുടർന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദപഠനം ഒന്നാം റാങ്കോടെ അതേ സെമിനാരിയിൽ പൂർത്തിയാക്കി. അതിനു ശേഷം പിതാവ് രണ്ടുവർഷക്കാലം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ടിച്ച വേളയിൽ നഗരത്തിന്റെ പുറത്തുള്ള പിന്നോക്ക മേഖലയായിരുന്ന വെട്ടിത്തുരുത്ത് കുരിശുപള്ളിയിൽ സേവനം അനുഷ്ടിച്ചത് അവിടുത്തുകാർ ആവേശത്തോടെ ഇന്നും അനുസ്മരിക്കുന്നു.

പാലാരിവട്ടത്ത് പി.ഒ.സി.യിൽ മതബോധന കമ്മീഷന്റെ സെക്രട്ടറിയായി തുടർന്ന് പിതാവ് നിയമിതനായി അവിടെ നിന്നും മൂന്നു വർഷങ്ങൾക്ക് ശേഷം ദൈവശാസ്ത്രത്തിൽ ഉന്നതപഠനത്തിനായി പിതാവ് ഫ്രാൻസിലെ പാരീസിലേക്കു യാത്രയായി. അവിടെ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു ഇപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനിയും കോട്ടയം പഴയ സെമിനാരിയിലെ അദ്ധ്യാപകനായ ആരാധനാക്രമ പണ്ഡിതൻ റവ.ഡോ.ബേബി വർഗീസും എന്നത് ശ്രദ്ധേയമാണ്. പാരീസിൽ നിന്നും പ്രശസ്തമാം വിധം ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ട്രേറ്റ് നേടി തിരിച്ചെത്തിയ പിതാവ് ആദ്യം പൗവ്വത്തിൽ പിതാവിന്റെ സെക്രട്ടറിയായും തുടർന്ന് അധികം താമസിയാതെ തന്നെ കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായും പാലാരിവട്ടം പി.ഒ.സി. യുടെ ഡയറക്ടറായും ഉത്തരവാദിത്വം എടുത്തു. ഇക്കാലയളവിലാണ് പി.ഒ.സിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ട ആശയ സാമ്പത്തിക സമാഹരണം നടന്നതെന്ന കാര്യം ശ്രദ്ധേയമാണ്.

പി.ഒ.സി. യിലെ തന്റെ സേവന വേളയിലും പിതാവ് ആലുവയിലെ പൊന്തിഫിക്കൽ സെമിനാരിയിൽ ചില ക്ലാസുകൾ നയിച്ചിരുന്നു. 1993 ൽ അവിടെ നിന്നും വടവാതൂർ സെ. തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ അദ്ധ്യാപകനായി പ്രവർത്തനം ആരംഭിച്ചു. അവിടെ അക്കാലത്ത് ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയിരുന്ന യാക്കോബായ സഭയിലെ പല മെത്രാൻമാർക്കും അദ്ദേഹം അദ്ധ്യാപകനായിരുന്നുവെന്നത് അവർ അഭിമാനത്തോടെ അനുസ്മരിക്കാറുണ്ട്.

1994ൽ പിതാവ് ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രൊട്ടോസിഞ്ചെള്ളൂസ് ആയി നിയമിതനായി. അഭിവന്ദ്യ പവ്വത്തിൽ പിതാവിനോട് ചേർന്ന് അക്കാലയളവിൽ നിലക്കൽ എക്കുമിനിക്കൽ ട്രസ്റ്റിലും എക്കുമിനിക്കൽ വൈദിക സമ്മേളനത്തിലും ഒക്കെ ആലഞ്ചേരി പിതാവ് സംഘാടകനായിരുന്നു. മറ്റു സഭാതലവന്മാരുമായും നല്ല സൗഹൃദം വളർത്തിയെടുക്കാൻ അദ്ദേഹത്തിന് അതുവഴി കഴിഞ്ഞു. ചങ്ങനാശ്ശേരിയിൽ നിന്നും 1996 ൽ പുതുതായി രൂപംകൊണ്ട തക്കലരൂപതയുടെ അദ്യ മെത്രാനായി നിയമിതനായ പിതാവിനെ 1997 ഫെബ്രുവരി 2-ാം തീയതിയാണ് മെത്രാനായി മാർ ജോസഫ് പൗവ്വത്തിൽ ആഭിഷേകം ചെയ്തത്. അവിടെ മിഷൻ പ്രവർത്തനങ്ങളെയും ഇടവക പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും എല്ലാവിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു. പുതിയ ഇടവകകളും മിഷൻകേന്ദ്രങ്ങളും പിതാവിന്റെ നേതൃത്വത്തിൽ രൂപമെടുത്തു.


2011 ഏപ്രിൽ 10-ാം തീയതി മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിധയത്തിൽ നിര്യാതനായതിനെ തുടർന്ന് സീറോമലബാർ മെത്രാൻമാർ ഒന്നുചേർന്ന് മെയ്യ് 29-ാം തീയതി ആഭിവന്ദ്യ ആലഞ്ചേരിൽ പിതാവിനെ സീറോ മലബാർ സഭയുടെ തലവനും പിതാവുമായി തിരഞ്ഞെടുത്തു. തുടർന്ന് പരിശുദ്ധ ബനഡിക് 16-ാമൻ മാർപ്പാപ്പ ആലഞ്ചേരിൽ പിതാവിനെ കർദ്ദിനാൾ പദവി നല്കി ആദരിച്ചു.

തനിക്കേല്പിക്കപ്പെട്ട മേഖലയിലെല്ലാം അനിതരസാധാരണമായ പ്രവർത്തന വൈഭവവും നേതൃത്വവും പ്രദർശിപ്പിച്ചിട്ടുള്ള ആലഞ്ചേരിൽ പിതാവ് മേജർ ആർച്ചു ബിഷപ്പായി സ്ഥാനം ഏറ്റതിനു ശേഷം പലപ്രാവിശ്യം കേരളത്തിലെ എല്ലാ കത്തോലിക്കാ അകത്തോലിക്കാ സഭകളുടെയും തലവന്മാരെ വിളിച്ചുകൂട്ടി പൊതു താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും പൊതുനിലപാടുകൾക്ക് രൂപം നല്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭ, മലങ്കര യാക്കോബായ സഭ, മാർത്തോമ്മാസഭ, സി.എസ്.ഐ. സഭ, തൃശ്ശൂരെ അസ്സീറിയൻ സഭ എന്നീ സഭകളുടെ തലവന്മാരും സീറോമലബാർ, മലങ്കര, ലത്തീൻ കത്തോലിക്കാ സഭകളുടെ തലവന്മാരു ചേർന്ന് ഒരു കൗൺസിലിന് അദ്ദേഹം രൂപം നല്കി. ഇപ്പോൾ സഭകളുടെ പൊതു സാക്ഷ്യത്തിന് വേദികളായ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ, മദ്യവിരുദ്ധ സമിതി തുടങ്ങിയവയെ കൂടുതൽ ഏകോപിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നല്കുന്ന ശ്രമത്തിലാണ് അഭിവന്ദ്യപിതാവ്.

■

# മാർത്തോമ്മൻ പൈതൃകത്തിന്റെ കർമ്മയോഗി

“കുന്നംകുളം എന്റെ ആത്മീയതയെ പരിപോഷിപ്പിച്ച ജന്മനാടാണ്. മലങ്കര സഭയ്ക്ക് പുതിയ ദിശാബോധം നൽകി നയിച്ച പരിശുദ്ധ പുലിക്കാട്ടിൽ തിരുമേനിമാരുടെ ജീവിതവും ദർശനവും എന്റെ ആത്മീയ ജീവിതത്തിലും ദർശന രൂപീകരണത്തിലും ചെലുത്തിയ സ്വാധീനം വളരെ വലുതാണ്.”



**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ**



**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

ആഗോളമായി വ്യാപിച്ച ഭാരതത്തിലെ തദ്ദേശീയ ക്രൈസ്തവ സമൂഹമായ മലങ്കര ഓർത്തഡോക്സ് സഭയുടെ 21-ാമത് മലങ്കര മെത്രാപ്പോലീത്തയായും 91-മത് കാതോലിക്കയായും സ്ഥാനാരോഹണം ചെയ്ത പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കായുടെ സ്ഥാനാരോഹണ പ്രഭാഷണത്തിൽ 2010 നവംബർ ഒന്നിന് പറഞ്ഞ വാക്കുകളാണിത്.

മലങ്കര സഭയുടെ ചരിത്രം ‘കുന്നംകുള’വുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിപ്പാർത്ത പ്രാചീന നഗരമായ ‘കുന്നംകുളങ്ങര’ ബ്രിട്ടീഷ് ഭരണകാലത്താണ് ‘കുന്നംകുളം’ എന്നറിയപ്പെട്ടത്. കുന്നുകളും കുളങ്ങളും നിറഞ്ഞ പ്രദേശമാണ് കുന്നംകുളം. കുന്നംകുളത്ത് നിന്നും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന ഭരണസാരഥ്യം ഏറ്റെടുത്ത പ്രഗത്ഭരായ രണ്ട് മെത്രാപ്പോലീത്തന്മാരുണ്ട്. ഇരുന്നൂറ് വർഷം പഴക്കമുള്ള പഴയ സെമിനാരി സ്ഥാപകൻ പുലിക്കാട്ടിൽ ജോസഫ് മാർ ദിവന്നാസിയോസും ( - 1816), കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി എന്നിവയുടെ സ്ഥാപകൻ പുലിക്കാട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനും (1833-1909). ഇവർ മലങ്കര മെത്രാപ്പോലീത്തന്മാരായി സഭയെ സുധീരമായി നയിച്ചു.

മൂന്നാം സഹസ്രാബ്ദത്തിൽ മലങ്കര സഭയെ നയിക്കുന്നതിന് കുന്നംകുളം മലങ്കര സഭയ്ക്ക് നൽകിയ മൂന്നാമത്തെ പ്രധാന മേൽപ്പട്ടക്കാരനാണ് മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

തിരുവല്ലയിൽ 1982 ഡിസംബർ 28-ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എറണാകുളം സെന്റ് മേരീസ് പള്ളിയുടെ

സഹവികാരി (1976–1983) ഫാ. കെ. ഐ. പോളിനെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുമ്പോൾ പ്രായം മുപ്പത്തിയാറ് വയസ് മാത്രം. 1985 –ൽ ആരംഭിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല 39–ാം വയസ്സിൽ സ്വീകരിച്ചു. നിയുക്ത കാതോലിക്കാ സ്ഥാനം 60–ാം വയസിൽ ലഭ്യമായി. നാലു വർഷം നിയുക്ത കാതോലിക്കായായി ശുശ്രൂഷിച്ചു (2006–2010).

2010 നവംബർ ഒന്നിന് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്യുമ്പോൾ പ്രായം 64. ഏറ്റവും ചെറുപ്രായത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനമേൽക്കുവാനുള്ള വിളിയും നിയോഗവും ലഭിച്ചു.

പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജീവിതത്തിൽ പ്രകാശം പരത്തുന്ന ചില ദർശനങ്ങൾ അത്യാകർഷകമാണ്.

### 1. ആത്മാർത്ഥതയും സുതാര്യതയും

ആത്മാർത്ഥമായും സുതാര്യമായും സഭയെ നയിക്കുക എന്നതാണ് പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രമാണം. കൃത്രിമത്വമില്ലാത്ത സംഭാഷണ ശൈലിയും സത്യസന്ധമായ പ്രതിപാദനരീതിയും വെളിപ്പെടുത്തുന്നത് ജീവിതത്തിന്റെ സുതാര്യതയാണ്. കൗശലങ്ങൾ ഉപയോഗിക്കാതെ സത്യസന്ധമായും സുതാര്യമായും ഇടയ ദൗത്യം നിർവഹിക്കുന്നു. ജീവിതത്തിൽ ആത്മാർത്ഥതയും സത്യസന്ധതയും മുറുകെ പിടിക്കുവാനുള്ള ബാലപാഠം കുടുംബത്തിൽ നിന്നും ലഭിച്ചതാണ്. സാമൂഹിക സഭാ ശുശ്രൂഷകളിൽ ഉറച്ച നിലപാടുകളും നീതിപൂർവ്വമായ സമീപനവും ലഭ്യമായത് കുടുംബ പശ്ചാത്തലത്തിൽ സ്വാംശീകരിച്ച ജീവിതചുറ്റുപാടിൽ നിന്നുമാണ്. ജീവിത നിഷ്ഠകളിലും ഇടപെടലുകളിലും നിറഞ്ഞു നിൽക്കുന്ന ലാളിത്യം ദൈവിക കൃപകളുടെ പ്രകാശമാണ്.

പ. ബാവയിൽ പ്രതിഫലിക്കുന്ന വിടർന്ന പുഞ്ചിരിയും തുറന്ന മനസ്സും നിഷ്കളങ്കമായ സൗന്ദര്യത്തിന്റേതാണ്. "പ. ബാവാ തിരുമേനിക്ക് 'നേരെ' പറയാനും 'നേരു' പറയാനുമുള്ള കഴിവ് സ്വതസിദ്ധമായത് മലങ്കര സഭയ്ക്ക് അനുഗ്രഹമാണെന്ന്" ഫാ. ഡോ. കെ. എം. ജോർജ് എഴുതിയത് വളരെ പ്രസക്തമാണ്. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സമീപനത്തിന്റെ അകവും പുറവും സുതാര്യം. തെറ്റെന്ന് തോന്നിയാൽ ആരോടും നേരിട്ട് അത് പറയും. അവയുടെ അവതരണത്തിലും ഭാഷയിലും കാപട്യമോ തന്ത്രങ്ങളോ ഉണ്ടായിരിക്കില്ല. അവ തുറന്ന മനസ്സോടും ആത്മാർത്ഥതയോടുമുള്ള നിരീക്ഷണങ്ങളായിരിക്കും. പ്രത്യേകിച്ച് സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്ക് ഏവർക്കും ആത്മാർത്ഥതയും സുതാര്യതയും ഉണ്ടാകണമെന്നും പ. ബാവാ ഉറച്ചു വിശ്വസിക്കുന്നു.

### 2. നിഷ്ഠയായ ആരാധനാ ജീവിതം

വിശ്വാസ ആചാരാനുഷ്ഠാനങ്ങളിൽ കൃത്യമായ നിലപാട് പുലർത്തിയ കുടുംബ പശ്ചാത്തലത്തിൽ വളർന്നതിനാൽ പ. പൗലോസ് ദ്വിതീയൻ ബാവായ്ക്ക് നിഷ്ഠയായ ആരാധനാ ജീവിതശൈലിയാണ്. ബാല്യത്തെക്കുറിച്ച് അദ്ദേഹം എഴുതി: "പള്ളിയാരാധന, സൺഡേ സ്കൂൾ, വായനായോഗം എന്നിവയിൽ മക്കളായ ഞങ്ങൾ കൃത്യമായി പങ്കെടുത്തു. ശനിയാഴ്ച സന്ധ്യമുതൽ ഞായറാഴ്ച സന്ധ്യവരെ സ്കൂൾ പാഠങ്ങൾ പഠിക്കുവാൻ അനുവാദം ഇല്ല. ആരാധനാ ഗീതങ്ങൾ, വേദവായന, സൺഡേ സ്കൂൾ പാഠങ്ങൾ എന്നിവ പഠിക്കണം".


കുടുംബത്തിൽ ആദ്ധ്യാത്മിക ശിക്ഷണവും പ്രാർത്ഥനാനുഭവവും ലഭ്യമായതിനാൽ വൈദിക ജീവിതത്തിലേക്ക് ആകൃഷ്ടനായി. ആത്മീയ ജീവിതം പൂർണ്ണമാകണമെങ്കിൽ എപ്പോഴും ഹൃദയത്തിൽ ദൈവം ഉണ്ടായിരിക്കണമെന്നാണ് പ. ബാവായുടെ പ്രബോധനം. ദൈവഹിതത്തിന് കീഴ്പ്പെടുവാൻ നിഷ്ഠയായ ആരാധനാ ജീവിതം അനിവാര്യമാണ്. അതൊട്ടും പ്രകടനപരമാകരുതെന്നും പഠിപ്പിക്കുന്നു. പ്രകടനപരതയും ഉപരിപ്ലവതയും സൃഷ്ടിക്കുന്ന നൈമിഷികമായ ആത്മീയ അനുഭവങ്ങളെ അദ്ദേഹം നിഷേധിക്കുന്നു. ഏതു പ്രതിസന്ധിയെയും അതിജീവിക്കുവാൻ ശക്തമായ ആത്മീയ അടിത്തറയാണ് സഭയുടെ ആരാധന അടിസ്ഥാനം. പ്രതിസന്ധികളിലൂടെ ദൈവജനത്തെ നയിച്ച മോശയാണ് പ. ബാവായെ സ്വാധീനിക്കുന്ന പ്രധാന ബൈബിൾ നായകൻ.

### 3. മാർത്തോമ്മൻ പൈതൃകത്തിന്റെ കർമ്മയോഗി

മലങ്കര ഓർത്തഡോക്സ് സഭ തദ്ദേശീയവും ദേശീയവും ആഗോളവുമാണ്. മലങ്കര സഭ 'ആഗോളം' എന്നു പറയുമ്പോഴും അന്തർലീനമായിരിക്കുന്നത് ദേശീയമായ സ്വഭാവധാരയാണെന്ന് പ. ബാവാ പറയുന്നു. ലോകത്തിന്റെ ഏതു കോണിലായാലും നിലനിർത്തേണ്ടത് മലങ്കരയുടെ പൈതൃകവും വിശ്വാസരീതികളും ആയിരിക്കണം. അതിനാൽ സഭ ഒരേ സമയം ദേശീയവും ആഗോളവുമാണ്. പുതിയ തലമുറ എവിടെ ഉണ്ടായാലും അവരുടെ അഭിരുചിക്ക് അനുസൃതമായി സഭാപാരമ്പര്യത്തെ വ്യതിചലിപ്പിക്കരുതെന്നും മലങ്കര സഭയുടെ പാരമ്പര്യത്തിൽ അടിയുറച്ചു ജീവിക്കാൻ പരിശീലിപ്പിക്കണമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

മലങ്കര സഭയുടെ മാർത്തോമ്മൻ പൈതൃകത്തിന്റെയും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിന്റെയും കർമ്മയോഗിയാണ് പ. കാതോലിക്കാ ബാവാ. മലങ്കര സഭയുടെ സ്വാതന്ത്ര്യവും സ്വത്വവും സംരക്ഷിച്ച് പരമാധികാരമുള്ള ദേശീയ സഭയായി മലങ്കര ഓർത്തഡോക്സ് സഭയെ സംരക്ഷിക്കുകയാണ്, സഭാദൗത്യം. മാർത്തോമ്മൻ പൈതൃകം ഉൾക്കൊണ്ട് സഭാ വിശ്വാസികൾ സത്യത്തിനും ധർമ്മത്തിനും നീതിക്കുവേണ്ടിയും അക്ഷീണം പ്രവർത്തിക്കണമെന്ന് എപ്പോഴും ആഹ്വാനം ചെയ്യാറുണ്ട്. മലങ്കരസഭയ്ക്ക് എന്ത് പ്രതിസന്ധികൾ ഉണ്ടായാലും അതിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും

## പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ



*കുന്നംകുളം പഴഞ്ഞി മങ്ങാട്ട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെയും കുഞ്ഞീറ്റിയുടെയും മകനായി 1946 ഓഗസ്റ്റ് 30-ന് ജനിച്ചു. തൃശൂർ സെന്റ് തോമസ് കോളേജിൽനിന്ന് ബി.എസ്.എസി.യും ഓർത്തഡോക്സ് സെമിനാരിയിൽനിന്ന് ജി.എസ്.ടി.യും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽനിന്ന് ബി.ഡി.യും കോട്ടയം സി.എം.എസ്. കോളേജിൽനിന്ന് എം.എ.യും കരസ്ഥമാക്കി. 1973 മെയ് 31-ന് ശെമ്മാശുപട്ടവും 1973 ജൂൺ 2-ന് വൈദികപട്ടവും സ്വീകരിച്ചു.*

*1982 ഡിസംബർ 28-ന് തിരുവല്ലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1983 മെയ് 14-ന് പരുമലയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി. 1985 മെയ് 15-ന് പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ 'പൗലോസ് മാർ മിലിത്തിയോസ്' എന്ന നാമത്തിൽ എപ്പിസ്കോപ്പായാക്കി. പുതിയതായി രൂപീകരിച്ച കുന്നംകുളം മെത്രാസനാധിപനായി 1985 ഓഗസ്റ്റ് ഒന്നിനു ചുമതലയേറ്റു. 2006-ൽ പരുമലയിൽ നടന്ന മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 2010 നവംബർ ഒന്നിന് 'ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ' എന്ന പേരിൽ മലങ്കര സഭാ പരമാദ്ധ്യക്ഷനായി അഭിഷേകം ചെയ്യപ്പെട്ടു.*

നിലനിർത്തണം. സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിന് ഒരു പോറൽ പോലും ഏല്പിക്കുവാൻ പാടില്ല എന്ന് എപ്പോഴും ഉറക്കെ പ്രഖ്യാപിക്കുന്നു. മാർത്തോമ്മൻ പൈതൃകത്തിന്റെ വേരുകൾ തിരിച്ചറിഞ്ഞ് ഉത്തമ ക്രൈസ്തവ സാക്ഷ്യജീവിതം നയിക്കണമെന്നും പ. ബാവാ പ്രബോധിപ്പിക്കുന്നു.

### 4. നന്മ നിറഞ്ഞ സാമൂഹിക പ്രതിബദ്ധത

ബാഹ്യമായ പുരോഗതിയെക്കാൾ ക്രിസ്തുവിന്റെ മനസ്സ് ഉൾക്കൊണ്ട് സാമൂഹിക പ്രതിബദ്ധതയോടെ കാരുണ്യത്തിന്റെ തീർത്ഥാടക സമൂഹമാക്കി സഭയെ പണിതുയർത്തുവാൻ പ. ബാവാ ആഗ്രഹിക്കുന്നു. പ്രപഞ്ചത്തിലും സകല ജീവജാലങ്ങളിലുമുള്ള ക്രിസ്തു സാന്നിദ്ധ്യം തിരിച്ചറിയുവാൻ സാധിക്കുന്ന ഒരു സഭയ്ക്കു മാത്രമേ ദൈവരാജ്യ നിർമ്മിതിയിൽ ക്രിയാത്മകമായി പങ്കുചേരുവാൻ കഴിയൂ എന്ന് കാതോലിക്കാ സ്ഥാനാരോഹണ പ്രഭാഷണത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട് (2010). സഭയ്ക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ട്. പൊതു സമൂഹത്തിന്റെ നന്മയ്ക്കായുള്ള പദ്ധതികൾ ഉണ്ടാകണമെന്ന് പരിശുദ്ധ ബാവാ ആഗ്രഹിക്കുന്നു. കർഷകർ, കുടിയൊഴിക്കപ്പെടുന്നവർ, ദലിതർ, രോഗികൾ, വൃദ്ധർ, മദ്യപാനികൾ, കുട്ടികൾ, സ്ത്രീകൾ, തടവുകാർ, ആദിവാസികൾ തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനുള്ള പദ്ധതികൾ സഭയിൽ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ പ്രത്യേകം ജാഗ്രത പുലർത്തുന്നു. അനാവശ്യമായ ധൂർത്തും ആഢംഭരവും ഒഴിവാക്കി ദുർബല വിഭാഗങ്ങളുടെ പരിപോഷണത്തിനുള്ള കർമ്മരേഖ സഭയിലൂടെയും വ്യക്തിപരമായും നിർവഹിക്കുന്നതിൽ പ്രത്യേകമായ താല്പര്യം പ്രകടമാക്കുന്നു. പൊതു സമൂഹത്തിന് ഗുണപരമായ ക്ഷേമ പ്രവർത്തനങ്ങളാണ് പ. ബാവയുടെ ലക്ഷ്യം.

### 5. വിശാലമായ കാഴ്ചപ്പാട്

മാർത്തോമ്മൻ പൈതൃകവും 1934-ലെ സഭാ ഭരണഘടനയും 1995-ലെ സുപ്രീംകോടതി വിധിയും തുടർ വിധികളും മുറുകെ പിടിക്കുമ്പോഴും പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ വിശാലമായ കാഴ്ചപ്പാടിന്റെ ശക്തനായ വക്താവാണ്. മലങ്കര സഭയിൽ ശാശ്വത സമാധാനത്തിന്റെ പ്രഭാതം പ. ബാവാ സ്വപ്നം കാണുന്നു. "എന്നാൽ അതിനായി കുറേക്കാലം കൂടി കാത്തിരിക്കേണ്ടി വരും എന്നും പറയുന്നു''. എറണാകുളം മറൈൻ ഡ്രൈവിൽ 2012 നവംബർ 25-ന് നടന്ന കാതോലിക്കേറ്റ് ശതാബ്ദി മഹാ സമ്മേളനത്തിൽ പ. പൗലോസ് ദ്വിതീയൻ ബാവാ പറഞ്ഞു: "നമുക്ക് ഒരു സ്വപ്നമുണ്ട്. നാം ഒന്നാണ്. നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായ ദൈവത്തെ ആരാധിക്കുന്നവരാകണം." മലങ്കര സഭയിലെ കക്ഷിവഴക്കുകൾ ശാശ്വതമായി പരിഹരിക്കപ്പെട്ട് ഐക്യത്തിന്റെ പ്രകാശത്തിനായി കാത്തിരിക്കുകയാണ്.

സഭകൾ വിശാലമായ മനഃസ്ഥിതി നിലനിർത്തുകയും എല്ലാ സഭകളുടെയും സ്വത്വം പരിരക്ഷിക്കുകയും ചെയ്യുമ്പോൾ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ വളരെ പ്രസക്തമാകും. അപ്പോൾ സമൂഹത്തിന്റെ പൊതുവായ വെല്ലുവിളികളെ സഭകൾക്ക് ഐക്യത്തോടെ നേരിടുവാൻ കഴിയും എന്ന് പ. കാതോലിക്കാ ബാവാ പറയുന്നു.

പ. ഫ്രാൻസിസ് മാർപാപ്പായുമായി 2013 സെപ്തംബർ 5-ന് നടത്തിയ കൂടിക്കാഴ്ചയിൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു: "മലങ്കര ഓർത്തഡോക്സ് സഭ ക്രിസ്തുവിന്റെ ഹിതപ്രകാരം എല്ലാ സഭകളുടെയും വിശാല ഐക്യത്തിനായി നിലകൊള്ളുന്നു. മാർത്തോമ്മ പൈതൃകമുള്ള എല്ലാ ക്രിസ്ത്യാനികളും ഒന്നാകണം എന്ന സ്വപ്നം" ഉണ്ടെന്നും വ്യക്തമാക്കി. പരസ്പര സന്ദർശനങ്ങൾ, ദൈവശാസ്ത്ര ചർച്ചകൾ തുടങ്ങിയവ എല്ലാം ഇരുസഭകളും ക്രിസ്തീയ സ്നേഹത്തിലും പരസ്പര വിശ്വാസത്തിലും മുന്നോട്ടു പോകുവാൻ സഹായിക്കുന്നതായും പറഞ്ഞു.

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രഭാഷണങ്ങളും ദർശനങ്ങളും വെളിപ്പെടുത്തുന്നത് ക്രിസ്തീയമായ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും സാമൂഹിക നീതിയുടെയും ശബ്ദമാണ്. അനീതിയുടെയും സംഘർഷങ്ങളുടെയും യുദ്ധങ്ങളുടെയും സമകാലിക പശ്ചാത്തലത്തിൽ പവിത്രമായ ക്രിസ്തീയ ഉത്തരവാദിത്വം നിർവഹിക്കപ്പെടുവാൻ ഫലപ്രദമായ പദ്ധതികളും മാർഗ്ഗങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ. കാതോലിക്കാ ബാവാ 68-ന്റെ നിറവിലാണ്. ഹൃദയപൂർവ്വമായ ജന്മദിനാശംസകൾ.

## ഇടയശബ്ദം (പേജ് 5 തുടർച്ച)

മാണ് ആഞ്ചലീന എന്ന സ്തീയുടെ കഥ. പരി. ഫ്രാൻസീസ് മാർപ്പാപ്പയുടെ ജീവിത മാതൃക കാണുകയും പ്രബോധനം ശ്രവിക്കുകയും ചെയ്ത്

സഭാജീവിതത്തിലേക്ക് തിരികെയെത്തുന്ന അനേകരിൽ ഒരാളാണ് ആഞ്ചലീന. ജീവിതം നിരാശയിൽ മുങ്ങിത്താഴേണ്ടതല്ല പ്രത്യുത ജീവിതവ്യവും വിശ്വസനീയവുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞവരാണ് ഇങ്ങനെ തിരിച്ചുവര വിന്റെ പാതയിലായിരിക്കുന്നത്.

മലങ്കരസഭയുടെ ചൈതന്യവും ദൈവികനന്മയുടെ സമൃദ്ധിയും നമ്മെ അത്ഭുതപ്പെടുത്തു. നമ്മുടെ ആത്മീയനിറവും സഭാത്മക കാഴ്ചപ്പാടും സഭാപിതാക്കന്മാരോടുള്ള ബന്ധവും നോമ്പനുഷ്ഠാനങ്ങളിലുള്ള നിഷ്ഠയും താപസ ചൈതന്യം പുലർത്തുന്നവയുടെ വലിയ നിരയും പൊതു സമൂഹത്തിന്റെ നന്മപൂർണ്ണമായ വികസനത്തിനുള്ള നേതൃത്വവും ഏറെ ശ്ലാഘനീയമാണ്.

Becauese of me he shall live ഞാൻ മുഖാന്തരം അവൻ ജീവിക്കണം. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജിന്റെ ഈ ആദർശവാക്യം ചിന്തനീയം തന്നെ. ഈ ദർശനം സ്വീകരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ സമൂഹജീവിതം പരസ്പരാദരവിന്റെയും പങ്കുവയ്പിന്റെയും അടിസ്ഥാനത്തിൽ പടുത്തുയർത്താൻ കഴിയു. നമ്മുടെ ജീവിതമൂല്യം വദ്ധമാനമാകുന്നതും സമ്പുഷ്ടികരിക്കപ്പെടുന്നതും നന്മയുടെ പങ്കുവയ്പിലൂടെയാണ്. ആരോഗ്യമോ അധികാരമോ ധനമോ സ്ഥാനങ്ങളോ സന്തോഷത്തിന്റെ അളവുകോലായി തെറ്റിദ്ധരിക്കപ്പെടാൻ പാടില്ല. ഉദാത്തമായ ലക്ഷ്യം ഉണ്ടായിരിക്കുകയും ലക്ഷ്യത്തിലെത്താൻ സഹകരണബുദ്ധ്യാ തളരാതെ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഉളവാകുന്ന സന്തോഷമാണ് ജീവിത സന്തോഷത്തിന്റെ മാറ്റുരക്കുന്നത്. സന്തോഷം കണ്ടെത്തേണ്ടത് തന്നിൽ ത്തന്നയല്ലെന്ന അപ്പസ്തോലൻ പൗലോസിന്റെ പ്രബോധനം വിരൽ ചൂണ്ടുന്നത് ആ ദിശയിലേക്കാണ്. സഭകൾക്ക് ഈ മേഖലയിൽ ദിശാബോധം നല്കുവാനുള്ള കടമയുണ്ട്. സഭയുടെ വിവിധങ്ങളായ ശുശ്രൂഷകളും പരിശ്രമങ്ങളും ഈ ലക്ഷ്യം മുൻനിർത്തിയാകണം. ഉൾവലിയുന്ന സഭ, തന്റെ പ്രശ്നത്തിൽ മാത്രം ശ്രദ്ധിക്കുന്ന സഭ പ്രതിസന്ധിയിൽ നിന്നു പുറത്തുവരാൻ കാലമേറെ കാത്തിരിക്കേണ്ടിവരും. മണവാളന്റെ സ്വപ്നങ്ങൾ സാക്ഷത്ക്കരിക്കുവാൻ വെമ്പൽ കൊള്ളുന്ന മണവാട്ടിയുടെ ജീവിത ക്രമവും നടപടികളുമാണ് സഭ കൈവരിക്കേണ്ടത്. വീഴ്ചകൾ തിരുത്തപ്പെടുക തന്നെ വേണം.

മാനവരാശിയുടെ സമുദ്ധാരണത്തിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു കാലമാണിത്. സമൂഹം ഏറെ പ്രതീക്ഷയോടെ സഭയെ നോക്കുന്നു. സമൂഹം ജീർണ്ണതയെ നേരിടുമ്പോൾ ഉപ്പാകാനും, ജഡത്തിൽ അമരുമ്പോൾ പുളിമാവാകാനും, അന്ധകാരാവൃതമാക്കുമ്പോൾ പ്രകാശം പകരാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു. മൂല്യങ്ങൾ കീഴുമേൽ മറിയുമ്പോൾ, ബന്ധങ്ങൾ ശിഥിലമാകുമ്പോൾ, ജീവനുനേരെ വെല്ലുവിളി ഉയരുമ്പോൾ, അക്രമവും അനീതിയും കൊടികുത്തിവാഴുമ്പോൾ, പീഡനങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിക്കുമ്പോൾ, ഏതു വിധേനയും ധനാർജ്ജനത്തിനുള്ള പ്രലോഭനം മുറുകുമ്പോൾ ഒന്നും കാണാത്തവരെപ്പോലെയും കേൾക്കാത്തവരെപ്പോലെയും തരിച്ചുനില്കുവാൻ സഭയ്ക്ക് കഴിയുകയില്ല. മൂല്യങ്ങൾ ജീവിച്ചു കാണികുക എന്ന വെല്ലുവിളിയാണ് നമുക്ക് മുമ്പിലുള്ളത്. മറ്റാർക്കാണു ഈ പതാക വഹിക്കുവാൻ യോഗ്യതയുള്ളത്? സമൂഹം സഭയിൽ നിന്നും ഏറെ പ്രതീക്ഷിക്കുന്നു.

സഭയെന്നാൽ എല്ലാ ദൈവജനവുമാണ്. എന്നാൽ സന്ന്യാസികളെയും സമർപ്പിതരെയും വൈദി കരെയും മെത്രാന്മാരെയും ലോകം വളരെ പ്രതീക്ഷയോടെ ഉറ്റു നോക്കുന്നു. വിശ്വാസവും പ്രതീക്ഷയും അവരിലാണ് അർപ്പിക്കുന്നത്. തങ്ങളിൽ അർപ്പിതമായിരിക്കുന്ന പ്രതീക്ഷ കാത്തുസൂക്ഷിക്കുവാനും അതിനൊത്ത് ഉയരുവാനും അവർക്ക് കടമയുണ്ട്.

സാങ്കേതികപ്രശ്നങ്ങളിൽ അല്ല ധാർമ്മിക രോഷം കൊള്ളേണ്ടത്. വാശിയും വൈരാഗ്യവും ക്രിസ്തീയമല്ല. നമുക്കാവശ്യം ക്രിസ്തീയ ചൈതന്യമാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ ഭാഷ സംസാരിക്കുവാൻ സഭയ്

ക്ക് കഴിയണം; സഭാ മക്കൾക്കും സഭാ നേതൃത്വത്തിനും കഴിയണം. ഗോത്രപിതാവായ അബ്രഹാമിനെപ്പോലെ പറയുവാൻ നമുക്കു കഴിയണം. നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ്. ഇതാ ദേശമെല്ലാം നിന്റെ കണ്മുമ്പിലുണ്ടല്ലോ. ഇടത്തു ഭാഗമാണ് നിനക്ക് വേണ്ടതെങ്കിൽ ഞാൻ വലത്തേക്ക് പൊയ്ക്കൊള്ളാം. വലത്തു ഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്ക് പൊയ്ക്കൊള്ളാം (ഉല്പത്തി 13: 8–9). എത്ര ഉദാത്തമായ സമീപനശൈലി! കർത്താവ് പറയു : നിങ്ങൾ അബ്രഹാമിന്റെ മക്കളാണെ ങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു... അബ്രാഹാം ഇങ്ങനെ ചെയ്തിട്ടില്ല (യോഹ 8:40) പള്ളികൾ വേണ്ടിയും പള്ളിഭരണത്തിനു വേണ്ടിയും സെമിത്തേരിക്കു വേണ്ടിയും തർക്കിച്ചു കാലം കളയുന്നത് ആശാവഹമല്ല. മാനുഷിക പരിഗണനകളെ കാറ്റിൽ പറത്തുന്നതും ക്ഷന്തവ്യമല്ല.

ദൈവജനം എന്നും കാംക്ഷിക്കുന്നതു സമാധാനമാണ്. ദൈനംദിന ജീവിതത്തിലെ ഭാരങ്ങളുടെ മാറാപ്പ് ഇറക്കിവക്കുവാനുള്ള അത്താണിയായി പള്ളിയെ കണ്ടുകൊണ്ട് ആരാധനയ്ക്കു് വരുന്നവർ കാലുഷ്യത്തിന്റെയും പാരുഷ്യത്തിന്റെയും പോർവിളികളുടെയും പോരട്ടങ്ങളുടെയും വേദിയായി ആരാധനാലയം മാറുന്നത് കാണുമ്പോൾ ആർക്കാണ് വേദനതോന്നാത്തത്? നൂറ്റണ്ടുകളായ പ്രശ്നത്തിന് പരിഹാരമില്ലെന്നോ? ഇത് എത്രകാലം തുടരാനാകും?

സംവാദത്തിലൂടെയും പ്രേഷിത ചൈതന്യത്തിലൂടെയും സഭയുടെ കാന്തി വീണ്ടെടുക്കണം. ക്രിസ്തീയമായ വിട്ടുപേക്ഷിക്കലിലൂടെ ശാശ്വതപരിഹാരം കണ്ടേ മതിയാകൂ. ശ്ലീഹാ ചോദിക്കുന്നു: നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതുതന്നെ നിങ്ങളുടെ പരാജയമാണ്. എന്തുകൊണ്ട് ദ്രോഹം നിങ്ങൾക്ക് ക്ഷമിച്ചു കൂടാ? (1കോരി 6:7)

ഓരോ വിശ്വാസിയും പ്രേഷിതനാകണം. കർത്താവിനെകുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ആവേശം കൊള്ളാൻ വിശ്വാസിക്കു കഴിയണം. ഐക്യത്തിനു വേണ്ടിയുള്ള തലമുറകളുടെ പ്രാർത്ഥന സാർത്ഥകമാകുവാൻ നേതൃനിര ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി സ്നേഹത്തിന്റെ തീരുമാനങ്ങൾ ശക്തമായി കൈക്കൊള്ളണം. വേദപഠനവും പ്രേഷിതാഭിമുഖ്യവും കത്തൃസ്നേഹത്തിൽ ജ്വലിക്കുന്നതിനും അതു വഴി നമ്മുടെ തീരുമാനങ്ങൾ ക്രിസ്തീയമാകുന്നതിനും സഹയിക്കുകതന്നെ ചെയ്യും. നമുക്ക് തുറവിയുള്ളവരാകം. കണ്ടാലും അവൻ വാതിലിൽ മുട്ടുന്നു .... ആത്മാവ് സഭകളോട് അരുളിചെയ്യുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ (വെളി 3:22). ●

---

## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469 – 2603968, 9446270259, 9447617877**


**തീയതി: സെപ്റ്റംബർ: 9, 10, 11**
**ഒക്ടോബർ 5, 6, 7 – 21, 22, 23**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

---

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**




മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂ ദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ ജോയി, വാഴത്തറയിൽ, കോയിപ്രം**

---

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂ ദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തോട്ടഭാഗം**



# സമർപ്പണത്തിന്റെ ആൾരൂപം

**സിറിയൻ ഓർത്തഡോക്സ് സഭയുടെ പരി. ബസേലിയോസ് തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്ക.**



**ഷെവലിയർ മനോജ് മാത്യു**

യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കായും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ ആടുകൾക്കുവേണ്ടി തന്റെ പ്രാണനെ നൽകുന്ന സാക്ഷാൽ ഇടയശ്രേഷ്ഠനാണ്. മലങ്കരയിലെ മറ്റു സഭാ മേലദ്ധ്യക്ഷന്മാരിൽ കഷ്ടപ്പാടുകളും ത്യാഗങ്ങളും ഏറെ സഹിക്കുന്ന മറ്റൊരു സഭാദ്ധ്യക്ഷനില്ല. സഭയെ പ. അന്ത്യോഖ്യാ സിംഹാസനത്തിനു കീഴിൽ നിലനിർത്തുന്നതിൽ 1974-ൽ മെത്രാപ്പോലീത്ത സ്ഥാനം ഏറ്റതു മുതൽ ഇന്നോളം അനേകം ത്യാഗങ്ങൾ സഹിച്ചുകൊണ്ടിരിക്കുന്നു. മഹാപൗരോഹിത്യത്തിന്റെ നാലു പതിറ്റാണ്ടും കാതോലിക്കാ സ്ഥാനലബ്ധിയുടെ സംഭവബഹുലമായ ഒരു വ്യാഴവട്ടക്കാലവും പൂർത്തീകരിക്കുന്ന ശ്രേഷ്ഠ ബാവാ ചരിത്ര നിയോഗത്തിന്റെ രാജപാതയിലാണ്. പ. ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കബറടക്ക ശുശ്രൂഷയ്ക്കും ഇപ്പോഴത്തെ പ. അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും മുഖ്യ കാർമ്മികത്വം വഹിക്കാനുള്ള അപൂർവ്വങ്ങളിൽ അത്യപൂർവ്വമായ ഭാഗ്യം ശ്രേഷ്ഠബാവായ്ക്കുണ്ടായി.

1929 ജൂലൈ 22-ന് എറണാകുളം പുത്തൻകുരിശിനടുത്ത് വടയമ്പാടിയിൽ ചെറുവിളയിൽ മത്തായിയുടെയും കുഞ്ഞമ്മയുടെയും പുത്രനായി ജനിച്ചു. 1952-ൽ പൗരോഹിത്യത്തിന്റെ ആദ്യപടി സ്വീകരിച്ചു. 1974 ഫെബ്രുവരി 24-ന് ഡമസ്കസിൽവെച്ച് പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മോർ ദിവന്നാസിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 2002 ജൂലൈ 26-ന് പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ ശ്രേഷ്ഠ കാതോലിക്കാ ബാവായായി വാഴിച്ചു. നിഷ്കളങ്കമായ ഭക്തി, തകർക്കാൻ പറ്റാത്ത വിശ്വാസം, ഉറച്ച നിലപാടുകൾ, തികഞ്ഞ അന്ത്യോഖ്യാ ഭക്തി, പ്രതിസന്ധിഘട്ടങ്ങളിൽ കഷ്ടം സഹിക്കാനുള്ള മനസ്സ്, അജഗണത്തോടുള്ള സ്നേഹം ഇവ ബലഹീനതയിൽ നിന്നും രോഗത്തിൽനിന്നും ശ്രേഷ്ഠ

പിതാവിനെ ശ്രേഷ്ഠനും ആദരണീയനുമായ സഭാ പിതാവാക്കി മാറ്റി. തപസ്സും പ്രാർത്ഥനയുമാണ് ബാവായുടെ ജീവിത മുദ്ര. ഉപവാസ ദിവസങ്ങളാണ് കൂടുതൽ. അതിരാവിലെ ഉണർന്ന് അർദ്ധരാത്രി കഴിയുംവരെ നീളുന്നതാണ് ബാവായുടെ ഓരോ ദിവസവും. ഒരുപക്ഷെ സഭാ പിതാക്കന്മാരിൽ ഇത്രയേറെ യാത്ര ചെയ്യുന്ന മറ്റൊരാൾ വേറെയുണ്ടാവില്ല. പ്രാർത്ഥനയുടെ മനുഷ്യനാണ് ബാവാ. ബാവായുടെ പ്രാർത്ഥനയ്ക്കും കുർബ്ബാനാനുഷ്ഠാനത്തിനും വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന ചൈതന്യമുണ്ട്.

സമാധാനശ്രമങ്ങൾക്ക് ശ്രേഷ്ഠപിതാവ് എതിരാണെന്ന ഒരു ചിന്ത വ്യാപിക്കുന്നുണ്ട്. ഇത് ശരിയല്ല. ഇരു സഭകളുമായി സമാധാനമായി പിരിഞ്ഞു പ്രവർത്തിക്കുന്നതിന് ശ്രേഷ്ഠ ബാവാ സന്നദ്ധനാണ്. പുത്തൻകുരിശ് കൺവെൻഷൻ ഉൾപ്പെട്ട അനേക പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ശ്രേഷ്ഠപിതാവ് സഭയെ ഇന്നു കാണുന്ന നിലയിൽ വളർത്തി വലുതാക്കിക്കൊണ്ടിരിക്കുന്നു. പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ, അനേകം കോളേജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവ അദ്ദേഹം സ്ഥാപിച്ചു. 13 മെത്രാപ്പോലീത്തമാരെയും അനേകം റമ്പാൻമാരെയും വൈദികരെയും ഇതുവരെയായി വാഴിച്ചു.

കേരളത്തിലെ മറ്റു ക്രൈസ്തവ സഭകളുമായി നല്ല ബന്ധത്തിൽ കഴിയുന്നതിന് ശ്രേഷ്ഠ ബാവായ്ക്ക് സാധിക്കുന്നുണ്ട്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, കർദ്ദിനാൾ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തുടങ്ങിയ പിതാക്കന്മാരുമായി ബാവാ നല്ല സ്നേഹബന്ധത്തിൽ കഴിയുന്നു. കേരളത്തിലെ രാഷ്ട്രീയ - സാമൂഹിക രംഗങ്ങളിൽ നല്ല വ്യക്തിമുദ്ര പതിപ്പിക്കുന്നതിന് ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് കഴിഞ്ഞിട്ടുണ്ട്.






# സുൽത്താൻ ബത്തേരി

സുൽത്താൻ ബത്തേരി എന്ന് ഇന്ന് അറിയപ്പെടുന്ന ഈ പ്രദേശങ്ങൾ മുൻപ് അറിയപ്പെട്ടിരുന്നത് സുൽത്താൻ ബാറ്ററി എന്നായിരുന്നു. ടിപ്പു സുൽത്താനുമായി ഈ പേരിന് അഭേദ്യമായ ബന്ധമുണ്ട്. കാരണം 18-ാം നൂറ്റാണ്ടിൽ ടിപ്പു സുൽത്താൻ ഈ പ്രദേശത്തെ ജൈനമതക്ഷേത്രം തന്റെ ആയുധങ്ങളും വെടിമരുന്നുകളും സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്നു. ആ കാലത്തു തന്നെ ജൈനമതം ക്ഷയിച്ചിരുന്നതിനാൽ ആ ക്ഷേത്രം ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു. പിന്നെ ആ പ്രദേശം സുൽത്താന്റെ ബാറ്ററിയായി മാറുകയും മലയാളത്തിൽ അതിന് സുൽത്താൻ ബത്തേരി എന്ന് പരിണാമവും സംഭവിച്ചു. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 930 മീറ്റർ ഉയരത്തിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. പ്രകൃതി ഭംഗികൊണ്ട് അതിമനോഹരം കാലാവസ്ഥയാൽ അനുഗ്രഹീതം. കർണ്ണാടക സംസ്ഥാനത്തോടും വിനോദ സഞ്ചാരമേഖലയായ മൈസൂറിനോടും ഊട്ടിയോടും ചേർന്ന് കിടക്കുന്നു.....






**റവ. ബിജു ജോർജ്ജ്**
ശാലേം മർത്തോമ്മാ പള്ളി
കടമ്പനാട്

# മലങ്കരസഭയിലെ ഇരുപത്തി ഒന്നാം മാർത്തോമ്മാ

മാർത്തോമ്മാശ്ലീഹായുടെ അപ്പോസ്തോലിക വിശ്വാസപാരമ്പര്യത്തിന്മേൽ സ്ഥാപിതമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെത്രാപ്പോലീത്തായും പരമാദ്ധ്യക്ഷനും മലങ്കര സഭാചരിത്രത്തിലെ 21-ാമത് മാർത്തോമ്മാ ആയും വിളങ്ങിശോഭിക്കുന്ന നി.വ.ദി.മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തന്റെ മുൻഗാമിയായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെയും സമുന്നതരും ആദർശധീരനുമായിരുന്ന മെത്രാപ്പോലീത്തന്മാരുടെയും അനുയോജ്യനായ പിൻഗാമിയാണ്. സഭയുടെ പൗരാണികത്വവും ശ്ലൈഹികപാരമ്പര്യവും പൈതൃകവും അഭംഗുരം തുടരുന്നതിന് പ്രാപ്തനുമാണ് അഭിവന്ദ്യ മെത്രാപ്പോലീത്താ. പുരാതനവും പ്രശസ്തവുമായ പാലക്കുന്നത്ത് കുടുംബത്തിൽ ശ്രീമാൻ പി. ടി. ലൂക്കോസിന്റെയും മാരാമൺ പുത്തൂർ ശ്രീമതി മറിയാമ്മയുടെയും മൂത്തമകനായി 1931 ജൂൺ 27-ന് ജനിച്ചു. മാരാമൺ മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ തീത്തൂസ് ദ്വിതീയൻ തിരുമേനി വി. മാമോദീസാ നൽകി. തിരുമേനിയുടെ താല്പര്യപ്രകാരം ജോസഫ് എന്ന് നാമകരണം നൽകി. പ്രാഥമിക വിദ്യാഭ്യാസം മാരാമൺ മിഡിൽ സ്കൂളിലും കോഴഞ്ചേരി സെന്റ് തോമസ് സ്കൂളിലുമായി നിർവഹിച്ചു. വാരാന്ത്യങ്ങളിൽ അഭിവന്ദ്യ തീത്തൂസ് തിരുമേനിയോടൊപ്പം പുലാത്തിനിൽ താമസിക്കുന്നതിനും തിരുമേനിയെ ശുശ്രൂഷിക്കുന്നതിനും സാധിച്ചു.

ആരാധനാ ഗീതങ്ങൾ പഠിക്കുന്നതിനുള്ള അവസരം കൂടിയായി അത്. ആലുവ യു.സി. കോളേജിൽനിന്ന് ബിരുദം നേടി. പിന്നിട് ദൈവശാസ്ത്ര പഠനത്തിന് ബാംഗ്ലൂരിൽ ചേർന്നു.

## പൗരോഹിത്യ ശുശ്രൂഷയിലേക്ക്

ജീവിതത്തിൽ ഒരു പ്രവർത്തനരംഗം തെരഞ്ഞെടുക്കുമ്പോൾ ദൈവത്തോട് ആലോചിച്ചശേഷം മാത്രമേ എടുക്കാവൂ എന്ന് അഭിവന്ദ്യ ഏബ്രാഹം മാർത്തോമ്മാ തിരുമേനി നൽകിയ ഉപദേശം ദൈവവിളി തിരിച്ചറിയുന്നതിന് സഹായിച്ചു. പഠനം കഴിഞ്ഞ് 1957 ജൂൺ 29-ന് ശെമ്മാശപട്ടവും 1957 ഒക്ടോബർ 18-ന് കശ്ശീശ്ശാ പട്ടവും സ്വീകരിച്ചു. മാതൃ ഇടവകയായ മാരാമൺ പള്ളിയിൽ പുത്തൻകുർബാനയും അർപ്പിച്ചു. വൈദികവൃത്തിക്കായുള്ള ആദ്യ നിയമനം റാന്നി ആയിരുന്നു. തുടർന്ന് കോഴിക്കോട്, കുണ്ടറ, മദ്രാസ്, തിരുവനന്തപുരം എന്നീ ഇടവകകളിലും ശുശ്രൂഷ നിർവഹിച്ചു. 1965-66 വർഷം അമേരിക്കയിലെ വെർജീനിയ സെമിനാരിയിലും 66-67 വർഷം ഓക്സ്ഫോർഡിലെ വിക്ലിഫ്ഹാളിലും കാന്റർബറി കോളേജിലും ഉപരിപഠനം നടത്തി.

## മേൽപ്പട്ടസ്ഥാനത്തേക്ക്

തിരികെ എത്തി സുവിശേഷ പ്രസംഗ സംഘം സഞ്ചാര സെക്രട്ടറി ആയി പ്രവർത്തിച്ചു. 1975 ജനുവരി 11-ന് തൃശൂർ മാർത്തോമ്മാ പള്ളിയിൽവച്ച് റമ്പാൻ സ്ഥാനവും ഫെബ്രുവരി 8-ന് തിരുവല്ലയിൽവച്ച് അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായിൽനിന്ന് ജോസഫ് മാർ ഐറേനിയസ് എന്ന പേരിൽ എപ്പിസ്കോപ്പായായും അഭിഷേകം ചെയ്യപ്പെട്ടു. 1975-ൽ കൊല്ലം കൊട്ടരക്കര ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. തുടർന്ന് 1981 മുതൽ മലേഷ്യയും സിംഗപ്പൂരും ഉൾപ്പെടുന്ന ബാഹ്യകേരള ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി. 1989 മുതൽ തിരുവനന്തപുരം കൊല്ലം ഭദ്രാസനത്തിന്റെയും ബോംബെ ഡൽഹി, ഗൾഫ് മേഖലകളുടെയും അദ്ധ്യക്ഷനായി. 1997-ൽ അടൂർ മാവേലിക്കര ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി. സൺഡേ സ്കൂൾ സമാജം, യുവജനസഖ്യം, ഡി. എസ്.എം.സി., സുവിശേഷ പ്രസംഗസംഘം ഇവയുടെ പ്രസിഡന്റായി പ്രവർത്തിച്ചു. 1999 മാർച്ച് 5-ന് അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ സഫ്രഗൻ മെത്രാപ്പോലീത്താ ആയി സ്ഥാനാരോഹണം നൽകി. 2007 ഒക്ടോബർ 2-ന് മലങ്കര സഭയുടെ 21-ാം മാർത്തോമ്മാ ആയി അഭിവന്ദ്യ തിരുമേനി അവരോധിക്കപ്പെട്ടു.

## പാരമ്പര്യത്തിൽ ധന്യൻ

പുരാതനമായ പൈതൃകവും പാരമ്പര്യവും അഭിവന്ദ്യ തിരുമേനിയുടെ കൈമുതലാണ്. മലങ്കര സഭയിൽ നവീകരണ കാഹളം മുഴക്കിയ അബ്രഹം മല്പാനും ഈ സഭയെ നയിച്ച പ്രഗത്ഭരായ നാലു മെത്രാപ്പോലീത്തന്മാർക്കും ജന്മം നൽകിയ പാലക്കുന്നത്ത് കുടുംബത്തിൽ നിന്ന് ലഭിച്ച അനുഭവജ്ഞാനവും പ്രചോദനവും തിരുമേനിയുടെ ശുശ്രൂഷകൾക്ക് പിൻബലം നൽകുന്നതാണ്. അഭിവന്ദ്യരായ ഏബ്രഹാം മാർത്തോമ്മാ, യൂഹാനോൻ മാർത്തോമ്മാ, മാത്യൂസ് മാർ അത്തനാസിയോസ് എന്നീ തിരുമേനിമാർ മാതൃവഴിയിൽ പാലക്കുന്നത്ത് കുടുംബവുമായി ബന്ധപ്പെട്ടിരിക്കുന്നു. മഹത്തായ ആ പാരമ്പര്യത്തിന്റെ അന്തരീക്ഷത്തിൽ വളർന്നു വന്ന തിരുമേനിക്ക് സഭ എന്നത് അസ്തിത്വത്തിന്റെ ഭാഗമാണ്. അഭിവന്ദ്യ തിരുമേനിയെ വലിയ മെത്രാപ്പോലീത്താ തിരുമേനി വിശേഷിപ്പിക്കുന്നത് "പാരമ്പര്യത്തിൽ ധന്യനും സ്വയാർജ്ജിത കഴിവുകളിൽ ധനാഢ്യനും ബന്ധങ്ങളിൽ നിപുണനും കർമകുശലനും നേതൃത്വത്തിൽ അനുഗ്രഹീതനും" എന്നാണ്. അഗാധമായ ചരിത്രബോധവും ക്രാന്തദർശിത്വവും അനുപമമായ വിനയവും സുറിയാനി പാണ്ഡിത്വം, ആരാധനയിലും അനുഷ്ഠാനങ്ങളിലുമുള്ള നിഷ്ഠ, സുറിയാനി ഗീതങ്ങളുടെ ആലാപനം, സഭയുടെ ചരിത്രവും വിശ്വാസവും സംബന്ധിച്ച അവഗാഹമായ അറിവും ഓർമ്മശക്തിയും സ്വരഗാംഭീര്യം ഇതൊക്കെയും തിരുമേനിയുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്നതാണ്. പൗരസ്ത്യ പാരമ്പര്യത്തെ മുറുകെ പിടിക്കുമ്പോൾ തന്നെ നവീകരണത്തിന്റെ സ്വാധീനം ചോർന്നുപോകാത്ത തരത്തിൽ ഒരു സമന്വയത്തിന്റെ ശൈലിയാണ് തിരുമേനിക്കുള്ളത്.

## സംസ്കാരത്തിന്റെ പ്രയോക്താവ്

സംസ്കാരത്തിന്റെ പ്രചാരകനും പ്രയോക്തമാവുമാണ് തിരുമേനി. പമ്പയുടെ തീരത്ത് ജനിച്ച് വളർത്തപ്പെട്ടതിനാൽ നാടിന്റെ സംസ്കൃതി നന്നായി ഉൾക്കൊള്ളുന്നതിന് തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. പമ്പയുടെ തീരങ്ങളെ പുളകം കൊള്ളിച്ച കൺവെൻഷൻ ഗാനങ്ങൾ മാത്രമല്ല, വള്ളംകളിയും വഞ്ചിപ്പാട്ടുമൊക്കെ തിരുമേനി നെഞ്ചോട് ചേർത്തുവയ്ക്കുന്നതാണ്. മതസൗഹാർദ്ദവും മതമൈത്രിയും കാത്തുസൂക്ഷിക്കുന്നതിൽ ജാഗരൂകനായ തിരുമേനി മതൈക്യത്തിന്റെ ദൂതനാണ്. മതത്തിന്റെ പേരിൽ സംഘർഷങ്ങൾ രൂപംകൊണ്ടിടത്ത് അനുരഞ്ജനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകി. തിരുമേനിയുടെ കാഴ്ചപ്പാട് മതേതരത്വത്തിന്റേതാണ്. വ്യത്യസ്ത സംസ്കാരങ്ങളുടെയും മതബഹുലതയുടെയും മദ്ധ്യേ "സ്വീകരിക്കാൻ കഴിയുന്നതിനെ സ്വീകരിക്കുക, സ്വീകരിക്കാനാവാത്തവയെ ആദരിക്കുക" എന്നതാണ് തിരുമേനിയുടെ ശൈലി. നാടൻപാട്ടുകളും നാട്ടുപുരാണവും പഴമയുമൊക്കെ തിരുമേനിക്ക് പ്രിയമാണ്. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഇതരമതങ്ങളോടും സമൂഹങ്ങളോടും ചേർന്നുനിന്ന് പ്രവർത്തിക്കുന്നതിനും ജാതിമത ഭേദമെന്യേ ഏതു പ്രശ്നങ്ങളെയും വിലയിരുത്തി പ്രതികരിക്കുകയും ചെയ്യുന്ന തിരുമേനി എല്ലാവിഭാഗം ആളുകളുടെയും സ്നേഹാദരവ് പിടിച്ചുപറ്റുകയും മതാതീത പ്രതിച്ഛായയോടെ നിലകൊള്ളുകയും ചെയ്യുന്നു.

## മാനവികതയുടെ തേജസ്സ്

വികലമാക്കപ്പെട്ട മാനവികതയോട് താദാത്മ്യപ്പെട്ട് വികലതകളെ മാറ്റി എടുക്കുന്നതാണ് ദൈവകൃപ

എന്ന് തിരുമേനി വിശ്വസിക്കുന്നു. വിശാലമായ മാന വിക കാഴ്ചപ്പാട് തിരുമേനി വച്ചുപുലർത്തുന്നു. കർമ്മ മണ്ഡലത്തെ സഭയുടെ നാലു ചുവരുകൾക്ക് ഉള്ളിൽ ഒതുക്കി നിർത്തുന്നതിന് തിരുമേനിക്ക് സാധിക്കാത്തത് "ദൈവം സകലസൃഷ്ടിക്കും മതിയായവൻ" എന്ന ഉത്തമബോദ്ധ്യം ഉള്ളതുകൊണ്ടാണ്. സാമൂഹ്യബോധവും കർത്തവ്യബോധവുമുള്ള ആളാണ് ആചാര്യനെങ്കിൽ അതിൽ ആത്മീയതകൂടി ചേർത്ത് ആത്മീയ ആചാര്യൻ എന്ന് തിരുമേനിയെ നിസ്സംശയം വിളിക്കാം. ക്ഷമയുടെയും കരുണയുടെയും ആഭ്രഭാവം തിരുമേനിക്കുണ്ട്.

## അനുരഞ്ജനത്തിന്റെ പ്രവാചകൻ

'ഐറേനിയസ്' എന്ന നാമം അനുരഞ്ജനത്തെ സൂചിപ്പിക്കുന്നതാണ്. തിരുമേനി ഒരു നല്ല മദ്ധ്യസ്ഥൻ കൂടിയാണ്. സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പ്രയോഗികമായ പരിഹാരം എന്നതാണ് ആ സമീപനത്തിന്റെ കാതൽ. സഭകൾ തമ്മിലായാലും സമൂഹങ്ങൾ തമ്മിലായാലും സമർത്ഥമായ ഇടപെടലിലൂടെ ആ പ്രശ്നങ്ങൾ പരിഹരിക്കും. സി.സി.എ. യുടെ പ്രതിനിധിയായി ഇന്തോനേഷ്യയിലെ വർഗ്ഗീയ സംഘർഷങ്ങളിലും ശ്രീലങ്കയിലെ പ്രശ്നങ്ങളിലും എൻ.സി.സി.ഐ.യിലൂടെ ഭാരതത്തിന്റെ വടക്കു കിഴക്കൻ പ്രദേശങ്ങളിലെ പ്രശ്നങ്ങളിലും ആർ.എസ്.എസ്. നേതാക്കളുമായി മിഷനറിമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ചർച്ചയിലൂടെ സമവായത്തിലെത്തുന്നതിനും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്.

## വെല്ലുവിളികളെ വെല്ലുവിളിച്ച സാഹസികൻ

ഒന്നിനെയും പേടിക്കുന്ന സ്വഭാവം തിരുമേനിക്കില്ല. പേടിപ്പിക്കാൻ ഇറങ്ങിവരുന്നവരുടെ നേരെ നോക്കി ഗർജ്ജിക്കുന്ന ശൈലിയാണ്. വിമർശനങ്ങളെയും അധിക്ഷേപങ്ങളെയും നിർഭയനായി നേരിട്ടു. വിമർശിച്ചവരോടും അധിക്ഷേപിച്ചവരോടും പകരം വീട്ടാതെ ദൈവകൃപയെ മൂലധനമാക്കി മുന്നേറുന്ന തിരുമേനി സ്വന്തം വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിൽക്കുന്നു. അത് ശരിയോ തെറ്റോ എന്നോർത്ത് അധികം വേവലാതിപ്പെട്ടില്ല. അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളെ തള്ളിക്കളയാനുള്ള ഇച്ഛാശക്തി തിരുമേനിയുടെ കർമ്മമണ്ഡലങ്ങൾക്ക് ഓജസ്സും കരുത്തുമേകി. താമരയിലയിലെ ജലകണം പോലെ വിമർശനങ്ങൾ ആ മനസ്സിനെ സ്പർശിക്കുകപോലും ചെയ്യുന്നില്ല. നട്ടെല്ല് അന്യന്റെ മുമ്പിൽ പണയപ്പെടുത്താത്ത ആ ധീരത ആരെയും ആകർഷിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നതാണ്.

പ്രശ്നങ്ങളുടെ മുഖത്തുനോക്കി പകച്ചു നിൽക്കുന്ന ആളല്ല തിരുമേനി. പ്രക്ഷുബ്ധമായ സഭാ-സാമൂഹിക പരിതസ്ഥിതിയിൽ യാതൊരു ഇടർച്ചയുമില്ലാതെ നക്ഷത്രശോഭയോടെ പിടിച്ചുനിൽക്കാനായത് സൂക്ഷ്മബുദ്ധിയും ഭാവനാശാലിയും ആയതുകൊണ്ടാണ്. വിമർശനങ്ങളിൽ തളർന്ന് അവയ്ക്ക് കീഴ്പ്പെടാത്ത തിരുമേനി സുഖമായി ഉറങ്ങും. എന്നാൽ വിമർശകർക്ക് സുഖമായി കിടന്നുറങ്ങാൻ കഴിയുകയുമില്ല. ഷേക്സ്പിയർ മാക്ബത്തിൽ പറയുംപോലെ, "അവർ നിദ്രയെ കൊലപ്പെടുത്തിയിരിക്കുന്നു". പതറാത്ത മനസ്സും ധീരതയും ആടിയുലയുന്ന ആത്മശക്തിയുള്ള നേതൃത്വവും ഉള്ളിൽ ശാന്തതയോടും സമചിത്തതയോടും കൂടെ ഒഴുക്കിനെതിരെ നീന്തുവാൻ തിരുമേനിയെ സഹായിക്കുന്നു.

## ബന്ധങ്ങളുടെ സൂക്ഷിപ്പുകാരൻ

ബന്ധങ്ങളിൽ തികഞ്ഞ ആത്മാർത്ഥത പുലർത്തുന്ന തിരുമേനി വ്യക്തിബന്ധങ്ങൾക്ക് വളരെ വില കൽപിക്കുന്നു. ദേശീയ അന്തർദേശീയ തലങ്ങളിൽ തിരുമേനിക്ക് ഈടുറ്റ വ്യക്തി ബന്ധങ്ങളുണ്ട്. സൗഹൃദത്തോടുകൂടിയ പെരുമാറ്റം പ്രായഭേദമന്യേ എല്ലാതുറയിലും പെട്ട ആളുകളെ തിരുമേനിയോട് അടുപ്പിക്കുന്നു. ഇന്ന് അനേകരും തങ്ങൾ വളരുന്നതിനോടൊപ്പം ഉള്ളിലെ നൈർമല്യം കളയു



കയും പെരുമാറ്റത്തിൽ കപടത കാട്ടുകയും ചെയ്യുന്നതാണ് പദവിക്ക് നല്ലത് എന്ന് ചിന്തിക്കുകയും ചെയ്യുമ്പോൾ തിരുമേനിയുടെ സ്നേഹം വെറുമൊരു വികാര പ്രകടനമല്ല അത് ഉണ്മയുടെ പ്രകാശനമാണ്. പരിചയവും അടുപ്പവും ഉള്ളവരുടെ ഏതാവശ്യങ്ങൾക്കും എന്തു ക്ലേശം സഹിച്ചും എത്ര ദൂരത്തുനിന്നാണെങ്കിലും തിരുമേനി ഓടിയെത്തുന്നത് അതുകൊണ്ടാണ് . ഒരിക്കൽ പരിചയപ്പെട്ട ആളെ വീണ്ടും കാണുമ്പോൾ പരിചയമില്ലായ്മ നടിക്കുന്ന സ്വഭാവം ഇന്നു മാത്രമല്ല വേഗം ഓർത്തെടുക്കുന്നതിനും തിരുമേനിക്ക് കഴിയും. കണ്ടതും കേട്ടതുമായ കാര്യങ്ങൾ ശിലയിൽ കൊത്തിവച്ചതുപോലെ തിരുമേനിയുടെ മനസിൽ പതിഞ്ഞുകിടക്കും. കർമ്മശുദ്ധിയാണ് ഓർമ്മശക്തിയുടെ നിദാനം.

## പരിസ്ഥിതി സ്നേഹി

പരിസ്ഥിതി പ്രശ്നത്തെ ഒരു ആദ്ധ്യാത്മീക പ്രശ്നമായി ഏറ്റെടുക്കുന്ന തിരുമേനി പ്രകൃതി സംരക്ഷണം മനുഷ്യന്റെ ഉത്തരവാദിത്തവും ദൈവം ഭര

മേൽപിച്ച ദൗത്യമെന്ന് നിരന്തരം ഓർമ്മിപ്പിക്കുന്നു. ഒരു മരം മുറിച്ചാൽ പകരം രണ്ട് വൃക്ഷത്തെ എങ്കിലും നടണം എന്നുള്ളത് തിരുമേനിയുടെ ഓരു ആഹ്വാനമാണ്. ഭക്ഷണ രീതിയിലും ജീവിതചര്യ കളിലും തിരുമേനി ഒരു നാട്ടിൻപ്പുറത്തുകാരനാണ്. അത്ര ലളിതമാണ് ജീവിത ശൈലി.

## ദർശനങ്ങളുടെ ആവിഷ്ക്കാരകൻ

മലങ്കരസഭാതാരകയുടെ മെത്രാപ്പോലീത്തയുടെ കത്തിലൂടെയും തിരുമേനിയുടെ പ്രഭാഷണങ്ങളിലൂടെയും ആശയങ്ങളിലൂടെ ദർശനങ്ങളുടെ മനോഹരമായ ആവിഷ്ക്കാരം കാണാം. ആധുനീക ദൈവശാസ്ത്ര ധാരികളെ പറ്റി വ്യക്തമായ കാഴ്ചപ്പാടും ധാരണയുമുള്ള തിരുമേനിയെ ദൈവശാസ്ത്രജ്ഞന്മാർ മാത്രമല്ല ലോകചരിത്രത്തിലെ അനേകം വ്യക്തികളും അവരുടെ ചിന്തകളിലും സ്വാധീനിച്ചിട്ടുണ്ട്. ആത്മീയനേതാക്കളും രാഷ്ട്രീയ സാമീഹിക നേതാക്കളും അതിലുൽപ്പെടും. മാർച്ചിൻ ലൂതർ കിങ്ങും നെൽസൺ മണ്ടേലയും ബിഷപ് ഡെസ്മണ്ട്ട്ടുവും ഒക്കെ ആ ഗണത്തിലുണ്ട്. സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ആദ്ധ്യാത്മീക സാഹചര്യങ്ങളെ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നതോടൊപ്പം നല്ലകാര്യങ്ങളെ ശ്ലാഘിക്കുന്നതിൽ മുൻപന്തിയിലുമാണ് തിരുമേനി.

## ഐക്യത്തിന്റെ കാവൽക്കാരൻ

സഭകൾ തമ്മിലുള്ള ബന്ധം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധാലുവാണ് തിരുമേനി. എക്യുമെനിക്കൽ കൂട്ടായ്മയിലേക്ക് സഭകളെ ചേർക്കുന്നതിനും നിലനിർത്തുന്നതിനും ശ്രമിക്കുകയും പക്വവും കാലോചിതവുമായ നേതൃത്വം അതിന് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ആഗോള ക്രൈസ്തവ നേതാക്കളിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് തിരുമേനിയുടേത്. അഖില ലോക സഭാ കൗൺസിലിൽ പങ്കെടുത്ത് നേതൃത്വം നൽകുന്ന തിരുമേനി സഭകളുടെ കേരള കൗൺസിൽ, നാഷണൽ കൗൺസിൽ, ഏഷ്യൻ കൗൺസിൽ, എക്ലോഫ്, കാസ, ബൈബിൾ സൊസൈറ്റി എന്നിവയുടെ പ്രസിഡന്റായും സി.എസ്.ഐ.സി.എൻ.ഐ. മാർത്തോമ്മാ ജോയിന്റ് കൗൺസിൽ, ഇന്റർ ചർച്ച് കൗൺസിൽ, നിലയ്ക്കൽ ട്രസ്റ്റ് എന്നിവയ്ക്കും നേതൃത്വവും നൽകുന്നു. മലങ്കര കത്തോലിക്കാ സഭയുമായും അതിന്റെ മേലദ്ധ്യക്ഷന്മാരുമായും തിരുമേനിക്ക് ഊഷ്മളമായ ഹൃദയ അടുപ്പം ഉണ്ട്.

തുടർന്നും മനുഷ്യരോടുള്ള മമതയും കടപ്പാടും സഭയോടും സമൂഹത്തോടും പ്രതിബദ്ധതയും സർവ്വോപരി മനസ്ഥര്യവും വിശാലവീക്ഷണവും നിലനിർത്തുന്നതിനും പമ്പ പോലെ അനർഗളമൊഴുകി തീരങ്ങളെ നട്ടും നനച്ചും ജീവനും സജീവതയും നൽകി സമൃദ്ധിയിലെക്ക് ദൈവരാജ്യഅനുഭവത്തിലേക്ക് ലോകത്തെ നയിക്കുന്നതിനും സർവ്വ ശക്തൻ അഭി.തിരുമേനിയെ ബലപ്പെടുത്തട്ടെ.


■

# എട്ടാമത് ലോക സുറിയാനി സമ്മേളനം

നാലു വർഷത്തിലൊരിക്കൽ കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലോക സുറിയാനി സമ്മേളനത്തിന്റെ എട്ടാമത് സമ്മേളനം 2014 സെപ്റ്റംബർ 8 മുതൽ 16 വരെ 'സീരി' ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. സപ്തഭൂഖണ്ഡങ്ങളിൽ നിന്നും സുറിയാനി ഭാഷയിലും സാഹിത്യത്തിലും ഗവേഷകരും പ്രഫസർമാരും വിദ്യാർഥികളുമായി നാനൂറോളം പ്രതിനിധികൾ പങ്കെടുക്കുന്നതാണ്. നൂറ്റിയിരുപതിലധികം ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്ന സമ്മേളനത്തിൽ എൺപതിലധികം വിദേശ പ്രതിനിധികൾ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്. സുറിയാനി ഭാഷയും സാഹിത്യവും സംസ്കൃതിയും ആഴത്തിൽ അറിയുവാനും പങ്കുവയ്ക്കുവാനും വിവിധ സെഷനുകൾ സഹായിക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സുറിയാനി സഭാധ്യക്ഷന്മാരും വിവിധ സർവകലാശാലകളിൽ നിന്ന് സുറിയാനി ഭാഷാ വകുപ്പ് അധ്യക്ഷന്മാരും ഗവേഷണകേന്ദ്ര മേധാവികളും പങ്കെടുക്കുന്ന സമ്മേളനം സുറിയാനി സഭകളുടെ സംഗമഭൂമിയായ കേരളത്തിന്റെ സംസ്കാരവും സംസ്കൃതിയും സഭാദർശനങ്ങളും പരസ്പരം മനസിലാക്കുവാനും പങ്കുവയ്ക്കുവാനുമുള്ള അവസരവുമായിരിക്കും. കേരളത്തിൽ നിന്നുള്ള വിവിധ സഭാധ്യക്ഷന്മാരും സർവകലാശാലാ പ്രതിനിധികളും സമുദായനേതാക്കന്മാരും ജനനേതാക്കന്മാരും വിവിധ സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ കോട്ടയം 'സീരി'യുമായി ബന്ധപ്പെടേണ്ടതാണ്.

Ph: 0091-481-2564333, 2566333, 2560856.
E-mail: seeri@bsnl.in, maeri@dataone.in.
Web: www.seeri.org.

**ഫാ.ഡോ. ജേക്കബ് തെക്കേപറമ്പിൽ**
**ഡയറക്ടർ, സീരി**



# വേറിട്ട സ്വരം

## മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭി. സിറിൾ മാർ ബസേലിയോസ്

**ബിനോയ് മാത്യു**

തൃശൂർ ജില്ലയിലെ തൊഴിയൂർ (കുന്ദംകുളം) ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പുരാതന സുറിയാനി സഭയാണ് മലബാർ സ്വതന്ത്ര സുറിയാനി സഭ. ഇന്ന് ഈ സഭയുടെ പതിനാലാമത് മെത്രാപ്പോലീത്തയാണ് സിറിൾ മാർ ബസേലിയോസ് തിരുമേനി.

കേരള സുറിയാനി സഭ ചരിത്രത്തിൽ എക്യുമിനിസത്തിന് വലിയ സംഭാവന നൽകിയ പാരമ്പര്യമാണ് ഈ സഭയ്ക്കുള്ളത്. മലങ്കര ഓർത്തഡോക്സ്, മാർത്തോമ്മ സഭകൾക്ക് പ്രതിസന്ധിഘട്ടങ്ങളിൽ തിരുമേനിമാരെ വാഴിച്ചു നൽകുകയും ഈ സഭയുടെ ആവശ്യഘട്ടങ്ങളിൽ ഒക്കെത്തന്നെ മാർത്തോമ്മ സഭയിൽനിന്നും കൈവെപ്പ് സ്വീകരിക്കുകയും ചെയ്തു പോന്നിട്ടുണ്ട്. കേരള സുറിയാനി സഭകളുടെ ചരിത്രത്തിൽ സഹവർത്തിത്വത്തിന്റെ പാത എന്നും തുറന്നിടുവാനും തങ്ങളുടേതായ സംഭാവന നൽകുവാനും കാലാകാലങ്ങളിലുള്ള സഭാമേലദ്ധ്യക്ഷന്മാർ ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. ഇപ്പോൾ പരമാദ്ധ്യക്ഷ സ്ഥാനത്തുള്ള തിരുമേനിയും തന്റെ കാലഘട്ടത്തിൽ എക്യുമെനിക്കൽ കാഴ്ചപ്പാടുകൾക്ക് നേതൃത്വപരമായ പങ്കു വഹിച്ച് പാരമ്പര്യം തുടർന്നുപോരുന്നു.

കേരള കൗൺസിൽ ഓഫ് ചർച്ചിന്റെ ഉപാദ്ധ്യക്ഷനായും കുന്നംകുളം പ്രദേശത്തെ ക്രിസ്തീയ സഭകളുടെ കൂട്ടായ്മയായ ഐക്യസുവിശേഷ സംഘം അദ്ധ്യക്ഷനായും പ്രാദേശികവും സംസ്ഥാന തലത്തിലുള്ളതുമായ എക്യുമെനിക്കൽ ഗ്രൂപ്പുകളുടെ സംഘാടനത്തിനും നേതൃത്വത്തിനും തിരുമേനി തന്റെ പ്രവർത്തന മേഖലയുടെ ഭാഗമായി കാണാൻ സമയം കണ്ടെത്താറുണ്ട്.

2001–ൽ സഭയുടെ നേതൃത്വസ്ഥാനത്തേക്കുയർത്തപ്പെട്ട തിരുമേനി സഭയുടെ ഇപ്പോഴത്തെ വലിയ മെത്രാപ്പോലീത്ത ജോസഫ് മാർ കൂറിലോസ് തിരുമേനിയിൽനിന്നാണ് മേൽപ്പട്ട സ്ഥാനം സ്വീകരിച്ചത്. പോർക്കുളം കൂത്തൂരിൽ ചുമ്മാറിന്റെയും അമ്മിണിയുടെയും മകനായി 1956 ജൂലൈ 3–ാം തീയതി ജനിച്ചു. ജന്മദേശത്തെ സഭാവക സ്കൂളിൽ, സ്കൂൾ വിദ്യാഭ്യാസവും ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽനിന്നും ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. തുടർന്ന് തന്റെ ജീവിതം ദൈവിക വേലയ്ക്കാണെന്ന് തിരിച്ചറിഞ്ഞ് ദൈവനിയോഗം ഏറ്റെടുക്കാൻ സ്വയം സമർപ്പിതനാവുകയായിരുന്നു. സഭയുടെ വിവിധ ഇവകകളിൽ വികാരിയായും സഭാ സെക്രട്ടറി, സുവിശേഷ സംഘം, സൺഡേ സ്കൂൾ എന്നിവയുടെ സഭാതലത്തിലുള്ള നേതൃത്വം എന്നിവയിലൂടെ ദൈവമേഖലയിൽ തന്റെ അർപ്പണബോധവും കർമ്മശേഷിയും ഫാദർ സണ്ണി സഭയിലും സമൂഹത്തിലും തെളിയിച്ചിരുന്നു. മദ്രാസ് ഇടവക വികാരിയായിരുന്ന കാലഘട്ടത്തിൽ അവിടെയുള്ള ഇതര സഭകളിലും മലയാളികളുടെ കൂട്ടായ്മ രൂപപ്പെടുത്തുന്നതിനും ശ്ലാഘനീയമായ സേവനമാണ് അച്ചൻ നടത്തിയിരുന്നത് എന്ന് എടുത്തുപറയേണ്ടതാണ്. വൈദികവൃത്തിയിൽ മുന്നോട്ട് പോകവേ, ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ ഫാദർ സണ്ണിയെ, സിറിൾ മാർ ബസേലിയസ് എന്ന നാമധേയത്തിൽ സഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തേക്കുയർത്തി ദൈവം വലിയ കർത്തവ്യത്തിന് ചുമതലക്കാരനാക്കി. ഇന്ന് സഭയുടെ നേതൃത്വവും ഇതര ക്രിസ്തീയ സഭകളുടെ കൂട്ടായ്മയ്ക്ക് നേതൃത്വം വഹിക്കുകയും ചെയ്യുന്നതോടൊപ്പം സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ഒരു സഹായഹസ്തം ആവശ്യമായ നിരാലംബർക്ക് ഒരു അത്താണിയാവാനും തിരുമേനി തന്റെ ഈ സ്ഥാന ലബ്ധിയെ ഉപയോഗിച്ചുവരുന്നു. •



ബിഷപ് മാർ
യോഹന്നാൻ യോസേഫ്



പൗരസ്ത്യ കൽദായ
സുറിയാനി സഭയുടെ
ഭാരതസഭയുടെ
പരമാദ്ധ്യക്ഷൻ
ഡോ. മാർ അപ്രേം

# ഐക്യത്തിന്റെ ഹൃദയഭാവവുമായ്

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ഭാരതസഭയിലെ ഇപ്പോഴത്തെ പരമാദ്ധ്യക്ഷൻ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തയാണ്. 1940 ജൂൺ 13–ാം തീയതി തൃശൂരിലെ അരിമ്പൂർ മൂക്കൻ ദേവസ്സിയുടെയും കൊച്ചുമറിയത്തിന്റെയും നാലാമത്തെ സന്താനമാണ് അഭിവന്ദ്യ പിതാവ്. ജോർജ് ഡേവിസ് മൂക്കൻ എന്നായിരുന്നു ഔദ്യോഗിക നാമം.

പ്രാഥമിക വിദ്യാഭ്യാസം തൃശൂരിലെ സി.എം. എസ്. ബോയ്സ് പാരിഷ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം തൃശൂരിലെതന്നെ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിലും പൂർത്തിയാക്കി. 1955–ൽ സെന്റ് തോമസ് കോളേജിൽ ഇന്റർമീഡിയറ്റിനു ചേർന്നു. ഇന്റർ പാസ്സായി. ജബൽപ്പൂരിലെ ലിയണോർഡ് തിയോളജിക്കൽ കോളേജിൽ ദൈവശാസ്ത്രം പഠിക്കാനാരംഭിച്ചു. 21–ാം വയസ്സിൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ ബി.ഡി. ബിരുദം കരസ്ഥമാക്കി. തുടർന്ന് വേൾഡ് ക്രിസ്ത്യൻ കൗൺസിലിന്റെ സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിലെ സെന്റ് ബോണിഫെയ്സ് കോളേജിൽനിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി.

പൗരോഹിത്യ ശുശ്രൂഷയിലെ ആദ്യദാനങ്ങൾ സ്വീകരിക്കുന്നതും ഈ കാലയളവിലാണ്. ബി.ഡി. പൂർത്തിയാക്കിയപ്പോൾ അതായത്, 1962 ജൂൺ 25 –ാം തീയതി അന്നത്തെ മെത്രാപ്പോലീത്തയിൽനിന്ന് ശെമ്മാശപ്പദവി സ്വീകരിച്ചു. 1965 ജൂൺ 13–നാണ് കശീശ്ശ പദവിയിലേക്ക് ഉയർത്തപ്പെട്ടത്.

ദൈവശാസ്ത്രവും സഭാചരിത്രവും അഭിവന്ദ്യ പിതാവിന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. കാന്റർബറിയിലെ അഗസ്റ്റിൻസ് കോളേജിലും സ്വിറ്റ്സർലണ്ടിലെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും പഠിച്ച് സഭാചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടി. തുടർന്ന് അമേരിക്കയിലെ പ്രിൻസ്റ്റണിലെത്തി പഠനം തുടരവെയാണ് മഹായിടയന്റെ ദൗത്യനിർവ്വഹണത്തിനായി അദ്ദേഹം വിളിക്കപ്പെട്ടത്. പ്രിൻസ്റ്റണിൽ പഠിക്കുന്ന കാലത്ത് 1968 സെപ്തംബർ 21–ാം തീയതി ബിഷപ്പായും അതേ മാസം 29–ാം തീയതി മെത്രാപ്പോലീത്തയായും അദ്ദേഹം അഭിഷിക്തനായി. ബാഗ്ദാദിൽവച്ചാണ് സ്ഥാനാരോഹണ ശുശ്രൂഷ നടന്നത്. ഭാരതസഭയുടെ പരമാദ്ധ്യക്ഷനായി അദ്ദേഹം നിയമിതനായി.

സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽനിന്നും സഭാ

ചരിത്രത്തിൽ ഗവേഷണ ബിരുദം നേടിയിട്ടുള്ള അഭിവന്ദ്യ പിതാവ് 1976 മുതൽ 1982 വരെ ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സ്വദേശത്തും വിദേശത്തും പൗരസ്ത്യ സഭ പല പേരുകളിൽ അറിയപ്പെടുന്നു. ബാബിലോണിയൻ സഭ, കൽദായ സുറിയാനി സഭ, നെസ്തോറിയൻ സഭ, സെലൂഷ്യ ടെസിഫോണിലെ സഭ എന്നിങ്ങനെ പല പേരുകൾ. ഒന്നാം നൂറ്റാണ്ടിൽത്തന്നെ സ്ഥാപിതമായ ഈ അതിപുരാതന സഭാവിഭാഗത്തിന്റെ ഇന്ത്യയിലെ ഇപ്പോഴത്തെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യനായ അപ്രേം പിതാവാണ്.

ദേശീയവും അന്തർദേശീയവുമായ വിവിധ സിംപോസിയങ്ങളിലും കോൺഫ്രൻസുകളിലും പങ്കെടുക്കാനും പ്രബന്ധാവതാരകനാകാനും അഭിവന്ദ്യ പിതാവിന് സാധിച്ചിട്ടുണ്ട്. സഹോദരസഭകളുമായി ചേർന്ന് പ്രവർത്തിക്കാനും സൗഹൃദബന്ധം നിലനിർത്താനും അദ്ദേഹം എപ്പോഴും ശ്രമിക്കാറുണ്ട്.

1962-ൽ ജനീവയിലെ ഒരു ഹ്രസ്വകാലപരിശീലനത്തിനുശേഷം ഭാരതത്തിലേക്ക് മടങ്ങുംവഴി മദ്ധ്യപൗരസ്ത്യദേശങ്ങളിൽ പോയി സഭാ കേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ദമാസ്കസ്, ബെയ്റൂട്ട്, മൂസൽ, ബാഗ്ദാദ്, ബസ്ര, യെരുശലേം എന്നീ പ്രദേശങ്ങളിൽ വിശ്വാസത്തിന്റെ സ്ഥാപനപതിയായി അദ്ദേഹം എത്തിച്ചേർന്നു. യാക്കോബായ സുറിയാനിസഭയുടെ പരമോന്നതാദ്ധ്യക്ഷനെയും കൽദായ കത്തോലിക്കാ സഭയുടെ പാത്രിയർക്കീസിനെയും ഈ അവസരത്തിൽ അദ്ദേഹം സന്ദർശിക്കുകയുണ്ടായി.

1962 -ൽ തന്നെ തന്റെ ഇംഗ്ലണ്ട് സന്ദർശന വേളയിൽ അവിടത്തെ ആംഗ്ലിക്കൻ ദൈവാലയത്തിൽവച്ച് സഭയുടെ വിശ്വാസാചാരപ്രകാരമുള്ള കാനോനിക നമസ്കാരത്തിന് അദ്ദേഹം നേതൃത്വം നൽകി.

1968 മുതൽ കേരള ക്രിസ്ത്യൻ ചർച്ചസ് എന്ന എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായി പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ കേരള കൗൺസിൽ ഓഫ് ചർച്ചസിലും അഭിവന്ദ്യ പിതാവ് സജീവമായി സഹകരിച്ചുകൊണ്ടിരിക്കുന്നു. 1969 -ൽ എൻ.സി.സി.ഐ.യിൽ സഭയ്ക്കുവേണ്ടി അദ്ദേഹം അംഗത്വമെടുത്തു. ഈ സംഘടനകൾ റോമൻ കത്തോലിക്കേതര സഭകളുടെ കൂട്ടായ്മയായതിനാൽ ആ വിഭാഗങ്ങളിൽപ്പെട്ട പിതാക്കന്മാരുമായി വിപുലമായ ഒരു സൗഹൃദസഞ്ചയം മെനഞ്ഞെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

1972-ൽ സെന്റ് തോമസിന്റെ 1900-ാം രക്തസാക്ഷിത്വ വാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് തൃശൂരിലെ കത്തോലിക്കാ സഭാമേലദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം തിരുമേനിയുമായി കൈകോർത്ത് എക്യുമെനിസത്തിന്റെ നല്ലപാഠം സ്വന്തം നഗരത്തിൽത്തന്നെ നടപ്പിലാക്കി. സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭം കുറിക്കുന്നതിനും മറ്റും അഭിവന്ദ്യ പിതാവ് റവ. ഡോ. ജേക്കബ് അച്ചനോട് ചേർന്ന് പ്രവർത്തിച്ചിരുന്നു. പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ പ്രതിനിധിയായി സഭകളുമായുള്ള സംവാദങ്ങളിൽ അദ്ദേഹം നേതൃനിരയിലുണ്ടാകാറുണ്ട്. ഇതിനകംതന്നെ 75 ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധീകരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇക്കൂട്ടത്തിൽ സഭാചരിത്രഗ്രന്ഥങ്ങളും ദൈവശാസ്ത്രഗ്രന്ഥങ്ങളും യാത്രാവിവരണങ്ങളും ഫലിത പുസ്തകങ്ങളും പാട്ടുകളും ഉൾപ്പെടുന്നു. 68-ൽപരം വിദേശയാത്രകൾ അദ്ദേഹം നടത്തുകയുണ്ടായി. സഭയുടെയും വിശ്വാസത്തിന്റെ ദൗത്യമേറ്റെടുത്താണ് എല്ലാ വിദേശയാത്രകളും അദ്ദേഹം നിർവഹിച്ചത്.

എൻ.സി.സി.ഐ.യുടെ ഉപശാഖയായ Churches Auxilliary for Social Action (CASA) നുമായി സഹകരിക്കാനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും എന്നും അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു. ആയതിന്റെ സ്ഥാപക നേതാക്കളിൽ ഒരാൾകൂടെയാണ് അഭിവന്ദ്യ പിതാവ്.

പ്രശസ്ത മിഷനറിമാരായിരുന്ന അക്ബർ ഹവ്, ബില്ലി ഗ്രഹാം എന്നിവരോടുകൂടെ വേദി പങ്കിടാൻ സാധിച്ചത് തന്റെ ക്രൈസ്തവ സാക്ഷ്യത്തിന്റെ അവിസ്മരണീയ മുഹൂർത്തങ്ങളായി ഇന്നും അദ്ദേഹം കാത്തുസൂക്ഷിക്കുന്നു.

സെന്റ് എഫ്രേം എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഥമ ഗവേഷണ വിദ്യാർത്ഥിയാണ് അഭിവന്ദ്യ പിതാവ്. തന്റെ 60-ാം വയസിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് അദ്ദേഹം പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കി. ഇത് അദ്ദേഹം നേടിയ രണ്ടാമത്തെ ഗവേഷണ ബിരുദമാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

അദ്ദേഹം പ്രതിനിധാനം ചെയ്ത പൗരസ്ത്യ കൽദായ സുറിയാനി സഭയിൽ മൂന്നര പതിറ്റാണ്ടു കാലം കക്ഷിവഴക്കുകളുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ നീറുന്ന മനസ്സുമായി ജീവിച്ച ഏതാനും വ്യക്തികളിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏക വ്യക്തി അഭിവന്ദ്യ പിതാവാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ ഐക്യം യാഥാർത്ഥ്യമായി. ഐക്യപ്പെട്ട സഭയുടെ സാരഥിയായി 19 വർഷത്തോളം ദൈവമുമ്പാകെ നിൽക്കാൻ ദൈവം തിരുമനസ്സായെന്നത് തീരെ ചെറിയ കാര്യമല്ല.

പോ ഓറിയന്റെ, വത്തിക്കാൻ ഡയലോഗ് കമ്മിറ്റി എന്നീ പ്രസ്ഥാനങ്ങളിൽ അവയുടെ പ്രാതിനിധ്യം സ്തുത്യർഹമായി നിർവഹിക്കുന്നതിനും അഭിവന്ദ്യ പിതാവിന് കഴിഞ്ഞിരുന്നു.

ക്രൈസ്തവർക്കിടയിൽ ഇത്ര കണ്ട് സുസമ്മതനായ ഒരു പിതാവ് ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ക്രൈസ്തവേതരർക്കും അദ്ദേഹം അഭിഗമ്യനാണ്. മഹാപുരോഹിതന്റെ സ്ഥാനത്ത് 47 വർഷം പൂർത്തിയാക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്നതിൽ എന്റെ സഭാംഗങ്ങളോടൊത്ത് ഞാനും ദൈവമുമ്പാകെ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഇനിയും സഭയെ നയിക്കാൻ ദൈവം കരുത്തേകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●



# "I Love this Church, because I know its history"

## -Cardinal Tisrang

**ജിജു കറുത്തപുരയ്ക്കൽ**
**ചങ്ങനാശ്ശേരി**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി 1978 ഒക്ടോബർ 28-ാം തീയതി പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ തിരുവല്ല ഭദ്രാസനം വിഭജിച്ച് ബത്തേരി ഭദ്രാസനം സ്ഥാപിച്ചു.

ഇതിനും 20 വർഷം മുമ്പ് മാത്രമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഈ പ്രദേശത്തേയ്ക്ക് പ്രേഷിത പ്രവർത്തനം വ്യാപിക്കുവാൻ സാധിച്ചത്. അതിന് കാരണഭൂതൻ കർദ്ദിനാൾ ടിസറാങ്ങ് പിതാവും.

1884 ൽ ഫ്രാൻസിൽ ജനിച്ച പിതാവ് പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്നപ്പോൾ 1953 ഡിസംബർ മാസം ഭാരതം സന്ദർശിക്കുകയുണ്ടായി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക് ഈ കാലഘട്ടത്തിൽ ഭാരതപുഴയ്ക്ക് വടക്കോട്ട് പ്രേഷിത പ്രവർത്തനത്തിന് അനുമതി ഇല്ലായിരുന്നു. പിതാവിന്റെ സന്ദർശനത്തിനുശേഷം 1958 ഫെബ്രുവരി 14ന് മലങ്കര സഭയ്ക്ക് മലബാർ പ്രദേശത്ത് പ്രേഷിത പ്രവർത്തനത്തിന് റോമിൽ നിന്നും അനുമതി ലഭിച്ചു.

മദ്ധ്യതിരുവിതാംകൂറിൽ നിന്ന് മലബാർ പ്രദേശത്തേക്ക് കുടിയേറ്റം ആരംഭിക്കുന്നത് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1945 കാലങ്ങളിലാണ്. ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യം തുടർന്നുള്ള വർഷങ്ങളിൽ മധ്യതിരുവിതാംകൂറിൽ നിന്ന് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേശത്തേയ്ക്ക് കുടിയേറ്റത്തിന്റെ തീവ്രത വർദ്ധിക്കാൻ കാരണമായി. കുടിയേറ്റക്കാരിൽ ബഹുഭൂരിപക്ഷവും അദ്ധ്വാനശീലരായ സുറിയാനി കത്തോലിക്കർ ആയിരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ എവിടെ ആയിരുന്നാലും തങ്ങളുടെ സഭയുടെ വ്യക്തിത്വവും പൈതൃകവും തനിമയും സംരക്ഷിക്കാൻ ഉത്സുകരായിരുന്നെങ്കിലും ഭാരതപുഴയ്ക്ക് വടക്ക് ആയിരുന്നവർക്ക് 1958 വരെ സഭയായ് അതിന് അവസരം ഉണ്ടായിരുന്നില്ല.

മലബാർ പ്രദേശത്ത് പ്രേഷിത പ്രവർത്തനത്തിന് അവസരം ലഭിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭ 1958 ൽ ചീൻഗേരിയിലും മൂലൻകാവിലും മൈക്കാവിലും കേളത്തും നിലമ്പൂരും ഇടക്കരയിലും പാലൻകരയിലും ഉപ്പടിയിലും ഇടവകകൾ

സ്ഥാപിച്ചു. 1960 ഓടുകൂടി ചീത്തലയത്തും പുൽപ്പ ള്ളിയിലും മുറംപാത്തിയിലുംഓൻജിലും നടുവിലും കരുവരകുണ്ടിലും ഗൂഡല്ലൂരും ഉപ്പട്ടിയിലും ഇടവക കൾ ആരംഭിക്കാൻ മലങ്കര സഭയ്ക്ക് സാധിച്ചു. 2 വർഷംകൊണ്ട് 16 ഇടവകകൾ. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ജനങ്ങൾ സഭയായി തങ്ങ ലുടെ പ്രദേശത്ത് രൂപം പ്രാപിക്കാൻ എത്ര അധിക മായി ആഗ്രഹിച്ചു എന്ന് ഇത് വ്യക്തമാക്കുന്നു.

മലങ്കര സഭയ്ക്ക് മലബാർ പ്രദേശത്തേയ്ക്ക് പ്രേഷിത പ്രവർത്തനത്തിന് സ്വാതന്ത്ര്യം ലഭിക്കാൻ ടിസറാങ്ങ് പിതാവിനോടൊപ്പം പ്രവർത്തിച്ച മറ്റൊരു മഹത് വ്യക്തിത്വം കൂടിയുണ്ട്. ടിസറാങ്ങ് പിതാവി നെപ്പോലെ മലങ്കര സഭയെ സ്നേഹിച്ച് വളരെയ ധികം സഹായിച്ച ബഹുമാനപ്പെട്ട പ്ലാസിഡ് പൊടി



പാറയച്ചൻ. അച്ചൻ ചങ്ങനാശേരി അതിരൂപതയിൽ ഉൾപ്പെട്ട കർമ്മലീത്ത സന്യാസസഭാംഗമായിരുന്നു. ടിസറാങ്ങ് പിതാവിനോടൊപ്പം നിന്ന് പൗരസ്ത്യ തിരു സംഘത്തിന്റെ 'കൺസൾട്ടർ' ആയി പ്രവർത്തിച്ചത് മൂന്ന് ഡോക്ടറേറ്റ് ഉണ്ടായിരുന്ന പ്ലാസിഡ് പൊടി പാറ അച്ചനാണ്.

പണ്ഡിതവരേണ്യനായ ടിസറാങ്ങ് പിതാവ് ഭാര തത്തിലെ പുരാതന ക്രിസ്ത്യാനികളായ മാർത്തോമ്മാ നസ്രാണികളുടെ ചരിത്രം പണ്ഡിതോ ചിതമായി 'ഇൻഡ്യയിലെ പൗരസ്ത്യസഭ' (Eastern Christianity in India)എന്ന പേരിൽ ഒരു ഗ്രന്ഥം രചി ച്ചിട്ടുണ്ട്.

സുറിയാനി കത്തോലിക്കാ വൈദികർക്ക് റോമിൽ പഠിക്കാൻ കൂടുതൽ അവസരം ലഭിച്ചത് ടിസറാങ്ങ് പിതാവിന്റെ 1953 ലെ സന്ദർശനത്തിന് ശേഷമാണ്.

പുനരൈക്യനന്തരം ലത്തീൻ സഭയുടെ ആചാര അനുഷ്ഠാനങ്ങൾ അവിചാരിതമായി മലങ്കര സഭ യിൽ കൂട്ടിച്ചേർക്കപ്പെട്ടിരുന്നു. ഈ അവസ്ഥ യിൽനിന്ന് പുരാതന തനിമയിലേക്ക് മലങ്കര സുറി യാനി കത്തോലിക്കാ സഭയെ കൊണ്ടുവരാൻ 1957 ഫെബ്രുവരി 25ന് ടിസറാങ്ങ് പിതാവിന്റെ നേതൃത്വ ത്തിലുള്ള പൗരസ്ത്യ തിരുസംഘത്തിൽ നിന്നും അനുശാസനകൾ നൽകുകയുണ്ടായി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുൾപ്പെ ടുന്ന പൗരസ്ത്യ സഭകളുടെ മഹത്തായ ശ്ലൈഹിക പൈതൃകത്തെക്കുറിച്ചും സാർവ്വത്രിക സഭയിൽ അവയുടെ ദൗത്യത്തെക്കുറിച്ചും ഉന്നതമായ വീക്ഷ ണങ്ങൾ പുലർത്തിയിരുന്ന തികഞ്ഞ സഭാസ്നേ ഹിയും പണ്ഡിതനുമായിരുന്നു പിതാവ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അത്യധികം സ്നേഹിച്ച ടിസറാങ്ങ് പിതാവ് മലങ്കര സഭയെക്കുറിച്ച് പറഞ്ഞ പ്രശസ്തമായ വാക്യം ഉണ്ട്. ''ഞാൻ ഈ സഭയെ സ്നേഹിക്കുന്നു, കാരണം എനിക്ക് ഇതിന്റെ ചരിത്രം അറിയാം" . ഇത് സഭാംഗങ്ങൾക്ക് ഉണ്ടാകേണ്ട ചരി ത്രബോധത്തിന്റെ ആവശ്യകതയി ലേക്ക് വിരൽ ചൂണ്ടുന്നു.

1917 ആഗസ്റ്റ് 4-ാം തീയതി പൗരോഹിത്യം സ്വീകരിച്ച പിതാവ് പാരീസിലെ കത്തോലിക്കാ യൂണി വേഴ്സിറ്റിയിൽനിന്ന് ഹിബ്രൂ, ഗ്രീക്ക്, അറബി, സുറിയാനി എന്നീ പൗരസ്ത്യ ഭാഷകളിൽ ബിരുദം നേടിയിരുന്നു. 1936ൽ കർദ്ദിനാൾ ആയി. പൗരസ്ത്യ തിരുസംഘ ത്തിന്റെ തലവൻ, കർദ്ദിനാളായ ഡീൻ, വത്തിക്കാൻ ലൈബ്രേറി യൻ എന്നീ തലങ്ങളിൽ വിലപ്പെട്ട സേവനം കാഴ്ചവച്ചിട്ടുണ്ട്. 1959 ൽ പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് പുതിയ ഉത്തരവാദിത്വത്തിലേക്ക് പിതാവ് മാറ്റ പ്പെടുകയുണ്ടായി. പൗരസ്ത്യ സഭകളെ വളരയേറെ സ്നേഹിച്ചിരുന്ന പിതാവ് 1972 ഫെബ്രുവരി 21 ന് നിത്യസമ്മാനത്തിനായ് യാത്രയായി.

1953 ൽ പിതാവിന്റെ മലങ്കരയിലെ സന്ദർശന ത്തിന്റെ ഫലമായി പ്രേഷിത പ്രവർത്തനത്തിനെ അവസരം ലഭിച്ച പ്രദേശത്താണ് 84-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്നതു എന്നത് ദൈവനി യോഗം തന്നെ.

പിതാവിന്റെ സ്വർഗ്ഗ പ്രവേശനത്തിന്റെ 43-ാം വാർഷികം ആചരിക്കുമ്പോൾ നമ്മുടെ സഭയെ ഹൃദ യത്തോട് ചേർത്തുവച്ച് മലങ്കര മക്കളുടെ പ്രാർത്ഥ ന.

ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-

രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം.

●



ഫാ. ജോർജ്ജ് തേക്കടയിൽ

# സഭൈക്യത്തിന് ചില പ്രയോഗിക നിർദ്ദേശങ്ങൾ

## ആമുഖം

ദൈവം കൂട്ടായ്മയാണ്. മനുഷ്യരക്ഷക്കുവേണ്ടിയുള്ള ദൈവപദ്ധതിയായ സഭയും കൂട്ടായ്മയിലായിരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം വിളിച്ചു ചേർത്തവരുടെ കൂട്ടായ്മയാണ് സഭ. അത് കേവലം സമുദായ സംഘടനയല്ല. യേശുക്രിസ്തു വാകുന്ന മൂലക്കല്ലിന്മേലും അപ്പോസ്തേലന്മാരാകുന്ന അടിത്തറമേലും പണിതുയർത്തപ്പെട്ട സഭ യുഗാന്ത്യം വരെ നിലനിൽക്കേണ്ട യാഥാർത്ഥ്യമാണ്. മനുഷ്യപ്രകൃതി എപ്പോഴും കൂട്ടായ്മയിൽ നിന്നുള്ള അകൽച്ചയെ ഇഷ്ടപ്പെടുന്നു. കാരണം തിന്മയുടെ ശക്തി അത്രമേൽ പ്രബലമാണ്, ഭാരതത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ നിയുക്തനായ തോമസ് അപ്പസ്തോലനാൽ സ്ഥാപിതമായ ഭാരത സഭ ചരിത്രഗതിവിഗതികളാൽ ഛിന്നഭിന്നമായ അവസ്ഥയിലാണ്. പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനോട് ചേർന്ന കത്തോലിക്കാ കൂട്ടായ്മയിലും, ഓർത്തഡോക്സ്, പ്രോട്ടസ്റ്റന്റ്, പെന്തിക്കോസ്തൽ വിശ്വാസങ്ങളിലുമായി വിവിധ സഭകളിലായിട്ടാണ് മാർത്തോമ്മാ പൈതൃകമുള്ള സഭകൾ ആയിരിക്കുന്നത്.

സഭൈക്യം ദൈവഹിതമാണെങ്കിലും മനുഷ്യരിലെ സ്വാർത്ഥതയും പാപവും സഭൈക്യത്തെ എപ്പോഴും പിന്നോട്ടടിക്കുന്നു. കേരളസഭ സഭൈക്യമെന്ന സ്വപ്നത്തെ യാഥാർത്ഥ്യമാകുവാൻ അത്രയൊന്നും താല്പര്യമെടുക്കുന്നില്ല എന്നതാണ് വാസ്തവം. ഭൗതീക കാര്യങ്ങൾക്കായി കേരളസഭ നല്കുന്ന പ്രാധാന്യത്തോടൊപ്പം തന്നെ ആത്മീയ കാര്യങ്ങൾക്കും നല്കണമെന്നാണ് പറയാനുള്ളത്. കേരളത്തിലെ മാർത്തോമ്മാ നസ്രാണി പാരമ്പര്യമുള്ള സഭകൾ ഒന്നിച്ചു ചേരുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആയതിലേക്ക് ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ കേരള സഭയുടെ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

1. സഭൈക്യം എല്ലാ സഭകളുടെയും പ്രധാനപ്പെട്ട അജണ്ടകളിലൊന്നായി കാണുകയും അതനുസരിച്ചുള്ള കലാപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.
2. എല്ലാ സഭകളും കഴിവതും ഹൃദയ വിശാലതയും തുറവിയുള്ളവരെ സഭൈക്യരംഗങ്ങളിലെക്ക് കൊണ്ടുവരികയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സഭൈക്യമെന്നാൽ കേവലം ചില എക്യുമിനിക്കൽ പ്രവർത്തനങ്ങൾ മാത്രമായി കരുതാതെ യേശുക്രിസ്തു ആഗ്രഹിക്കുന്ന യഥാർത്ഥ ഐക്യമായ "ഒരിടയനും ഒരു തൊഴുത്തും" എന്ന യാഥാർത്ഥ്യനായി പ്രവർത്തനരംഗങ്ങൾ സജീകരിക്കുക.
4. കഴിഞ്ഞ കാലങ്ങളിൽ ഓരോ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള കുറ്റങ്ങളെയും കുറവുകളെയും വിസ്മരിക്കുകയും സഭൈക്യരംഗത്തെ ഒരു പ്രത്യാശാബോധം വളർത്തുകയും ചെയ്യുക.
5. മാനുഷികമായ ഇഷ്ടാനിഷ്ടങ്ങളെക്കാൾ ദൈവഹിതത്തിന് പ്രാധാന്യം നല്കിക്കൊണ്ട് സഭാനേതൃത്വവും സഭാംഗങ്ങളും ആത്മീയമായ മാറ്റത്തിന് തയ്യാറാവുക.
6. "Silly People thinks and do Silly things"(കൊച്ചു മനുഷ്യർ കൊച്ചുകാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു). സഭൈക്യരംഗത്തെ ഗൗരവമായി കരുതുകയും ചെറിയകാര്യങ്ങളുടെ പേരിൽ പരസ്പരം കുറ്റം പറഞ്ഞും ചെറിവാരിയെറിഞ്ഞും സഭൈക്യരംഗം മലിമസമാക്കാതിരിക്കുയും ചെയ്യുക.
7. അവരവരുടെ സ്വാർത്ഥതയുടെ കൂടാരങ്ങളുടെ കോട്ടങ്ങൾ പൊളിച്ച് മറ്റുള്ളവരെ മനസ്സിലാക്കാനും സ്നേഹിക്കാനും സഹകരിക്കാനും ശ്രദ്ധിക്കുക. മറ്റ് സഭകളെക്കുറിച്ച് നിഷ്പക്ഷമായി പഠിക്കാൻ ശ്രമിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുക.
8. മറ്റു സഭകളെ ആദരിക്കുകയും പിതാക്കന്മാരെയും വൈദികരെയൊക്കെ ബഹുമാനിക്കുക. ഏതു സഭയിലാണെങ്കിലും പൗരോഹിത്യം ശ്രേഷ്ഠമാണ്. അത് ദൈവത്തിന്റെ ദാനമാണ്, ദൈവവിളിയാണ് എന്ന് തിരിച്ചറിയുക.
9. ഇന്റർനെറ്റ്, ഫെയ്സ് ബുക്ക്, വാട്ട്സ് അപ്പ്, ട്വിറ്റർ

തുടങ്ങിയ ആധുനിക വാർത്താമാധ്യമങ്ങളിലും പത്രമാസികകളിലും മറ്റ് സഭകളെ താറടിച്ചു കാണിക്കുന്ന രീതി നിരുത്സാഹപ്പെടുത്തുക.

10. ഒരു സഭയ്ക്ക് മറ്റൊരു സഭയിൽ നിന്നും ഉണ്ടാകുന്ന തിക്താനുഭവങ്ങൾ പ്രസ്തുത സഭാനേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള വേദികൾ ഉണ്ടാക്കുക.

11. സഭാമൗലികവാദം നിരുത്സാഹപ്പെടുത്തുക. എന്റെ സഭമാത്രമാണ് ശരിയായിട്ടുള്ളതെന്ന ചിന്താഗതി പാടില്ല. മൗലികവാദം എപ്പോഴും ഒരുതരം ഒളിച്ചോട്ടമാണ്. സ്വന്തം സഭയെക്കുറിച്ച് ബോധ്യമില്ലാത്തതിന്റെ ലക്ഷണമാണ്. മൗലികവാദം തീവ്രവാദത്തിലേക്കും തീവ്രവാദം ഭീകരവാദത്തിലേക്കും നയിക്കപ്പെടാം.

12. "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ"യാണ് മാതൃസഭ. കത്തോലിക്ക സഭ ഈ നാലു ലക്ഷണങ്ങളും കത്തോലിക്ക സഭയിൽ ഉൾച്ചേരുന്നു(subsists) എന്നതാണ് പഠിപ്പിക്കുന്നത്. പൗരസ്ത്യ സഭകളെ സഹോദരിസഭകൾ എന്നാണ് കത്തോലിക്ക സഭ അഭിസംബോധന ചെയ്യുന്നത്. ഓരോ സഭയുടെയും വ്യക്തിത്വത്തെ പരസ്പരം ആദരിക്കേണ്ടതുണ്ട്.

13. ഔത്സുക്യം വെടിഞ്ഞ് യേശുക്രിസ്തുവിന്റെ മനോഭാവത്തിലേക്ക് എളിമയുടെയും ശൂന്യമാക്കലിന്റെയും തലത്തിലേക്ക് നാം ഇറങ്ങിവരേണ്ടതുണ്ട്. റോമിൽ മാർപ്പാപ്പയെ സന്ദർശിച്ചതിനു ശേഷം വെളുപ്പാൻ കാലത്ത് യാത്രപറയുന്ന നേരത്ത് ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ കാതോലിക്കാ ബാവായെയും സംഘത്തെയും യാത്രയയക്കുവാൻ വാഹനത്തിനടുത്തേക്ക് വന്ന ഫ്രാൻസിസ് മാർപാപ്പ ഈ വിശാലതയല്ലേ നമുക്കു കാണിച്ച് തന്നത്. കേരളസഭയിലെ പിതാക്കന്മാരും സഭാതലവന്മാരും വലുപ്പചെറുപ്പം നോക്കാതെ പരസ്പരം അരമനകളിലും വാസസ്ഥലങ്ങളിലും ചെന്നു കാണുവാനും സംഭാഷണം നടത്തുവാനും തയ്യാറാവണം. വലിയവർക്കുമാത്രമേ ചെറിയതലങ്ങളിലേക്ക് ഇറങ്ങിവരാനാവൂ. ദൈവം വലിയവനായതുകൊണ്ടാണല്ലോ മനുഷ്യനായതും കുരിശിൽ കിടന്നതും. അപ്പത്തിന്റെ രൂപത്തിൽ വി. കുർബാനയിൽ സന്നിഹിതനാകുന്നതും പഴയകാല സാമ്രാജ്യത്വമനോഭാവങ്ങളെ പാടെ പിഴിതെറിയെണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

14. സഭൈക്യമെന്നാൽ ലയനമല്ല എന്ന കാര്യം മനസ്സിലാക്കണം. സഭൈക്യം വിശ്വാസത്തിലും കൂദാശകളിലും പ്രത്യേകിച്ച് വി. കുർബാനയിലും ഹയരാർക്കിയിലുമുള്ള ഒന്നിപ്പാണ്. സഭൈക്യത്തിൽ ഒന്ന് മറ്റൊന്നിനെ ഇല്ലാതാകുന്നില്ല.

15. വിവിധ സഭകളുടെ തലവന്മാർ ഒന്നിച്ചുകൂടുകയും പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും അരൂപിയിൽ സഭയിൽ എങ്ങനെ ഐക്യം ഉണ്ടാകണമെന്നതിനെപറ്റി ചിന്തിക്കുകയും ചെയ്യുക. കേരള സഭയിലെ എല്ലാ പിതാക്കന്മാരും അനുയോജ്യമായ ഒരു കാലത്ത് ഒരാഴ്ച്ചക്കാലം ഒന്നിച്ചു കൂടി ധ്യാനം, പ്രാർത്ഥന, പഠനം, ചർച്ചകൾ എന്നിവയ്ക്കായ് ചെലവഴിക്കുക. ഓരോ ദിവസവും ഓരോ സഭാതലവന്മാർ അദ്ധ്യക്ഷം വഹിക്കുക.

16. സത്യം ദൈവദാനമാണ്. സത്യമായിട്ടുള്ളതിനു മാത്രമേ നിലനിൽപ്പുള്ളു. താൽക്കാലിക ലാഭങ്ങൾക്കായി ചരിത്രങ്ങളെ വളച്ചൊടിക്കരുത്. ഒരു പക്ഷേ താൽക്കാലിക വിജയം അസത്യത്തിന്റെ കൂടെയാകാം. പക്ഷെ ശാശ്വത വിജയം എന്നും സത്യത്തോടൊപ്പമാണ്. സഭാചരിത്രം നിഷ്പക്ഷമാകണം, വസ്തുനിഷ്ഠമാകണം.

17. കേരളസഭയിൽ നിലവിലുള്ള എക്യുമെനിക്കൽ സംരംഭങ്ങളെ ഏകോപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കേരളസഭാ നേതൃത്വം നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിച്ചാൽ മാത്രമേ ഇക്കാര്യം നടപ്പിലാവുകയുള്ളൂ.

18. കേരളസഭയിൽ അനേകം ധ്യാനകേന്ദ്രങ്ങളുണ്ട്. അവയൊക്കെ ആത്മീയഫലങ്ങൾ പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നു. ഓരോ ധ്യാനകേന്ദ്രത്തിലും എല്ലാ സഭാവിഭാഗങ്ങളിൽ നിന്നുള്ളവരും പങ്കെടുക്കുന്നവരുണ്ട്. ധ്യാനകേന്ദ്രങ്ങൾ സഭൈക്യമെന്ന വലിയ ചിന്തകളും ബോധ്യങ്ങളും നൽകുന്നതിന് താൽപര്യമെടുക്കേണ്ട സ്ഥലമാണ്. ഇക്കാര്യത്തിലും കേരളസഭാനേതൃത്വം ഇച്ഛാശക്തിയോടെ പ്രവർത്തിക്കേണ്ടതും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

19. സഭയിൽ പ്രാദേശികമായി നേതൃത്വം നൽകുന്നവർ വൈദികരാണ്. എല്ലാ സഭകളിലുമുള്ള ഭൂരിഭാഗം വൈദികരും സഭൈക്യകാര്യങ്ങളിൽ താൽപര്യമുള്ളവരാണ്. പല പ്രദേശങ്ങളിലും വൈദികരുടെ എക്യുമെനിക്കൽ സമ്മേളനങ്ങൾ നടക്കാറുമുണ്ട്. അവയുടെ ശാക്തികരണവും ഏകോപനവുംപ്രധാനപ്പെട്ട കാര്യമാണ്.

20. എല്ലാ സഭകളിലും ഭദ്രാസനഅടിസ്ഥാനത്തിലും സഭാ അടിസ്ഥാനത്തിലും വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന എക്യുമെനിക്കൽ കമ്മീഷനുകൾ രൂപികരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ വിവിധ സഭകളുടെ ഏകോപനവേദിയായ ഇന്റർ ചർച്ച് കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും ഏകോപിക്കുകയും വേണം.

21. ഇന്റർ ചർച്ച് കൗൺസിൽ പ്രവർത്തനങ്ങൾ കുറെകൂടെ സജീവമാക്കേണ്ടതുണ്ട്. അതിനായി ഒരു എക്സിക്യൂട്ടിവ് കൗൺസിൽ തന്നെ രൂപികരിക്കേണ്ടതാണ്. ഒരു നിശ്ചിത കാലത്തിനുള്ളിൽ വിവിധ സഭകളുടെ തലവന്മാർ കൂടിവരുകയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വേണം. ഒപ്പം വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കേരളസഭയിലെ എല്ലാ സഭകളിലെയും പിതാക്കന്മാർ ഒന്നിച്ചു കൂടി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും വേണം.

22. വൈദിക വിദ്യാർത്ഥികൾ ഭാവിയിൽ സഭയെ നയിക്കുവാൻ ഉള്ളവരാണ്. അവർക്ക് സഭൈക്യ കാര്യങ്ങളിൽ കൂടുതൽ അവബോധമുണ്ടായിരിക്കുവാൻ തക്കവണ്ണമുള്ള പഠനപരിപാടികൾ ക്രമീകരിക്കുക. ഇന്റർ സെമിനാരി പ്രോഗ്രാമുകൾ ക്രമികരിക്കുക. വിവിധ സഭകളിലെ വിവിധ വിഷയങ്ങളിലുള്ള പണ്ഡിതന്മാർ ഒരുമിച്ച് കൂടി പഠനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ ഇവയൊക്കെ നടത്തുന്നതിന് വേദിയൊരുക്കുക.

23. കേരളസഭയിൽ പ്രസിദ്ധീകരണങ്ങൾ അനേകമുണ്ട്. അവയൊക്കെ സഭൈക്യമെന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം നല്കാൻ ശ്രദ്ധിക്കുക.

24. അഭി.പിതാക്കന്മാരും സഭാ പിതാക്കന്മാരുമൊക്കെ സഭൈക്യം എങ്ങനെ പ്രാവർത്തികമാക്കാമെന്ന് കാണിച്ചു കൊടുക്കുക. കാരണം സഭൈക്യം ദൈവേഷ്ടമാണ്. മനുഷ്യരുടെ ഇഷ്ടത്തേക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിന് പ്രാധാന്യം നല്കുക.

25. സഭൈക്യം ലക്ഷ്യമെന്നതിനെക്കാൾ മാർഗ്ഗമാണ്. യഥാർത്ഥലക്ഷ്യങ്ങൾ യേശുക്രിസ്തുവിലുള്ള മനുഷ്യകുലത്തിന്റെ ഒന്നിപ്പാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ലോകത്തിന്റെ സുവിശേഷീകരണമാണ് സഭൈക്യത്തിന്റെ ലക്ഷ്യം. സഭകൾ വിശ്വാസത്തിൽ ഒന്നായാൽ മാത്രമെ ഫലപ്രദമായി ലോകത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ സാധിക്കുകയുള്ളൂ.

26. സഭൈക്യമെന്ന ദൈവീക സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ കേരള സഭ അതിനെ ഗൗരവമായിട്ടെടുക്കുകയും സഭയിലെ ഇടയന്മാർ അതിന് വേണ്ട പ്രാധാന്യം നല്കി പ്രാർത്ഥനാ വിവിധ സഭൈക്യ കർമ്മ പരിപാടികൾ എന്നിവ സഭയിലൊന്നാകെ പ്രാവർത്തികമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. എല്ലാ പിതാക്കന്മാരും സഭൈക്യം ആവരുടെ കർമ്മപദ്ധതികളിൽ ഏറ്റവും പ്രാധാന്യമുള്ള ഒന്നായി കരുതണം. പ്രാർത്ഥനയും ഉപവാസവും സഭയൊന്നാകെ പ്രോത്സാഹിപ്പിച്ച് ദൈവീക ഈടപെടലിനായി വിട്ടു കൊടുക്കേണ്ടതുണ്ട്.

### ഉപസംഹാരം

ഭിന്നിപ്പ് പാപമാണ്. ഐക്യം പുണ്യവും. ഐക്യം തന്നെയായ ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്ന ക്രൈസ്തവർ അനൈക്യത്തിലായിരിക്കുന്നത് പാപത്തിലായിരിക്കുന്നതിന് തുല്യമാണ്. യേശുക്രിസ്തുവിന്റെ സ്വപ്നവും തന്നിൽ വിശ്വസിക്കുന്നവരുടെ ഒന്നിപ്പായിരുന്നു. അങ്ങനെ മനുഷ്യ വർഗ്ഗം മുഴുവനും “ഒരിടയനും ഒരാട്ടിൽ പറ്റവും” ആകുക എന്നതാണ് ലക്ഷ്യം. മാർത്തോമ്മ ശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ ക്രൈസ്തവ സമൂഹം ഇന്ന് വിവിധ ധ്രുവങ്ങളിലാണ്. എല്ലാ മാർത്തോമ്മാ പൈതൃക സഭകളും ഒരിടയന്റെ നേതൃത്വത്തിലാക്കേണ്ട് കാലഘട്ടത്തിന്റെ ആവശ്യമാണ്.


●

## മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ് ടീം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഔദ്യോഗിക യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ് ടീം നിലവിൽ വന്നു. ജൂലൈ 16-ാം തീയതി പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്ന ചടങ്ങിൽ 37 പേരടങ്ങുന്ന പുതിയ അംഗങ്ങളെ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുവസ്ത്രവും നിയമനകല്പനയും നല്കി ചുമതല ഏൽപ്പിച്ചു. വലിയ ഇടവകളിലും സ്ഥാപനങ്ങളിലും വി. കുർബാന നല്കുന്നതിനു വൈദീകരെസഹായിക്കാനുള്ള ചുമതലയാണ് സഭയുടെ പരി. സുന്നഹദോസ് പുതിയ അംഗങ്ങളെ ഭരമേൽപിച്ചത്. തിരുവന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്ന് 23 പേരും മാർത്താണ്ഡം ഭദ്രാസനത്തിൽ നിന്ന് 12 പേരും തിരുവല്ല അതിഭദ്രാസനത്തിൽ നിന്നു 2 പേരുമാണ് നിലവിൽ അംഗങ്ങളായുള്ളത്. ആരാധന കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. ഡോ.തോമസ് കൂറിലോസ് മെത്രാപ്പോലിത്താ ആശംസകൾ നേർന്ന് അനുഗ്രഹ പ്രഭാഷണം നിർവ്വഹിച്ചു. അംഗങ്ങൾക്കുള്ള പരിശീലന ക്ലാസുകൾക്ക് റവ.ഡോ. ആന്റണി കാക്കനാട്ട്, റവ. ഡോ ഐസക് പറപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.

**ഉപകാര സ്മരണ**


താമസിച്ചതിന് ക്ഷമാപണം



**ഒരു വിശ്വാസി**
**കോയിപ്രം**

**ഉപകാര സ്മരണ**

താമസിച്ചതിന് ക്ഷമാപണം



**ഒരു വിശ്വാസി**
**കുമ്പളന്താനം**

## ടീച്ചേഴ്സ് ഗിൽഡ്

മലങ്കര കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവല്ലാ അതിരൂപതാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. മാത്യു പി. ഏബ്രഹാം, പുത്തൻപീടികയിൽ, മുണ്ടക്കയം സെന്റ് ജോർജ്ജസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററാണ്.

## അമ്മ മനസ്സ്



**അന്നമ്മ വർഗീസ്**

# അമ്മേ! നിന്റെ കുഞ്ഞെവിടെ!???

"ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38) എന്ന് ദൈവത്തിന്റെ മാലാഖയോട് സമ്മതം പറഞ്ഞ് ദൈവഹിതത്തിന് സ്വയം സമർപ്പിച്ച കന്യക ഒരു പുത്രനെ പ്രസവിച്ചു. അവൾ അവനെ പാലൂട്ടി തന്റെ മാറോട് ചേർത്തണച്ചു. ദൈവാലയത്തിൽ കൂടെ കൊണ്ടു പോയി ദൈവകരങ്ങളിൽ സമർപ്പിച്ചു. യഹോവയെ കാണിച്ചു കൊടുത്തു. വിശുദ്ധ ലിഖിതങ്ങൾ പഠിപ്പിച്ചു. മാലാഖയുടെ വെളിപ്പെടുത്തൽ അനുസരിച്ച് യേശുവെന്ന് പേരിട്ടു.

അവൻ നസ്രത്തിന്റെ കുഞ്ഞു ഭവനത്തിൽ കുഞ്ഞിക്കാലിൽ പിച്ചവെച്ചു നടന്നു. മാതാപിതാക്കളെ ബഹുമാനിച്ച് അവരെ അറിഞ്ഞു സ്നേഹിച്ച്, അനുസരിച്ച് ജീവിച്ചു. അവരോടൊപ്പം പള്ളിയിൽ പോയി.

കൊച്ചുളി ചുറ്റിക വര കോലുകൊണ്ടവൻ
കുഞ്ഞുനാൾ തൊട്ടു പണി ചെയ്തില്ലേ
അമ്മയാം മേരിക്ക് സാമോദമോടവൻ
വെള്ളവും കോരി കൊടുത്തതില്ലേ?

ഇന്നിന്റെ അമ്മേ, നീ ഉദരത്തിൽ പേറി, നൊന്തു പ്രസവിച്ച നിന്റെ പൊന്നോമന ഇന്നെവിടെ? കുഞ്ഞിന്റെ ഓരോ കാൽവയ്പും വളർച്ചയുടെ പടവുകൾ, അവൻ/ അവൾ പിന്നിട്ടത് നീ അറിഞ്ഞോ? കുഞ്ഞിന്റെ അടിസ്ഥാന അവകാശങ്ങൾ ഭവനത്തിൽ നിന്നും ലഭിക്കേണ്ടത് സമയാസമയങ്ങളിൽ അവർക്ക് നൽകുവാൻ സാധിച്ചുവോ? ഒന്ന് തലോടാൻ, ഒന്ന് പ്രശംസിക്കുവാൻ, കഴിവുകളെ കണ്ടെത്തുവാൻ സാധിച്ചോ? കുഞ്ഞു കുഞ്ഞു തെറ്റുകൾ സ്നേഹപൂർവ്വം തിരുത്താൻ മാനസിക സംഘർഷങ്ങളിൽ സമാശ്വാസമാകുവാൻ സാധിച്ചുവോ?

ആധുനികയുഗത്തിൽ ശരിയായ ദിശ കാട്ടി കൊടുക്കുവാൻ മാതാപിതാക്കൾക്ക് സാധിക്കാതെ വരുമ്പോൾ കുഞ്ഞുങ്ങളുടെ കാലിടറുന്നത് നാം അറിയുന്നുണ്ടോ? കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി മനസ്സിലാക്കാതെ മുന്നോട്ടുവയ്ക്കുന്ന ഡിമാന്റുകൾ; ആഢംബര ജീവിതം നയിക്കുവാൻ, ന്യൂജനറേഷൻ ട്രന്റ് ഹോബിയുമായി കുഞ്ഞുങ്ങളെ മാതാപിതാക്കളുടെ കരങ്ങളിൽ ഒതുക്കി നിർത്താൻ ഇന്ന് സാധിക്കുന്നില്ല. ഇന്ന് കുഞ്ഞുങ്ങളുടെ ഭീഷണിക്ക് മാതാപിതാക്കൾ വിധേയരാകുന്നു. പട്ടിണി കിടന്നും, കടം വാങ്ങിയും മക്കളെ തൃപ്തിപ്പെടുത്തുവാൻ ഒരു വിഭാഗം കഷ്ടപ്പെട്ട് ആത്മഹത്യയെക്കുറിച്ചുവരെ ചിന്തിക്കുന്നു.

മറ്റൊരു വിഭാഗം കുഞ്ഞുപ്രായം മുതൽ ലോകത്തിന്റെ എല്ലാ സുഖസൗകര്യങ്ങളും മക്കൾക്ക് നൽകി മറ്റാരേയുംകാൾ മുന്നിലാകാൻ വേണ്ടതൊക്കെ അത്യാകർഷക വസ്ത്രങ്ങൾ, അത്യാധുനിക ഉല്പന്നങ്ങൾ പുതുതായി കമ്പോളത്തിൽ എത്തുന്നതെന്തും മക്കൾ ആവശ്യപ്പെട്ടാൽ അത് തങ്ങളുടെ മക്കൾക്ക് ശരിക്കും ആവശ്യമുണ്ടോയെന്ന് ചിന്തിക്കാൻ മാതാപിതാക്കൾ മെനക്കെടാറില്ല. തങ്ങളുടെ മക്കൾ ആഢംബര ജീവിതത്തിൽ മറ്റാരേയുംകാൾ മുന്നിലാകണമെന്നും അതാണ് ജീവിത സാഫല്യമെന്നും ഇന്നിന്റെ മാതാപിതാക്കൾ കരുതുന്ന കാലം.

വിവര സാങ്കേതിക മാർഗ്ഗങ്ങൾ വർദ്ധിച്ചപ്പോൾ മക്കൾ മാതാപിതാക്കന്മരേക്കാൾ മിടുക്കന്മാരാകുന്ന കാലം. മിടുക്കരാകണം, വളരണം, ഉന്നതിയുടെ പടവുകൾ താണ്ടിക്കയറണം. പക്ഷേ ഇന്നത്തെ കുഞ്ഞുങ്ങളിൽ പലരും ഇതിലൂടെ നമുക്ക് നഷ്ടപ്പെടുന്നില്ലേ? ഹൈടെക് മാധ്യമങ്ങളിലൂടെ കുഞ്ഞുങ്ങൾ നേടുന്ന അറിവ് എന്താണെന്ന് അറിയാൻ നാം മെനക്കാറുണ്ടോ? അവരുടെ കൂട്ടുകെട്ടുകൾ, ജീവിതശൈലി, കുടുംബബന്ധം, അവർ സഞ്ചരിക്കുന്ന മാർഗ്ഗം ഇന്ന് നമുക്കറിയുമോ?

ഇന്ന് ആൺ പെൺ ഭേദമെന്യേ നമ്മുടെ മക്കളിൽ പലരും മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. പിടിച്ചു പറി, തട്ടിപ്പ്, ക്വട്ടേഷൻ, പലവിധ പീഡനങ്ങൾ, വിവിധ മാഫിയ എന്നിവയിലൂടെ ഇന്ന് കുഞ്ഞുങ്ങളുടെ ജീവിതം താറുമാറാകുകയാണ്. ധാർമ്മികമൂല്യങ്ങൾ തകർന്ന കുഞ്ഞുങ്ങൾ കുത്തഴിഞ്ഞ ജീവിതത്തിന് അടിമയാകുകയാണ്. ജീവിതവിശുദ്ധി കളഞ്ഞു കുളിച്ച് സർവ്വം നഷ്ടപ്പെടുത്തുന്ന കാലം. വിവാഹജീവിതത്തിൽ ദൈവപദ്ധിയറിയാതെ, സ്വവർഗ്ഗ വിവാഹത്തിൽപോലും താല്പര്യപ്പെടുന്ന മക്കൾ. വരും നാളുകളിൽ കുടുംബം എന്നൊന്ന് നിലനിൽക്കുമോ? "ശൈശവത്തിൽതന്നെ നടക്കേണ്ട വഴി പഠിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്നും വ്യതിചലിക്കുകയില്ല" (സുഭാ. 22:6).



ഇന്നിന്റെ അമ്മേ, അത്യാധുനികതയുടെ മാസ്മരശക്തിയിൽ മുഴുകി, കുഞ്ഞുങ്ങൾ ദൈവത്തെ മറക്കാൻ ഉത്തരവാദി ആരാണ്? ഉദരത്തിൽ ഉരുവാകുമ്പോഴേ കുഞ്ഞിനെ ലോകത്തിന്റെ മായാമോഹസ്വപ്നലോകത്തേക്ക് അമ്മമാർ നയിക്കുന്നു. അനർഘമായ മുത്താണെന്നും അത് നമ്മുടെ കഴിവുകൊണ്ടു നേടിയതല്ലെന്നുമുള്ള സത്യം നാം മറക്കുന്നു.

കാലം ഒത്തിരി മാറി. ഒരു കാലത്ത് കണ്ടാൽ പാപം, കേട്ടാൽ പാപം, ചെയ്താൽ പാപം; ഈയവസ്ഥയായിരുന്നു. ദൈവസ്നേഹവും പാപബോധവും മനുഷ്യനിൽ നിറഞ്ഞിരുന്നു. എന്നാൽ ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ അത്യാധുനികതയിൽ ദൈവസ്നേഹത്തിനോ പാപബോധത്തിനോ അധികം ആരിലും സ്ഥാനമില്ല.

അമ്മമാരേ, നമ്മുടെ വീഴ്ചകളിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം. എവിടെയാണ് നമ്മുടെ കാലിടറിയത്? ഗർഭസ്ഥ ശിശുവുമായി ദൈവഭവനത്തിൽ പോകാൻ നാം താല്പര്യം കാണിച്ചുവോ? ഉദരസ്ഥ ശിശുവിനെ ദൈവകൃപകൊണ്ട് നിറയ്ക്കുവാൻ നാം പ്രാർത്ഥിച്ചുവോ? കൈക്കുഞ്ഞ് ദൈവാരാധനയ്ക്കും കൗദാശിക ജീവിതത്തിനും നമുക്ക് തടസ്സമായിരുന്നില്ലേ? സമയാസമയങ്ങളിൽ നടക്കേണ്ട വിശ്വാസ ചൈതന്യം, സഭയുടെ പ്രബോധനങ്ങൾ തുടങ്ങിയവ നാം അവർക്ക് നൽകിയോ? വർദ്ധിച്ചുവരുന്ന നമ്മുടെ തിരക്കുകളിൽ ഔദ്യോഗിക കാര്യങ്ങൾ, വീട്ടുകാര്യങ്ങൾ, മൊബൈൽ തിരക്ക്, മാറി മാറിവരുന്ന സീരിയലുകൾ, ഓരോ ദിവസവും പുറത്തിറങ്ങുന്ന പുതിയ വസ്ത്രങ്ങളും മറ്റ് ഉല്പന്നങ്ങളും വാങ്ങാനുള്ള തിരക്ക്, ഇവയിൽ മുങ്ങുന്ന അമ്മമാർക്ക് സ്വന്തം കൈകൊണ്ട് ആഹാരസാധനങ്ങൾ പോലും പാകംചെയ്യാനും സ്നേഹവാത്സല്യത്തോടെ വിളമ്പാനോ, കുഞ്ഞുങ്ങളെ അറിയാനോ സാധിക്കുന്നില്ല. പുറംമോടി കാണിക്കാൻ കടംവാങ്ങി ജീവിക്കുന്ന അമ്മമാർക്ക് ഭർത്താവിന്റെ അദ്ധ്വാനത്തെയോ, വരുമാന മാർഗ്ഗത്തെയോ, കുടുംബ സാമ്പത്തികാവസ്ഥയോ കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കത്തില്ല. സത്യദൈവത്തെയും ധാർമ്മികമൂല്യങ്ങളെയും കുഞ്ഞുങ്ങളിൽ നിറയ്ക്കേണ്ടത് കുടുംബത്തിൽനിന്നും ആണ്. ദൈവം സ്നേഹമാണെന്നും സദാ കൂടെ വസിക്കാൻ ആഗ്രഹിക്കുന്നവനാണെന്നും ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്നും, കുഞ്ഞുനാൾ മുതൽ അറിയണം. ആൺ പെൺ ഭേദമെന്യേ കുഞ്ഞുപ്രായം മുതൽ കുഞ്ഞുങ്ങളുമായി ഇടപെടുന്ന വ്യക്തികൾ, ബന്ധങ്ങൾ, സാഹചര്യങ്ങൾ ഇവയിൽ മാതാപിതാക്കൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇന്ന് പീഡനത്തിന്റെ യുഗമാണ്. പ്രായത്തിന്, ലിംഗത്തിന്, ഭേദമില്ലാത്ത കലിയുഗം.

ഭാരതം ഒരിക്കൽ മുനിവര്യന്മാരുടെ വ്രതശുദ്ധിയാലും ജപമന്ത്രങ്ങളാലും പരിശുദ്ധമായിരുന്നു. ഇന്ന് പഴയ അവസ്ഥയിലേക്കാണ് സഭ നമ്മെ നയിക്കുന്നത്. നമ്മുടെ പുരോഹിതർ, സന്യസ്തർ, സമർപ്പിതർ, ദൈവത്തിന് ഒന്നാം സ്ഥാനം നൽകുന്ന അത്മായർ എന്നിവരുടെ ദൈവാശ്രയത്താൽ നാം സംരക്ഷിക്കപ്പെടുന്നുണ്ട്.

ഭാരതസ്ത്രീയുടെ ശാലീനതയും തുമ്പപ്പൂവിനെപ്പോൽ വിശുദ്ധിയും കുലീനത്വവുമുള്ള ആടയാഭരണങ്ങളാൽ അലംകൃതയായ ഭാരതസ്ത്രീ ലോകം മുഴുവന്റെയും മാതൃകയായിരുന്നു.

ഇന്ന് പറയാൻ അറയ്ക്കുന്ന, കാണാൻ അറയ്ക്കുന്ന ജീവിത മ്ലേച്ഛതകൾക്ക് കുഞ്ഞുങ്ങൾ അടിമകളാണ്. മദ്യവും മയക്കുമരുന്നും തുടങ്ങി അതിലൂടെ തകരുന്ന ജീവിതമൂല്യങ്ങളും വിശുദ്ധിയും കുഞ്ഞുങ്ങൾ അറിയുന്നില്ല.

നമുക്ക് ഈയവസ്ഥയിൽ ഒന്നും ചെയ്യാനില്ലേ? കുഞ്ഞുങ്ങളുടെ അനാവശ്യ അത്യാവശ്യങ്ങൾ നടത്തിക്കൊടുക്കുകയല്ല മാതാപിതാക്കളുടെ ഉത്തരവാദിത്വം. ദൈവസ്നേഹം മാതാപിതാക്കളിലൂടെ അവർക്ക് ലഭിക്കട്ടെ. മാതാപിതാക്കളുടെ നന്മനിറഞ്ഞ, ദൈവാശ്രയത്വമുള്ള ജീവിതം അവർ കണ്ട് പഠിക്കട്ടെ. അവരുടെ തെറ്റുകൾ സ്നേഹത്തോടെ ക്ഷമിച്ച് അവരെ തിരുത്താം. ഒരവസ്ഥയിലും അവരെ കൈവിടാതിരിക്കട്ടെ. കുടുംബ പ്രാർത്ഥനകൾ, കൂദാശാനുഷ്ഠാനങ്ങൾ, അവയ്ക്കുള്ള ഒരുക്കം, ഇതൊക്കെ അവർ മാതാപിതാക്കളിൽ നിന്നും മറ്റു മുതിർന്നവരിൽനിന്നും പഠിക്കട്ടെ.

ഉദരംകൊണ്ട് എല്ലാവർക്കും ജന്മം നൽകുവാൻ സാധിച്ചില്ലെങ്കിലും ഹൃദയംകൊണ്ട് എല്ലാമക്കൾക്കും നമുക്ക് അമ്മയാകാം. ഈശോയുടെ തിരുഹൃദയത്തിൽ അവരെ സമർപ്പിക്കാം. പെറ്റമ്മയെ കൂടാതെ സഹരക്ഷകയായ പരിശുദ്ധ കന്യക മാതാവ് അവരുടെ ശക്തിയേറിയ മദ്ധ്യസ്ഥയായി കൂടെയുണ്ടെന്ന് ഉറപ്പു നൽകാം. കുഞ്ഞിക്കാലുകൾ ദൈവസ്നേഹത്തിലൂടെ നന്മയിലൂടെ ഉയരങ്ങളിലെത്തട്ടെ.

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യശില്പി മാർ ഈവാനിയോസ് പിതാവ് വിഭാവന ചെയ്ത ദൈവസ്നേഹം ജീവിത ലാളിത്യം, ആത്മവിശുദ്ധി, സ്വയം സമർപ്പണം എന്നിവ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും മാർഗ്ഗദീപമാകട്ടെ.

●

കുടുംബവേദി

വർഗീസ് വെള്ളാപ്പള്ളിൽ

# ആത്മാവിൽ ദരിദ്രർ...

"ജനക്കൂട്ടത്തെ കണ്ടപ്പോൾ ഈശോ മലയിലേക്കു കയറി. അവർ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി: ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." (മത്താ. 5:1-3).

സുവിശേഷ ഭാഗ്യങ്ങളുടെ രത്നച്ചുരുക്കമായ വാചകം ക്രൈസ്തവ ജീവിതത്തിന്റെ അന്തസത്തയാണ്, ക്രിസ്ത്യാനിയുടെ ജീവിതശൈലിയാണ്.

"അങ്ങ് പാവപ്പെട്ടവർക്ക് കോട്ടയും ദരിദ്രന്റെ കഷ്ടതകളിൽ അവന് ഉറപ്പുള്ള അഭയവുമാണ്." (എശയ്യ 25:4).

"അവിടുന്ന് ദരിദ്രനെ പൊടിയിൽനിന്നുയർത്തുന്നു. അഗതിയെ ചാരക്കൂനയിൽനിന്ന് ഉദ്ധരിക്കുന്നു." (സങ്കീ. 113:7).

ദരിദ്രർ മാത്രം സ്വർഗ്ഗരാജ്യത്തിന് അവകാശികളായിത്തീരുമെന്നും സമ്പന്നർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നും ഇതിനർത്ഥമില്ല. ഈശോ ഒരുപോലെ ദരിദ്രരുടെയും സമ്പന്നരുടെയും രക്ഷകനായാണ് കടന്നുവരുന്നത്. അതുകൊണ്ട് സമ്പത്ത് അതിൽതന്നെ ഒരു തിന്മയല്ല, ദാരിദ്ര്യം അതിൽതന്നെ ഒരു നന്മയുമല്ല.

ദാരിദ്ര്യം പുണ്യമായിട്ടും ദരിദ്രനെ നീതിമാനായിട്ടും ചിത്രീകരിക്കുന്നത് പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്നു. ദരിദ്രർ എന്ന വാക്ക് അർത്ഥപൂർണ്ണമായ സങ്കല്പമാണ്. "അവൻ സമ്പന്നനായിട്ടും നിങ്ങളെ പ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകുവാൻവേണ്ടിതന്നെ."(2 കൊരി. 8-9). ഈശോ തന്റെ ജീവിതം വഴി വരച്ചുകാട്ടിയ യഥാർത്ഥ സമ്പത്തിന് അഥവാ സ്വർഗ്ഗരാജ്യത്തിന് അടിസ്ഥാനം ദാരിദ്ര്യമാണ് എന്ന് വ്യക്തമാക്കുകയാണ് ഇവിടെ.

അപ്പോൾ എന്താണ് ദാരിദ്ര്യം?

ദാരിദ്ര്യം എന്നത് ഭൗതിക സമ്പത്ത് ഇല്ലാതിരിക്കുന്ന അവസ്ഥ മാത്രമല്ല. ഇത് നമ്മുടെ ആത്മാവിന്റെ അവസ്ഥയാണ്. ഇത് ദൈവത്തിലുള്ള സമ്പൂർണ്ണമായ ആശ്രയമാണ്, സമർപ്പണമാണ്. നാം എത്രമാത്രം ദരിദ്രരും ദൈവത്തെക്കൊണ്ട് ആവശ്യമുള്ളവരുമാകുന്നുവോ അത്രമാത്രം ദൈവം ദൈവസ്നേഹത്താൽ നിറയും. നാം എത്രമാത്രം ഭൗതിസമ്പത്തുള്ളവരാകുന്നുവോ അത്ര കുറച്ചു മാത്രമേ നമുക്ക് ദൈവകൃപ ലഭിക്കുകയുള്ളൂ. ദൈവത്തെക്കൊണ്ട് നമുക്ക് കാര്യമായ ആവശ്യമില്ലാത്തതു തന്നെ കാരണം. ദൈവത്താൽ നിറയപ്പെടാനുള്ള ആവശ്യത്തിലേക്കും അതിനായി നമ്മെ വിട്ടുകൊടുക്കുവാനുള്ള വിധേയമനോഭാവത്തിലേക്കും നമ്മെ നയിക്കുന്ന ഒരു ആന്തരികാവസ്ഥയാണ് യഥാർത്ഥ ദാരിദ്ര്യം. ഈ അവസ്ഥ സമ്പന്നനും ദരിദ്രനും ഒരുപോലെ പ്രാപ്യമാക്കാവുന്നതാണ്. ഈശോയ്ക്കുവേണ്ടി സർവ്വതും ഉപേക്ഷിക്കുന്നവനെക്കാൾ കൂടുതൽ ദൈവതിരുമുൻപിൽ സമ്പന്നനായി മറ്റാരുമില്ല. അവന് യാതൊന്നും ആവശ്യമില്ല. എല്ലാം അവൻ ഈശോയിൽ കാണുന്നു.

ധനവാൻ എങ്ങനെ സ്വർഗ്ഗരാജ്യത്തിന് അവകാശിയാകും?

ഭൗതിക സമ്പത്ത് എത്രയുണ്ടായിരുന്നാലും അഹങ്കാരത്തിന്റെ പടിയിലേക്ക് തങ്ങളെത്തന്നെ വിട്ടുകൊടുക്കാത്തവരും ദരിദ്രന്റെയും ബുദ്ധിമുട്ടനുഭവിക്കുന്നവരുടെയും ആവശ്യങ്ങളുടെ നേർക്കു ചെവിചായ്ക്കുകയും ചെയ്യുന്നവർ ആണ് യഥാർത്ഥത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ അഥവാ ദൈവതിരുമുൻപിൽ സമ്പന്നർ. ഇവർ തങ്ങളുടെ സ്വർണ്ണത്തിലോ വെള്ളിയിലോ പ്രതീക്ഷവയ്ക്കുന്നില്ല. മറ്റുള്ളവർക്കു ദാനങ്ങൾ നൽകുവാനായി ദൈവം നമുക്കു നൽകിയിരിക്കുന്ന ദാനങ്ങളാണ് നമ്മെ ഭൗതികമായി സമ്പന്നരാക്കുന്നത് എന്ന അവബോധം ഇവർക്കുണ്ടായിരിക്കും. ഇവർ സമ്പന്നരെങ്കിലും ദൈവതിരുമുൻപിൽ അംഗീകരിക്കപ്പെട്ടവരും സ്വർഗ്ഗരാജ്യത്തിന് അവകാശികളുമായിത്തീരും.

അതുകൊണ്ട് ഭൗതികമായി നാം സമ്പന്നരോ ദരിദ്രരോ എന്നു പരിഗണിക്കാതെ വിനീതഹൃദയരിലും മറ്റുള്ളവരെ പരിഗണിക്കുകയും സഹായിക്കുകയും ചെയ്യുന്നവരിൽ ദൈവം കൃപ വർഷിക്കുന്നു. അതിനാൽ അഹങ്കാരത്തിലേക്ക് നമ്മെ നയിക്കുന്നതിനെയൊക്കെയും തള്ളിക്കളയുക. ദൈവത്തെക്കൊണ്ട് നമുക്ക് ആവശ്യമുണ്ടെന്നും അവൻ നമ്മെ സമ്പന്നനാക്കുമെന്നും വിശ്വസിക്കുക. അതുകൊണ്ട് ദൈവതിരുമുൻപിൽ ദരിദ്രനായിരിക്കുന്ന അവസ്ഥ തെരഞ്ഞെടുക്കുക. നമുക്കു ചുറ്റുമുള്ള സഹോദരങ്ങളെ പരിഗണിക്കുന്നവരായി മാറുക.

എന്താണ് ആത്മാവിന്റെ ദാരിദ്ര്യം?

മനുഷ്യൻ ആത്മീയനാണ്, ആത്മാവുള്ളവനാണ്. ഇത് ദൈവം മനുഷ്യനു നൽകിയ മഹത്തായ ദാനമാണ്. ഈ ആത്മാവിന് ജീവൻ ഇല്ലാത്തതാണ് മനുഷ്യന്റെ അസ്വസ്ഥതകളുടെ എല്ലാം ഉറവിടം.

കുറവൊന്നിമില്ലാത്ത പൂർണ്ണതയൊത്ത മനുഷ്യനായ ഈശോയുമായി താരതമ്യപ്പെടുത്തുമ്പോൾ നാം അപൂർണ്ണരും ബലഹീനരുമാണെന്നു ബോദ്ധ്യമാകും. താൻ യേശുവിൽനിന്ന് അകലെയാണെന്നും തന്റെ മനുഷ്യപ്രകൃതിയിൽ ദൈവസ്വഭാവം തീരെയില്ലെന്നും, ആത്മാവിന്റെ ബലമോ ജ്ഞാനമോ ആത്മീയ സമ്പത്തോ തനിക്കില്ലെന്നും മനസ്സിലാക്കുന്നവൻ - അവനാണ് ആത്മാവിൽ ദരിദ്രൻ. ➤

# പ്രശ്നങ്ങളോട് മല്ലിടുക



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

പ്രശ്നങ്ങളും തടസ്സങ്ങളും പ്രയാസങ്ങളുമില്ലെങ്കിൽ ജീവിതം സുഖകരമാവുകയില്ല എന്നതാണ് യാഥാർത്ഥ്യം. പ്രശ്നങ്ങളും പ്രയാസങ്ങളും ഇല്ലാതിരിക്കുക എന്നതല്ല സന്തോഷം മറിച്ച് പ്രശ്നങ്ങൾ വിജയകരമായി പരിഹരിക്കുന്നതിലാണ്, പ്രയാസങ്ങളെ വിജയകരമായി അതിജീവിക്കുന്നതിലാണ് സന്തോഷം. ഒരു പ്രശ്നത്തിൽ നിന്നും ഒളിച്ചോടുന്നതിനു വേണ്ട അത്രയും ശക്തി മതി അതുമായി മല്ലിടുന്നതിനും അതിനെ കീഴടക്കുന്നതിനും. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുമ്പോൾ അത് നിങ്ങളെ എല്ലായിടങ്ങളിലും പിന്തുടരുന്നതായി കാണാം. അതുമായി മല്ലിട്ട് അത് പരിഹരിക്കുക, എന്നന്നേയ്ക്കുമായി അത് അപ്രത്യക്ഷമാകും.

പ്രശ്നങ്ങൾ എല്ലായ്പ്പോഴും നിശ്ചിത ഇടവേളകളിൽ നമ്മെ തേടിയെത്തുന്നു എന്നത് ഒരു യാഥാർത്ഥ്യമായിരിക്കേ നിശ്ചിത സമയത്തിനുള്ളിൽ അത് പരിഹരിച്ച് ഒഴിവാക്കണം, അല്ലാത്ത പക്ഷം അവ കുന്നുകൂടി, നിങ്ങളെ കീഴ്പ്പെടുത്തിക്കളയും. പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ കുന്നുകൂടി അവയുടെ ഭാരത്താൽ മാനസികമായും ശാരീരികമായും ആദ്ധ്യാത്മികമായും തകർന്ന നിരവധിപ്പേരെ നമുക്ക് ചുറ്റും കാണാൻ സാധിക്കും.

പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളുമായി മാനസികമായും ശാരീരികമായും പൊരുത്തപ്പെടാനാവാതെ വരുമ്പോൾ കുന്നുകൂടുന്ന പ്രശ്നങ്ങളുടെ ഭാരം ഏറി അവയിൽ നിന്ന് ഒളിച്ചോടാനാകാതെ വരുമ്പോൾ വ്യാജമായ മാനസികാവസ്ഥകൾ സൃഷ്ടിക്കാൻ പലരും നിർബന്ധിതരാകുന്നു. മനസ്സിന്റെ ഈ അവസ്ഥയാണ് അൻപത് ശതമാനം ശാരീരിക രോഗങ്ങളുടെയും നിദാനം. ഇതിനുള്ള ഏക പരിഹാരം പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ തന്നെ അവ പരിഹരിക്കുക എന്നതാണ്. അപ്പോൾ പരിഹരിക്കപ്പെടാതെ പ്രശ്നങ്ങൾ കുന്നുകൂടുകയില്ല.

ഒരു പ്രശ്നത്തിന്റെ യഥാർത്ഥ വസ്തുതകൾ ഒരാൾ മനസ്സിലാക്കുകയും ശക്തമായി മല്ലടിക്കുവാൻ തയ്യാറാവുകയും ചെയ്താൽ അയാൾ കൂടുതൽ ശക്തനായി മാറുന്നു. എന്നാൽ ഒരു പ്രതിസന്ധിയുടെ യാഥാർത്ഥ്യം വിസ്മരിച്ച് അതിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചാൽ പ്രശ്നം വലുതായാലും ചെറുതായാലും അയാൾ ജീവിതം ദുരിതപൂർണ്ണമാക്കുകയാണ് ചെയ്യുന്നത്.

ഓരോ പ്രശ്നത്തെയും മുഖത്തോട് മുഖം നേരിട്ട് അതിന്റെ നടുവിലേയ്ക്ക് പൂർണ്ണമനസ്സോടെ ഇറങ്ങിച്ചെന്ന് യാഥാർത്ഥ്യ ബോധത്തോടെ അതുമായി മല്ലിടുമ്പോൾ പ്രശ്നത്തിന് തൃപ്തികരമായ പരിഹാരം കണ്ടെത്തുവാൻ സാധിക്കും. പ്രശ്നങ്ങളോട് മല്ലടിക്കുക മാത്രമല്ല, വേഗത്തിലും പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കണ്ടെത്താൻ കഴിയുന്ന രീതി അവലംബിക്കണം.

നാം കണ്ടില്ലെന്ന് നടിച്ചാൽ പ്രശ്നങ്ങൾ അകന്നു പോകുകയില്ല. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടിയാൽ അതിൽ നിന്ന് രക്ഷപെടുവാൻ കഴിയുകയില്ല. ഓരോ പ്രശ്നത്തെയും അഭിമുഖീകരിക്കുകയും പൂർണ്ണ മനസ്സോടെ അതിന്റെ നടുവിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയും അതുമായി മല്ലടിച്ച് പരിഹാരം കണ്ടെത്തുകയും വേണം, ആ പ്രശ്നത്തെ ജീവിതത്തിൽ നിന്ന് അടർത്തിക്കളയണം.

പ്രശ്നങ്ങൾ പരിഹരിച്ച് മുന്നേറുന്നവർക്ക് ജീവിതം എപ്പോഴും വിജയകരമായിരിക്കും. യാതൊരുവിധ പ്രതിസന്ധികൾക്കോ, എതിർപ്പുകൾക്കോ, വിമർശനങ്ങൾക്കോ ഇവയെ തളർത്താൻ പറ്റില്ല. ഇവയോരോന്നും ഓരോ ഗുണപാഠമാക്കി ഇവയിൽ നിന്നെല്ലാം പുതിയ അറിവുകൾ നേടി ഇവർ വിജയഗോപുരങ്ങൾ കീഴടക്കി മുന്നേറും. ●

---

► "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും?" (മത്തായി 16:26).

"ഞാൻ ധനവാനാണ്, എനിക്ക് സമ്പത്തുണ്ട്, ഒന്നിനും കുറവില്ല എന്നു നീ പറയുന്നു. എന്നാൽ നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനുമാണെന്ന് നീ അറിയുന്നില്ല" (വെളി. 3:17). ഇതാണ് യാഥാർത്ഥ്യം. എനിക്ക് എല്ലാമുണ്ടെന്നു കരുതുമ്പോഴും നമ്മുടെ സ്ഥിതി നികൃഷ്ടവും ദയനീയവുമാണ് എന്ന സത്യം നാം തിരിച്ചറിയുന്ന നിമിഷം നമ്മൾ ഭാഗ്യവാന്മാരും ഭാഗ്യവതികളുമായി മാറും.

സമ്പത്തു വെട്ടിപ്പിടിക്കാനുള്ള ഉദ്ദേശത്തിനിടയിൽ, നമുക്ക് എല്ലാമുണ്ടായിരുന്നിട്ടും അത്മാവിന് ജീവനില്ല എന്ന തിരിച്ചറിവ്, എനിക്കു നഷ്ടപ്പെട്ടിരിക്കുന്നത് വിലയേറിയതാണെന്ന ബോദ്ധ്യം, അതു നമ്മെ സത്യത്തിലേക്കു നയിക്കും. നാം അന്വേഷണം ആരംഭിക്കുകയും ചെയ്യും.

അതിനാൽ നമ്മുടെ ആത്മാവിന്റെ ദാരിദ്ര്യം തിരിച്ചറിയുകയാണ് സ്വർഗ്ഗരാജ്യം അവകാശമാക്കാനുള്ള വഴി എന്ന ബോദ്ധ്യത്തിലേക്ക് നമുക്ക് ...................

STUDENTS' ONLY



ബാലദീപം

# വഴിതെറ്റുന്ന ബാല്യം

**സിമി അച്ചൻകുഞ്ഞ്**
**M.C.C.L സെക്രട്ടറി തിരുവല്ല അതിരൂപത**


മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നമ്മുടെ ഇടയിൽ അനുദിനം വർദ്ധിച്ചുവരികയാണ്. പ്രതിശീർഷ മദ്യഉപഭോഗത്തിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നു. പണ്ട് ആഘോഷങ്ങളിലും വിരുന്നുസത്കാരങ്ങളിലും അതിഥിയായി എത്തിയിരുന്ന മദ്യം ഇന്ന് ഓരോ വ്യക്തികളുടെയും ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു.

ഏകദേശം ഒരു മില്യനോളം കുട്ടികൾ മദ്യത്താൽ ദുരുപയോഗം ചെയ്യപ്പെടുകയാണ് എന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. 10-ൽ 9 പേരും മദ്യം കഴിക്കുന്നവരാണ്. എന്നാൽ അതിൽ ഏറ്റവും കൂടുതൽ കുട്ടികളാണ് എന്നു പറയുമ്പോൾ വിശ്വസിക്കുവാൻ ബുദ്ധിമുട്ടാണ്. കുട്ടികളടക്കം എല്ലാവരും മദ്യോപയോഗം ഒരു നല്ല സംസ്കാരമാക്കി മാറ്റിയെടുത്തിരിക്കുന്നു. ഒരു കുട്ടി ചെറുപ്പത്തിൽ തന്നെ മദ്യത്തിനടിമയായിത്തീരുമ്പോൾ പിന്നീടുള്ള അവന്റെ ജീവിതം മദ്യം കഴിക്കുന്നതിനുവേണ്ടി മാത്രം ആയിത്തീരുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ കൂടുതൽ സമയം ചെലവിടുന്നത് ഒന്നുകിൽ സ്കൂളുകളിലോ അല്ലെങ്കിൽ വീടുകളിലോ ആണ്. അതിനാൽ ഒരു കുട്ടി നല്ല ശീലങ്ങൾ പഠിക്കുന്നതും നല്ല വ്യക്തിത്വമായി തീരുന്നതും സ്കൂളുകളിൽനിന്നോ വീടുകളിൽ തന്റെ മാതാപിതാക്കന്മാരിൽനിന്നോ മറ്റുമാണ്. എന്നാൽ വീട്ടിൽ കുടിക്കുന്ന അച്ഛനുണ്ടെങ്കിൽ തീർച്ചയായും ആ വീട്ടിൽ ജീവിക്കുന്ന കുട്ടിയും ഏറെത്താമസിയാതെ മദ്യോപയോഗത്തിലേക്ക് കടന്നുചെല്ലുന്നു. അതുപോലെ സ്കൂളുകളിലും മറ്റും ചീത്ത കൂട്ടുകെട്ടുകളിലകപ്പെട്ട് മദ്യത്തിനടിമകളായ കുട്ടികളെ നമുക്ക് കാണാൻ സാധിക്കും. കൂട്ടുകാരുടെ മുമ്പിൽ ഷൈൻ ചെയ്യാനും ആളാകാനുമായി മദ്യം എളുപ്പവഴി ആക്കുന്ന കുട്ടികളാണ് ഇന്ന് ഏറെയും. അതുപോലെ ജീവിതത്തിലെ നിരാശകളെയും തോൽവികളെയും തളർച്ചകളെയും നീക്കം ചെയ്യാൻ മദ്യം അവരെ അൽപനേരത്തേക്ക് സഹായിക്കുന്നു. അങ്ങനെ മദ്യപാനത്തിലേക്ക് ചെറുകുരുന്നുകൾ വഴുതിവീഴുന്നു. മദ്യം കഴിക്കാനാവാതെ വരുമ്പോൾ വിറയലും തളർച്ചയും ഉണ്ടാവുകയും അത് പഠനത്തെയും അവൻ ഏർപ്പെട്ടിരിക്കുന്ന എല്ലാ മേഖലകളെയും ബാധിക്കുന്നു. തന്മൂലം അമിത മദ്യോപയോഗം കുട്ടികളുടെ തലച്ചോറിനെ ബാധിക്കുകയും ഓർമ്മ കുറഞ്ഞ് അൽഷിമേഴ്സ്, ഡിമെൻഷ്യാ എന്നീ രോഗത്തിനടിമയാവുകയും ചെയ്യുന്നു. നല്ല തീരുമാനങ്ങൾ ജീവിതത്തിൽ എടുക്കാൻ പഠിക്കേണ്ട കുട്ടികൾ, നാളെ ഒരു നല്ല സമൂഹം വാർത്തെടുക്കേണ്ട കുട്ടികൾ, കുടിച്ച് ബോധമില്ലാത്തവരായി തീർന്നിരിക്കുകയാണ്.

ക്രൈസ്തവ വിശ്വാസികളായ നാമെല്ലാവരും മദ്യപാനത്തിലേക്ക് തിരിയുന്നത് വചനത്തോടുള്ള വിശ്വാസക്കുറവു മൂലമാണ്. അറിഞ്ഞുകൊണ്ട് നാശത്തിലേക്ക് നടന്നുകേറുന്നത് ദൈവവിശ്വാസം ഉള്ളിൽ ഇല്ലാതാകുന്നതിനാലാണ്. നാമെല്ലാവരും പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ്. തന്റെ ഉള്ളിൽ പരിശുദ്ധാരൂപിയിലൂടെ രൂഢമൂലമായിരിക്കുന്ന സ്വർഗീയ പിതാവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കി ഒന്നായിരിക്കുക എന്നതാണ് ഒരുവന്റെ വ്യക്തിത്വത്തിലേക്കുള്ള യാത്രയിൽ അവനിൽ നിന്ന് ആവശ്യപ്പെടുന്നത്. ആദ്ധ്യാത്മികമായി പറഞ്ഞാൽ യൗവ്വനകാലം തന്റെ ഉള്ളിൽ വസിക്കുന്ന ദൈവം എന്ന വ്യക്തിയുമായി സ്ഥാപിക്കുന്ന ദൃഢമായ ഒരു ബന്ധത്തിന്റെ കാലമാണ്. മദ്യപാനത്തിലൂടെ നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ് നഷ്ടമാകുന്നത്. ഇതുമൂലം ദൈവവുമായുള്ള ബന്ധം നമ്മിൽനിന്നും നഷ്ടപ്പെടുന്നു. വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്. 'അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ അവഗണിക്കുന്നവൻ മനുഷ്യനെയല്ല, പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നൽകുന്ന ദൈവത്തെയാണ് അവഗണിക്കുന്നത്' (1 തെസ.4:7-8) എന്ന തിരുവചനം നാം ഹൃദയത്തിലെന്നും സൂക്ഷിക്കണം.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം ലഹരിയുടെ, പ്രത്യേകിച്ച് മദ്യത്തിന്റെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഈ ആപത്കരമായ അവസ്ഥയിൽനിന്നും നമ്മുടെ സമൂഹത്തെ മാറ്റിയെടുക്കേണ്ടത് നമ്മുടെ കടമയാണ്. മദ്യവിപത്തിനെതിരെ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ധാർമ്മിക മനഃസാക്ഷിയെ ഉണർത്തുന്നതിനും മദ്യവിപണനവും ഉപഭോഗവും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും ലഹരി വിമുക്ത ജീവിതശൈലി പിന്തുടരുന്ന ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും വേണ്ടി നമുക്ക് ഒരൊറ്റ മനസ്സായി ഉണർന്ന് പ്രവർത്തിക്കാം. ക്രിസ്തുവിൽ ആശ്രയിച്ച് വചനത്തിന്റെ തണലിൽ നമുക്ക് ജീവിക്കാം. നല്ല നാളേയ്ക്കായി സ്വപ്നം കാണാം.

●



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

സെപ്തംബർ 7

## തേജസ്കരണത്തിനുശേഷം അഞ്ചാം ഞായർ

**ലൂക്കോസ് 18:18 – 30, ഹെബ്രാ 13:1 – 6**

ഏതൊരു ജീവജാലത്തെ സംബന്ധിച്ചും ജീവൻ ഏറെ പ്രധാനപ്പെട്ടതാണ്. ഒരു ജീവി എന്ന നിലയിൽ മനുഷ്യനെ സംബന്ധിച്ച ഇത് പ്രസക്തമാണ്. വസ്ത്രത്തെക്കാൾ ശരീരവും, ഭക്ഷണത്തെക്കാൾ ജീവനും പ്രധാനമല്ലേ എന്ന് യേശു ഒരിക്കൽ ശ്രോതാക്കളോട് ചോദിക്കുന്നുണ്ട്. ജീവന് ഒരു നശ്വരഭാവമുണ്ട്. എന്നാൽ മനുഷ്യാത്മാവിനെ അനശ്വരതയിലേക്കാണ് ദൈവം വിളിച്ചിരിക്കുന്നത്.

"നല്ലവനായ ഗുരോ നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം" (ലൂക്കോ 18:18) എന്ന ചോദ്യം ഓരോ മനുഷ്യന്റേയുമാണ്. അന്വേഷിച്ചു ഉത്തരം കണ്ടെത്തേണ്ട ഈ ചോദ്യം ചോദിക്കാത്ത മനുഷ്യജന്മം പാഴായി എന്ന് പറയേണ്ടി വരും. ഭൗതിക സമ്പത്താണ് എല്ലാം എന്നു കരുതുന്നവർ ഏറെയാണ്. അധികാരമാണ് അഭികാമ്യം എന്നു കരുതുന്നവരും കുറവല്ല. യൗവ്വനവും ആരോഗ്യവും സൗന്ദര്യവും ദീർഘായുസ്സും ഒക്കെയാണ് നന്മയെന്നു തെറ്റിദ്ധരിക്കുന്നവർ അനേകരാണ്. ഇവയൊക്കെ നല്ലതു തന്നെ. എന്നാൽ പരമമായ നന്മയാണ് എന്നവകാശപ്പെടാൻ ഇവയ്ക്ക് സാദ്ധ്യമല്ല. ധനവും സമ്പത്തും മനുഷ്യനെ മായിക വലയത്തിലാക്കും, ഭ്രമിപ്പിക്കും, കാഴ്ചയെ കെടുത്തും. കവി രസികൻ നമ്പ്യാർ പാടുന്നു: 'പണമെന്നുള്ളത് ദൂരത്താകും' ഈശോ പറയുന്നു: സമ്പത്തുള്ളവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം (ലൂക്കോ 18:25).

പണവും സുഖവും ദൈവരാജ്യത്തിന്റെ ഭാഗമാണെന്നു കരുതിയിരിക്കുന്ന ഒരു സമൂഹത്തെ യേശുവിന്റെ ഈ വാക്കുകൾ ഞെട്ടിച്ചു കളഞ്ഞു എന്നത് സത്യമാണ്. പണം നല്ല ഒരു ദാസനാകാം, പക്ഷേ യജമാനസ്ഥാനം കൊടുത്താൽ അവൻ ക്രൂരനും സ്വേച്ഛാധിപതിയുമാകും. ചരിത്രത്തിൽ നിന്ന് എത്രയേറെ സാക്ഷ്യങ്ങൾ നിരത്താനാകും. "ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക... അനന്തരം എന്നെ അനുഗമിക്കുക" (18:22) എന്ന നിർദ്ദേശമാണ് യേശുവിന് നൽകുവാനുള്ളത്. അവന്റെ കുറവ് കൊടുക്കുന്നതിലെ കുറവാകണം. രാജഭിക്ഷു യാചകനോട് കൈനീട്ടി ധർമ്മം ചോദിക്കുന്നതും മനസ്സില്ലാമനസ്സോടെ ഒരു ചെറിയ നെന്മണി കൊടുത്തതും, ദിനാന്ത്യത്തിൽ ഭാണ്ഡമഴിച്ച് അന്നത്തേത് പരിശോധിക്കുന്ന വേളയിൽ ഒരു സ്വർണ്ണനെന്മണി കാണാൻ കഴിഞ്ഞതും ടാഗോർ കൈവീശി ഗീതാഞ്ജലിയിൽ മിഴിവോടെ വിവരിക്കുന്നു. അവൻ നൽകിയ സാധാരണ നെന്മണി സ്വർണ്ണമണിയായി രൂപാന്തരപ്പെട്ടത് തിരിച്ചറിഞ്ഞ അവന്റെ വിലാപം, തന്റെ കൈവശമുണ്ടായിരുന്നത് മുഴുവൻ നൽകാൻ കഴിഞ്ഞില്ലല്ലോ എന്നായിരുന്നു. പങ്കുവയ്പ് മറന്ന് സമ്പത്തിൽ അഭയം കണ്ടെത്തുന്ന ഏവരുടെയും ഗതി ഇതുതന്നെയായിരിക്കും.

ലൂക്കോസ് ധനാർജ്ജനത്വരയെ നിരവധി സന്ദർഭങ്ങളിൽ നിശിതമായി വിമർശിക്കുന്നത് കാണാം. "സമ്പന്നരേ, നിങ്ങൾക്കു ദുരിതം. നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചു കഴിഞ്ഞു" (6:24). മുള്ളുകൾക്കിടയിൽ വീണ വിത്ത് സമ്പത്തിന്റെ മുൾമുനയിൽ ഞെരുക്കപ്പെടുന്നതായും ഫലം പുറപ്പെടുവിക്കുവാൻ അശക്തമാകുന്നതായും 8:14–ൽ കാണാം. ദാനം ചെയ്യുമ്പോൾ എല്ലാം ശുദ്ധമായിരിക്കുമെന്ന് 11:41–ൽ വായിക്കുന്നു. വീണ്ടും : "എല്ലാ അത്യാഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (12:15) എന്ന പ്രബോധനം നാം ശ്രദ്ധിക്കേണ്ടതാണ്. മറ്റൊരു ഉപമയിലൂടെ പങ്കുവയ്ക്കാതെ സ്വരുക്കൂട്ടിയ സ്വകാര്യസ്വത്ത് ഒരു ധനവാനെ നരകയോഗ്യനാക്കി എന്നു കർത്താവ് പഠിപ്പിക്കുന്നു (ധനവാന്റെയും ലാസറിന്റെയും ഉപമ. ലൂക്കോ 16:19–31). ആർത്തി അഥവാ ധനാർജ്ജനത്വര മൂലപാപങ്ങളിൽ ഒന്നാണ്. സമൂലം നശിപ്പിച്ചില്ലെങ്കിൽ നമ്മെ സമൂലം നശിപ്പിക്കുവാൻ പോന്ന ഒരു തിന്മയാണത്. മൂലപാപങ്ങൾക്കോരോന്നിനും അനേകം കുട്ടിക്കൂട്ടുകാരും കൂടെയുണ്ടാകും. വിശ്വാസപ്രമാണങ്ങളും കർമ്മാനുഷ്ഠാനങ്ങളും പ്രായോഗികമാക്കുന്നതിനും സുവിശേഷം അതിന്റെ ലാളിത്യത്തിലും തനിമയിലും ജീവിക്കുന്നതിനുമുള്ള പ്രബോധനത്തിന്റെ ആവർത്തനങ്ങളാണ് നാമിവിടെ കാണുന്നത്.

ശിഷ്യത്വത്തിലേക്ക് കടന്നുവരുന്നവർക്ക് പല പടവുകളും പിന്നിട്ടുവേണം സോപാനത്തിലെത്തി ദർശനസായൂജ്യം പ്രാപിക്കുവാൻ. ഒന്നാമത്തെ പടി കല്പനകൾ പാലിക്കുന്നത് തന്നെയാണ്. അതിനോട് ചേർന്ന് സ്വയം സ്നേഹത്തിൽ കുറയാത്ത വിധത്തിൽ അയൽക്കാരനെ സ്നേഹിക്കുക എന്ന കല്പനയാണ്. സ്നേഹം പ്രത്യേകമായ ഒരു കല്പനയല്ല, എല്ലാ കല്പനകളെയും ചൂഴ്ന്നു നിൽക്കുന്ന

ഒരു വ്യവസ്ഥയാണ്. അതോടൊപ്പം സ്നേഹിതരെ മാത്രമല്ല ശത്രുക്കളെയും സ്നേഹിക്കണമെന്ന ആഹ്വാനമാണ് ശ്രദ്ധേയം. അതിനൊടൊപ്പം നമ്മെ വരിഞ്ഞു മുറുക്കി വീർപ്പുമുട്ടിക്കുന്ന ദ്രവ്യാഗ്രഹചിന്ത യിൽ നിന്നു മുക്തിപ്രാപിക്കണം. അവസാനമായി സ്വന്തകുരിശുകൾ – അനുദിന ജീവിത ക്ലേശങ്ങൾ – സന്തോഷത്തോടെ ഏറ്റെടുത്തുകൊണ്ട് യേശു വിനെ പിൻപറ്റണം. ഇങ്ങനെ ഒരായുസ്സു ദീർഘി ക്കുന്ന പ്രയാണത്തിനൊടുവിൽ അന്ത്യനിമിഷം തല യ്ക്കൽ കാവലായിരുന്ന് നമ്മുടെ 'പാവനമായ ആത്മാവിനെ' ഏറ്റുവാങ്ങി നിത്യതയുടെ തീരത്തി നുമപ്പുറം പരമനന്മയായ ദൈവത്തിങ്കൽ എത്തിക്കു വാൻ രക്ഷകൻ കൂടെ ഉണ്ടാകും. ഇതല്ലേ ക്രിസ്തീയ ദർശനം.

**ഫാ. ഏബ്രഹാം നടുവിലേടം**

## സെപ്തംബർ 14
## സ്ലീബാപ്പെരുന്നാൾ
### യോഹ 3:13-21, 1കോരി 1:18-25

മലങ്കര ആരാധനക്രമ കാലങ്ങളിൽ ഏഴാമ ത്തേതും അവസാനത്തേതുമായ കാലമാണ് സ്ലീബാക്കാലം. സ്ലീബാ രക്ഷയുടെ ആയുധമാണ്; രക്ഷയുടെയും രക്ഷകന്റെയും പ്രതീകവും. ക്രിസ്തു മതത്തെ അടയാളപ്പെടുത്തുന്നത് സ്ലീബായുടെ ചിഹ്നം കൊണ്ടത്രേ. രക്ഷയുടെ ശത്രുവായ പിശാ ചിനെ ആട്ടിയോടിക്കുവാൻ സ്ലീബാ ഉപയോഗിക്കു ന്നു. വിശ്വാസി തന്നെത്തന്നെ രക്ഷകന്റെ കൈകളിൽ സമർപ്പിക്കുന്നതിന്റെ അടയാളം സ്ലീബായുടെ ചിഹ്നം നെറ്റിയിൽ വരച്ചുകൊണ്ടാണ്. അത് വിശുദ്ധീകരിക്കു ന്നതിന്റെ അടയാളമാണ്. ക്രൈസ്തവന്റെ ആരാധ നാലയം തിരിച്ചറിയുന്നതും ഈ അടയാളംകൊണ്ടു തന്നെ.

സ്ലീബാ വിജയചിഹ്നമായത് രക്ഷകന്റെ ക്രൂശു മരണത്തോടുകൂടിയാണെങ്കിലും ഒരു പ്രതീകവും അടയാളവുമായി അത് മാറിയതിന്റെ ചരിത്രപശ്ചാ ത്തലമായി കരുതപ്പെടുന്നത് ക്രൈസ്തവ സഭയുടെ മൂന്നു ശതാബ്ദക്കാലത്തെ പീഡാനുഭവ ങ്ങൾക്കുശേഷം സഭയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച കോൺസ്റ്റന്റയിൻ എന്ന റോമാ ചക്രവർത്തി യുടെ ദിഗ്വിജയവുമായി ബന്ധപ്പെട്ടതാണ്.

"ആകാശേ കുസ്തന്തീനോസ് സ്ലീബാകണ്ട്
വന്ദിച്ചുടനെ തലതാഴ്ത്തി സാഷ്ടാംഗം വീണു
സ്ലീബാ രാപകൽ അടിയാരെ കാവൽ ചെയ്യട്ടെ"

മനുഷ്യകുലത്തിന് രക്ഷ നൽകാൻ ദുഃഖത്തിന്റെ പാനപാത്രം സ്വയം ഏറ്റെടുത്ത് സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് യാത്രയായ ദൈവവചനത്തിന്റെ യാത്ര കളെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷം ചിന്തിക്കു ന്നത്. ഏക മകനെ ബലിസമർപ്പിച്ച അബ്രഹാം (ഉ ല്പ.22:11) തന്റെ 'ഏകജാതനെ' (യോഹ.1:16, 18; 3:17) ലോകരക്ഷയ്ക്കായി കയ്യാളിച്ച പിതാവായ ദൈവ ത്തിന്റെ മിഴിവാർന്ന ചിത്രം നമുക്ക് നൽകുന്നു. ഏക ജാതനായ യേശുവിന്റെ 'ദൈവകുഞ്ഞാടായി' (യോ ഹ. 1:29) വിശേഷിപ്പിക്കുമ്പോൾ കുരിശിലെ ബലി യർപ്പണമാണ് സൂചിതമാകുന്നത്.

"മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരി ക്കുന്നു" (യോഹ.3:15). രക്ഷകൻ എന്ന നിലയിൽ കുരിശിൽ ഉയർത്തപ്പെടുന്നതും മനുഷ്യപുത്രൻ എന്ന നിലയിൽ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്ന തുമായ രണ്ട് അർത്ഥതലങ്ങൾ ഇതിനുണ്ട്. ഈ ഉയർത്തലിനു പിന്നിൽ പഴയനിയമത്തിലെ ഒരു പ്രതീകം കൂടിയുണ്ട്. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയത്" (സംഖ്യ 21:9) ആണ് സൂചിതം. അനുസരണക്കേടും ധിക്കാരവും കാട്ടിയ ഇസ്രായേൽ മക്കൾ മരുഭൂമിയിൽ സർപ്പദംശനമേറ്റ് പിടഞ്ഞു മരിക്കാതിരിക്കാൻ "ഒരു പിച്ചളസർപ്പത്തെ' ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുവാനും ദംശ നമേറ്റവർ അതിൽ നോക്കുന്ന പക്ഷം രക്ഷ പ്രാപി ക്കുവാനുമുള്ള ക്രമീകരണം മോശ ചെയ്തു. സാത്താന്റെ – പറുദീസായിലെ സർപ്പത്തിന്റെ – ദംശ നമേറ്റ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നത് രക്ഷകന്റെ ക്രൂശാരോഹണമാണ്. മരത്തിന്മേൽ ഉയർത്തപ്പെട്ട രക്ഷകനെ നോക്കുന്നവരാണ് പാപദംശന ത്തിൽനിന്ന് രക്ഷപ്രാപിക്കുന്നത്. ഭൂമിയിൽ തണുത്ത് വിറച്ച് മരണാസന്നരായ മനുഷ്യവംശത്തെ രക്ഷിക്കു വാൻ പ്രൊമിത്തിയൂസ് സ്വർഗ്ഗകവാടം ഭേദിച്ച് ദേവ ന്മാർക്ക് സ്വന്തമായിരുന്ന അഗ്നി എടുത്ത് ഭൂമിയിൽ തീ കത്തിച്ച് അതിശൈത്യത്തിൽനിന്നും രക്ഷിച്ച ഗ്രീക്കുപുരാണ കഥയ്ക്ക് രക്ഷനേടിയ രക്ഷകന്റെ ക്രൂശീകരണത്തോട് സമാനതയുണ്ട്.

കാൽവരിയിൽ ഉയർത്തപ്പെട്ട ദൈവപുത്രനെ നോക്കുന്നവർക്ക് സ്വർഗ്ഗകവാടം തുറക്കപ്പെടുന്നു. പക്ഷേ രക്ഷയുടെ പ്രതീകമായ, അടയാളമായ സ്ലീബായെ നെറ്റിയിൽ വരയ്ക്കുന്നതുവഴി രക്ഷാകര സാന്നിദ്ധ്യം അനുഭവിക്കുകയാണ്. ആശീർവാദങ്ങ ളെല്ലാം കുരിശു വരച്ചുകൊണ്ടാണ് എന്നത് മറക്ക രുത്. എല്ലാ കൂദാശകളിലും കൂദാശാനുകരണങ്ങ ളിലും സ്ലീബായുടെ അടയാളത്തിന്റെ പ്രാധാന്യം നമുക്കോർക്കാം. ജനനം മുതൽ മരണം വരെ എത്ര യായിരം കുരിശു വരയ്ക്കുന്നവനാണ് വിശ്വാസി. നെഞ്ചിൽതൊട്ട് കുരിശു വരയ്ക്കുവാൻ നാം മറക്ക രുത്. കുരിശുവരയുടെ അർത്ഥം രക്ഷകന്റെ കുരി ശിനെ അതായത് വേദനയെ ത്യാഗത്തെ തൊട്ടു സത്യം ചെയ്യുന്നു എന്നതല്ലേ?

അനുഷ്ഠാനങ്ങൾ അർത്ഥപൂർണ്ണിമയിൽ അനു ഷ്ഠിക്കുവാൻ നാം ഇനിയും ശീലിക്കേണ്ടിയിരിക്കു ന്നു. നമ്മുടെ കൗമ്മാ പ്രാർത്ഥന ചൊല്ലുമ്പോൾ കുരിശുവരച്ച് കുമ്പിട്ടാരാധിക്കുവാൻ പിതാക്കന്മാർ പഠിപ്പിക്കുന്നു. പ്രാർത്ഥനയിൽ സ്ലീബാ എന്ന നാമം ശ്രവിക്കുമ്പോൾ (ഉച്ചരിക്കുമ്പോൾ) ഒക്കെയും ആദ രവോടെ കുരിശുവരയ്ക്കണം. മെത്രാന്മാരുടെ കയ്യിലെ കുരിശുള്ള വടി – ഇടയവടി – മേയിക്കു വാനും നയിക്കുവാനുമുള്ള അവരുടെ ഉത്തരവാ ദിത്വം ഓർപ്പിക്കുന്നതിനൊപ്പം മരുഭൂമിയിൽ ഉയർത്തിയ സർപ്പത്തിന്റെ പ്രതീകം കൂടിയാണല്ലോ. 'അതിങ്കലേക്ക് നോക്കിയവർ ലജ്ജിതരാകയില്ല'.

സ്ലീബാ പെരുന്നാൾ പീഡാനുഭവത്തെ വാഴ്ത്തി സ്തുതിക്കുന്ന പെരുന്നാളാണ്. സ്ലീബാ ആഘോഷം പീഡകളിലൂടെ രക്ഷനേടിത്തന്ന രക്ഷകനെ സ്തുതിക്കുന്ന ക്രമവുമാണ്.

*ഫാ. ഏബ്രഹാം നടുവിലേടം*

## 2014 സെപ്തംബർ 21
## സ്ലീബാ പെരുന്നാളിനുശേഷം ഒന്നാം ഞായറാഴ്ച
### വി. മർക്കോസ് 13:24 – 31, 1 കോരി 10 :1 – 13

ആരാധനാക്രമ വർഷത്തിന്റെ അവസാന ഘട്ടത്തിലേക്ക് സ്ലീബാ പെരുന്നാളോടെ നാം പ്രവേശിക്കുന്നു. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ്, ലോകത്തിന്റെ അന്ത്യം, മനുഷ്യവർഗ്ഗത്തിന്റെ അവസാനം എന്നീ കാര്യങ്ങളിൽ നമ്മെ ശ്രദ്ധാലുക്കളാക്കുകയാണ് തിരുസഭ ഈ കാലഘട്ടത്തിൽ. ഇന്നത്തെ വിശുദ്ധ കുർബാന മദ്ധ്യേ വിശുദ്ധ മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ 24 മുതൽ 31 വരെയുള്ള എട്ടു വാകൃങ്ങളാണ് ഏവൻഗേല്യോൻ വായനയിൽ നമ്മൾ കേൾക്കുന്നത്. അവിടെ പ്രധാനമായും അഞ്ചുകാര്യങ്ങൾ നമ്മെ പഠിപ്പിക്കുകയും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഒന്ന്: ലോകാന്ത്യത്തിൽ സർവ്വജനങ്ങളുടെയും വിധിയാളനായി വലിയ മഹത്വത്തോടും ശക്തിയോടും അധികാരത്തോടും കൂടെയാണ് യേശു വരുന്നത്. രണ്ട്: പ്രകൃതിശക്തികളും ആകാശഗോളങ്ങളും അസാധാരണമായ വിധം പെരുമാറും. ആകാശഗോളങ്ങൾ സ്ഥാനംമാറിയും പ്രകാശം പ്രസരിപ്പിക്കാതെയും കാണപ്പെടും. മൂന്ന്: മാലാഖമാർ കാഹളങ്ങളുമായി ഭൂമിയുടെ നാലു ദിക്കുകളിലും നിന്ന് മനുഷ്യമക്കളെ ഒരുമിച്ചു കൂട്ടും: വിധിയാളനായി വരുന്ന യേശുവിന്റെ സന്നിധിയിലേക്ക്. നാല്: ഈ തലമുറ ലോകത്തിൽ തുടരുമ്പോൾ തന്നെ ഇവയുടെ ലക്ഷണങ്ങൾ ആരംഭിക്കും. എന്നാൽ മേൽപ്പറഞ്ഞവ നടക്കുന്ന സമയം ദൈവപിതാവിനല്ലാതെ മറ്റാർക്കും അറിയാൻ സാദ്ധ്യമല്ല ദൈവപുത്രനായ യേശുവിനുപോലും. അഞ്ച്: ശേഷമുള്ള സകലതും കടന്നുപോയാലും എന്റെ വചനങ്ങൾ കടന്നുപോകുകയില്ല എന്ന യേശുവിന്റെ ഒരു ലഘുവാക്യം കൂടി പറഞ്ഞ് ഇന്നത്തെ വായന നിർത്തുകയാണ്.

ലോകാവസാനത്തെപ്പറ്റി വിശുദ്ധ അഗസ്തിനോസ് പറഞ്ഞത്, എന്നും നിലനിൽക്കുന്ന സത്യമാണ്. “നിന്നെ സംബന്ധിച്ച് ലോകാവസാനം നിന്റെ മരണമാണ്. നാളെയപ്പറ്റി ചിന്തിച്ച് സമാധാനം കളയരുതെന്ന് പറഞ്ഞ യേശുവിന്റേതിനോട് സമാനമായ വാക്യമാണത് (വി.മത്തായി 6:34).

ഇന്നു നാം വായിക്കുന്ന സുവിശേഷ ഭാഗത്തുനിന്ന് ചില പ്രധാന പാഠങ്ങൾ നമുക്കു മനസ്സിലാക്കാം. ഈ ലോകജീവിതത്തെ തുടർന്ന് നമുക്കോരോരുത്തർക്കും വേണ്ടി നിത്യജീവിതം ഒരുക്കിയിട്ടുണ്ട്. നമുക്ക് ലഭിക്കുന്ന ദൈവകൃപയോട് സഹകരിച്ചാലേ നമുക്കത് ലഭ്യമാകൂ. നന്മയ്ക്ക് പ്രാധാന്യം കൊടുത്തു ജീവിക്കാനും ഇവിടെ അനുഭവപ്പെടുന്ന കുറവുകളിൽ മനസ്സു പതറാതിരിക്കാനും ശ്രദ്ധിക്കണം.

ദൈവപുത്രനായ യേശുവിനുപോലും തന്റെ രണ്ടാമത്തെ വരവിന്റെ കൃത്യസമയം അറിയാൻ പാടില്ല എന്നു പറയുമ്പോൾ തന്നെ അവിടുത്തെ വരവിന്റെ ആണ്ടും മാസവും തീയതിയും പറഞ്ഞ് നമ്മെ സമീപിക്കുന്ന കപട പ്രവാചകരെ ദൂരെ നിർത്തുക. മറ്റെല്ലാം കടന്നുപോയാലും തന്റെ വചനങ്ങൾ കടന്നുപോകുകയില്ല എന്ന യേശുവിന്റെ വാക്കുകളെ മുഖവിലയ്ക്കെടുത്ത് വി. ഗ്രന്ഥത്തിനും തിരുസ്സഭ നൽകുന്ന വ്യാഖ്യാനങ്ങൾക്കും പ്രാധാന്യം കൊടുത്ത് നമ്മുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ ശ്രദ്ധിക്കണം.

അവസാന വിധിക്കായി നമ്മൾ ഒരുങ്ങുന്നതുപോലെ പ്രധാനമാണ് തനതുവിധിയും എന്നു മനസ്സിലാക്കി യേശു ആവർത്തിച്ച്, നമ്മൾ വായിച്ച സുവിശേഷ ഭാഗത്തും അതേ തുടർന്നും, പറയുന്ന ജാഗ്രതയുള്ളവരായിരിക്കുവിൻ എന്ന വാക്യം സദാ മനസ്സിൽ ഉറപ്പിച്ചു ജീവിക്കണം. നമ്മുടെ പ്രിയപ്പെട്ടവർ മരിക്കുമ്പോൾ ആഘോഷമായി ശവമടക്കും, തുടർന്ന് വിശുദ്ധ കുർബ്ബാനയും നമ്മൾ നടത്താറുണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവുവരെ സംരക്ഷിക്കപ്പെടത്തക്കവിധം മനോഹരമായ കല്ലറകൾ കെട്ടിക്കാറുണ്ട്. മരണത്തിനു മുൻപു രോഗിയായ വ്യക്തിക്ക് സുബോധമുള്ളപ്പോൾ തൈലാഭിഷേകം എന്ന കൂദാശ നടത്താറുണ്ടോ? രോഗി മരിക്കുന്നതിനു മുമ്പുള്ള നിമിഷങ്ങളിലാണ് അദ്ദേഹത്തിന്റെ ബുദ്ധിയും മനസ്സും ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതെന്ന് അഭിപ്രായമുണ്ട്. ആ സമയത്ത് ശവസംസ്കാരം സംബന്ധിച്ച കാര്യങ്ങളും അറിയിക്കേണ്ടവരും ക്ഷണിക്കപ്പെടേണ്ടവരും ഒക്കെയാകും നമ്മിൽനിന്നും ആ വ്യക്തി കേൾക്കുന്നത്. മറിച്ച് അനുതാപത്തിന്റെയും പ്രത്യാശയുടെയും ദൈവാശ്രയത്തിന്റെയും പ്രകരണങ്ങൾ കേട്ട് മരിക്കുവാൻ അവസരം നൽകണം.

*ഫാ. തോമസ് പുതിയവീട്ടിൽ*

## 2014 സെപ്തംബർ 28
## സ്ലീബാ പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച
### വി. ലൂക്കോസ് 16:19 – 31, റോമ 15:1 – 6

നമ്മുടെ കർത്താവായ യേശു പഠിപ്പിച്ച ഒരു കഥയാണ് വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ നിന്ന് ഇന്നത്തെ വി. കുർബ്ബാന മദ്ധ്യേ വായിക്കാനുള്ള സുവിശേഷഭാഗമായി സഭ നമുക്ക് നിർദ്ദേശിച്ചിട്ടുള്ളത്. നമുക്കെല്ലാം കാണാപ്പാഠമായ ധനവാന്റെയും ലാസറിന്റെയും ഉപമയാണത്.

ധനവാൻ ഇസ്രായേൽ സമൂഹത്തിന്റെ മേൽത്തട്ടിൽ ദൈവം നൽകിയ ആരോഗ്യവും സമ്പത്തും സന്തോഷവും വിശ്വാസവും എല്ലാവിധ അംഗീകാരവും അനുഭവിച്ചുകൊണ്ടു ജീവിക്കുന്നു. അയാളുടെ വീട്ടുപടിക്കൽ മേൽപ്പറഞ്ഞ നല്ലതൊന്നും ഇല്ലാതെ വിശപ്പും ദാഹവും സമൂഹത്തിന്റെ അവഗണനയും രോഗവും സഹനവും ഒക്കെ അനുഭവിച്ച് മരണം മാത്രം പ്രത്യാശിക്കുന്നവനായി കിടക്കുന്ന ലാസർ എന്ന ദരിദ്രൻ. കഥയിലെ രംഗം പെട്ടെന്നു മാറുന്നു. ലാസർ മരിക്കുന്നു. മാലാഖമാർ അദ്ദേഹത്തെ സ്വർഗ്ഗീയ സന്തോഷമായ അബ്രഹാമിന്റെ മടിയിലേക്കു സംവഹിക്കുന്നു. ഇതുവരെ അനുഭവിച്ചതിനെല്ലാം പകരം നിത്യ സന്തോഷം. ശരീരത്തിന്റെ ദൗർബല്യമെല്ലാം മറന്ന് ആഹ്ലാദപൂർണ്ണമായ അവസ്ഥ. ഒന്നിനും കുറവില്ല. വിശുദ്ധരോടും മാലാഖമാരോടും ഒരുമിച്ച് ദൈവസ്തുതി പാടി അവസാനിക്കാത്ത ആനന്ദത്തിൽ.

ധനവാനും മരിച്ചു. പക്ഷേ സന്തോഷമെല്ലാം മറഞ്ഞു. സൗന്ദര്യവും നഷ്ടമായി. ആത്മാവിന്റെ വേദന, ശരീരത്തിന്റെ മാറ്റം തീയ്ക്കകത്തേക്കായിരുന്നു. അവസാനിക്കാത്ത നരകാഗ്നി. ദൂരെ കണ്ടു, അബ്രഹാത്തിന്റെ മടിയിലിരിക്കുന്ന ലാസറിന്റെ അവസ്ഥ. മുഖവും കൈകാലുകളുമൊക്കെ ശോഭിക്കുന്നു. എരിയാത്ത അഗ്നിയിൽ കടുത്ത ദാഹത്തിന് ആ കൈകൊണ്ടു ഒരു തുള്ളി വെള്ളം നാവിൽ ഒഴിച്ചു കിട്ടിയിരുന്നെങ്കിൽ! കുട്ടിക്കാലത്ത് മാതാപിതാക്കളിൽനിന്നു കിട്ടിയ അറിവുവച്ചു വിളിച്ചു, അബ്രഹാം പിതാവിനെ. അപേക്ഷിച്ചു, ഒരു തുള്ളി വെള്ളം ലാസറിനെക്കൊണ്ട് എന്റെ നാവിൽ ഒഴിപ്പിക്കണമേ. ഞാനിതാ പൊള്ളുന്ന അവസ്ഥയിലാണ്. അബ്രഹാം മറുപടി പറഞ്ഞു, അതൊരിക്കലും സാദ്ധ്യമല്ല. ഇവിടെ നിന്ന് അങ്ങോട്ടോ അവിടെനിന്ന് ഇങ്ങോട്ടോ കടക്കാൻ കഴിയുകയില്ല. വലിയൊരു ഗർത്തമുണ്ട് നമുക്കിടയിൽ. താനോ ഇവിടെയെത്തി. തന്റെ അഞ്ച് സഹോദരർ തന്നെ അനുകരിച്ച് ജീവിക്കുന്നുവല്ലോ? അവരെങ്കിലും ഇവിടെ വരാതിരിക്കണമല്ലോ. അബ്രഹാമിനെ ധനവാൻ വീണ്ടും വിളിച്ചപേക്ഷിച്ചു. ലാസറിനെ ഇങ്ങോട്ട് അയയ്ക്കാൻ പാടില്ലെങ്കിൽ ഭൂമിയിൽ എന്റെ സഹോദരിലേക്ക് അയച്ച് അവരിവിടെ വരാതിരിക്കാൻ ലാസർ പോയി പറയട്ടെ. അവിടെയും ഉത്തരം പഴയതിന്റെ ബാക്കി. അവിടെ മോശയുടെ പാഠങ്ങളും വിശദീകരിക്കാൻ പ്രവാചകരുമുണ്ടല്ലോ. അവരെ കേൾക്കട്ടെ. ധനവാന്റെ ആത്മാവ് വീണ്ടും കേണു. എന്റെ പിതാവായ അബ്രഹാമേ, മരിച്ചവരിൽനിന്നു ചെന്നു പറയുന്ന ലാസറിനെ വിശ്വസിക്കും എന്നതിനാൽ അയാളെ അയയ്ക്കേണമേ. ഇല്ല, അതിന്റെ ആവശ്യമില്ലെന്നല്ല, ഒരു പ്രയോജനവും ഇല്ല, അബ്രഹാം പറഞ്ഞു. ചെന്നു പറഞ്ഞാലും സ്വീകരിക്കുകയില്ല. അയാൾ ഉയിർത്തെന്ന സത്യം പോലും അവർ അംഗീകരിക്കുകയില്ല. കഥ അവിടെ യേശു അവസാനിപ്പിച്ചു. വ്യാഖ്യാനങ്ങളില്ല, വിശദീകരണങ്ങളില്ല. എല്ലാം കഥ കേൾക്കുന്നവർക്കു മനസ്സിലാക്കാമല്ലോ?

നമുക്ക് ഒട്ടേറെ വലിയ പാഠങ്ങൾ ഈ കഥയിൽ നിന്നു പഠിക്കാം. ആദ്യമായി ധനവാന്റെ പാപം എന്തായിരുന്നു? അയാളെപ്പറ്റി പറയുന്നിടത്ത് ഒരു പാപവും അയാൾ ചെയ്തതായി പറയുന്നില്ല. ചെയ്യാവുന്ന നന്മ ചെയ്തില്ല എന്നതു മാത്രമേ ഉള്ളൂ, കുറവായി. ലാസറിന്റെ അവസ്ഥ കാണാതിരിക്കാൻ കണ്ണ് തിരിച്ചു പിടിച്ചു. ഭക്ഷണം വെറുതെ കളഞ്ഞപ്പോഴും അയാൾക്കു കൊടുക്കുവാൻ തോന്നിയില്ല. നഗ്നനായി പട്ടി നക്കി കിടന്നിട്ടും ഒരു പഴന്തുണി പോലും കൊടുത്തില്ല. മോശയുടെ ഗ്രന്ഥത്തിൽ, നിയമാവർത്തനം 15-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെ. 15-ാം അദ്ധ്യായത്തിൽ 6 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ ഇസ്രായേൽക്കാർ ഈജിപ്തിൽനിന്ന് ഇസ്രായേലിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള രംഗമാണ്. ദൈവം അവർക്കായി അവിടെ എല്ലാം കരുതിയിട്ടുണ്ട്. ദൈവമായ കർത്താവിന്റെ വാഗ്ദാനം അനുസരിച്ച് നിങ്ങൾ ചെല്ലുന്ന പട്ടണങ്ങളിലൊക്കെ ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കും. അവയിൽ ഏതിലെങ്കിലും ഒരാൾ ദരിദ്രനായിട്ടുണ്ടെങ്കിൽ, നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവനു സഹായം നിഷേധിക്കുകയോ ചെയ്യരുത്. അവർ ആവശ്യപ്പെടുന്നതെല്ലാം കൊടുക്കണം. അവന് ആവശ്യമുള്ളത് എന്തുതന്നെ ആയാലും കടമായും നൽകണം. ദരിദ്രർ എപ്പോഴും നിങ്ങളോടൊത്തുണ്ടാകും. ധനവാന്റെ ജീവിതത്തിൽ വന്ന അപാകത ഇവിടെത്തന്നെ.

മറ്റൊന്ന് ആറു ദിവസം ജോലി ചെയ്തിട്ട് ഏഴാം ദിവസം വിശ്രമിക്കണമെന്ന ആദി മാതാക്കളുടെ പാപത്തിന്റെ ശിക്ഷയായി ഏദൻ തോട്ടത്തിൽ ജോലി എടുത്തു ഭക്ഷിക്കുക എന്ന കല്പന മറന്ന് (ഉല്പത്തി 3:17-19) ജീവിച്ചു. പൊടിയായ നീ പൊടിയിലേക്ക് ചേരുംവരെ മണ്ണിനോട് മല്ലിട്ട് നെറ്റിയിലെ വിയർപ്പുകൊണ്ടു ജീവിക്കും എന്ന ചുമതല മറന്ന് ജീവിച്ചതിനും ശിക്ഷ നരകത്തിൽ.

പുതിയ നിയമത്തിലെ വിശുദ്ധ പൗലോസിന്റെ ജോലിയെപ്പറ്റിയുള്ള പാഠംകൂടി ശ്രദ്ധിക്കാം (2 തെസ. 3:6-13). അലസതയിലും തങ്ങളിൽനിന്നു സ്വീകരിച്ച പാരമ്പര്യത്തിൽനിന്നും അകന്നു കഴിയുന്നവരോട് അടുക്കരുത്. ഞങ്ങൾ നിങ്ങളുടെ ഇടയിൽ സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ചു ജീവിച്ചതുപോലെ ആയിരിക്കണം നിങ്ങളും. അതൊരു കല്പനയായിട്ടു പറയുന്നുണ്ട് (വാക്യം 10). "അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ". വീണ്ടും പറയുന്നു: "എല്ലാം കാര്യങ്ങളെപ്പറ്റിയും അഭിപ്രായം പറയുകയും സകലതിനെയും വിമർശിക്കുകയും ചെയ്യുന്നവരും ശാന്തരായി ജോലി ചെയ്തു ജീവിക്കട്ടെ" (വാക്യം 12). ധനവാന്റെ ഉപമ നമ്മെയും ചിന്തിപ്പിക്കുകയും ധ്യാനിപ്പിക്കുകയും ചെയ്യട്ടെ.

നമുക്ക് ലഭിച്ച നന്മയെല്ലാം - ബുദ്ധിയും മനസ്സും സ്നേഹവും ആരോഗ്യവും സൽസ്വഭാവങ്ങളും ധനവും ആരോഗ്യവും എല്ലാം ദൈവത്തിന്റെ പ്രത്യേക കൃപയായി അംഗീകരിക്കുക. ഒരു നിമിഷംകൊണ്ട് എല്ലാം കൈവിട്ടു പോകാം. ഇവ ഉപയോഗിക്കുമ്പോൾ ആവശ്യക്കാരെ ശ്രദ്ധിക്കാം, സഹായിക്കാം, സ്നേഹിക്കാം.

*ഫാ. തോമസ് പുതിയവീട്ടിൽ*

# ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

ഫെയ്സ് ബുക്കിലും വാട്സ് അപിലും മെസേജ് വന്നു, "ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം വരെയെങ്കിലും പ്രൊഫൈൽ പിക്ചർ ദേശീയപതാകയാക്കണം" ചെയ്തില്ല. ഓഗസ്റ്റ് 15-ഉം ഇന്ത്യാ - പാക്കിസ്ഥാൻ ക്രിക്കറ്റ് കളി നടക്കുമ്പോഴും മാത്രം പ്രകടിപ്പിക്കാൻ ഉള്ളതാണോ രാജ്യസ്നേഹം. റോഡിൽ കാർക്കിച്ച് തുപ്പുമ്പോൾ, മരങ്ങൾ വെട്ടി നശിപ്പിക്കുമ്പോൾ, മാലിന്യം കൊണ്ട് പുഴകൾ നിറയ്ക്കുമ്പോൾ, കുന്നും മലയും ഇടിച്ചു നിരത്തുമ്പോൾ, പൊതുമുതൽ നശിപ്പിക്കുമ്പോൾ, കൈയ്യേറുമ്പോൾ, കള്ളനോട്ടും കരിഞ്ചന്തയും ഉണ്ടാകുമ്പോൾ ജോലി ചെയ്യാതെ വാചകം അടിച്ച് സമയം കളയുമ്പോൾ... അങ്ങനെ തുടങ്ങി സകല വൃത്തികേട് ചെയ്യുമ്പോഴും ഓർക്കണം, ഭൂമിദേവി കരയുകയാണ്... സ്നേഹം താൽക്കാലികമാകരുത്....

അല്ലെങ്കിലും നമ്മൾ അങ്ങനെയാണല്ലോ. വീട്ടിലിരിക്കുന്ന അമ്മയെ നാക്കുവളച്ച് തെറി വിളിക്കുന്ന മകനെ 'മാതൃദിന'ത്തിൽ മാതൃസ്നേഹത്തെപ്പറ്റി സംസാരിക്കാൻ മുഖ്യപ്രഭാഷകനായി നിശ്ചയിക്കുന്ന നാടാണിത്. മദ്യം വിഷമാണ് എന്നു പറയുന്നവർ മദ്യം വിളമ്പുന്ന ദൈവത്തിന്റെ സ്വന്തം നാട്...അദ്ധ്യാപകന്റെ മുഖത്ത് കരി ഓയിൽ ഒഴിച്ചിട്ട് ഗുരുഭക്തിയെപ്പറ്റി 'ഡോക്യുമെന്ററി' പിടിക്കുന്ന ന്യൂജനറേഷൻ നാട്. എയ്ഡ്സ് രോഗികളെ അറപ്പോടും വെറുപ്പോടും കണ്ടിട്ട് ലോക എയ്ഡ്സ് ദിനത്തിൽ ചുവന്ന റിബൺ ധരിച്ച് എയ്ഡ്സ് സ്നേഹം വിളിച്ചോതുന്ന കാപട്യക്കാരുടെ നാട്...



അരുന്ധതി റോയി ഗാന്ധിനിന്ദ നടത്തി പോലും. അവരുടെ ഒരു കോലവും ഈ നാട്ടിൽ കത്തിയില്ല. സുരേഷ് ഗോപിയെ 'പുല്ല്' കത്തിക്കുമ്പോലെ കത്തിച്ചു. കാര്യം ആലോചിച്ചാൽ മനസ്സിലാകും അരുന്ധതി റോയി പറഞ്ഞതിന് മറുപടി പറയണമെങ്കിൽ ഗാന്ധിയെക്കുറിച്ച് പഠിക്കണം. സുരേഷ് ഗോപിയെ എതിർക്കാൻ അതിന്റെ ആവശ്യമില്ല. ചുമ്മാ ചീത്ത വിളിച്ചാൽ മതി. ഇതാണ് രാജ്യസ്നേഹം. ഗാന്ധിജിയെ നിന്ദിച്ചവരെ വെറുതെ വിടുന്നു. ഗാന്ധിയനെ ആക്രമിച്ചവനെ ചീത്ത വിളിക്കുന്നു. കാരണം ഗാന്ധിജി ജീവിച്ചിരിപ്പില്ല.

നമുക്ക് ഒരു രാജ്യത്തോടും സ്നേഹമില്ല എന്നതാണ് വസ്തുത. എനിക്ക് ഒരു അമ്മാവൻ ഉണ്ടായിരുന്നു, മരിച്ചുപോയി. മരിച്ച് തലയ്ക്കു മുകളിൽ നിൽക്കുന്ന ആളിനെക്കുറിച്ച് മോശം പറയാൻ പാടില്ല. എന്നാലും ഉള്ളതു പറയണമല്ലോ. എനിക്ക് ഓർമ്മ ആകുന്നതിനു മുമ്പേ അമേരിക്കയ്ക്ക് പറന്നതാണ്. സുഖജീവിതമായിരുന്നു. മക്കളെ വളർത്തിയതും പഠിപ്പിച്ചതും കെട്ടിച്ചതും അമേരിക്കയിൽ. അവിടുത്തെ പൗരനാണു പോലും. അവിടെ ജോലിചെയ്തു കിട്ടാവുന്ന സൗകര്യങ്ങൾ എല്ലാം കിട്ടി. അവസാനം പൊറുതി മതിയാക്കി നാട്ടിൽ വന്നു, ശിഷ്ടകാലം ജീവിച്ചു തീർക്കാൻ. ആരു കാണാൻ ചെന്നാലും പുള്ളി തന്റെ മഹത്വം പറയും. പക്ഷേ അമേരിക്കയെപ്പറ്റി ഒരക്ഷരം നല്ലത് മിണ്ടരുത്. "ഹോ, അവന്മാരോ, ദുഷ്ടന്മാർ... ലോകപോലീസ് ആണെന്നാ വിചാരം... കുത്തഴിഞ്ഞ ജീവിതമല്ലിയോ അവിടെ.... നമ്മുടെ നാടല്ലിയോ സ്വർഗ്ഗം..." ഇതാണ് നമ്മ...ൾ...

സ്വിസ് ബാങ്കിൽ കള്ളപ്പണം ഉള്ളവരും നികുതിവെട്ടിക്കുന്നവരും പൊതുമുതൽ കൈയ്യേറുന്നവരും ദേശീയതയെ അപകീർത്തിപ്പെടുത്തുന്നവരും മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും അടിസ്ഥാനത്തിൽ മനുഷ്യമനസ്സിനെ വീതംവയ്പു നടത്തുന്നവരും വാഴുന്ന നാട്ടിൽ, മറ്റൊരു സ്വാതന്ത്ര്യദിനം കൂടി...

ജെയ് ഹിന്ദ്...



# YOUTH
# യൂത്ത് കോർണർ



ഫാ. സന്തോഷ് അഴകത്ത്
എം. സി. വൈ. എം. തിരുവല്ല അതിരൂപത ഡയറക്ടർ

# യുവജനങ്ങളേ ഇതിലേ...

നാം ഇന്ന് 84-ാം പുനരൈക്യ വാർഷികത്തിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുന്നു. മലബാറിന്റെ മലമടക്കുകളിൽ മലങ്കരമക്കൾ ഒരുമിക്കുന്ന അസുലഭ നിമിഷങ്ങൾ. പുണ്യശ്രേഷ്ഠനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുണ്യപാതയിലൂടെ നാം നടന്നു നീങ്ങിയതിന്റെ 84-ാം ഓർമ്മ. ഓർമ്മകൾ നല്ലതും അത്യാവശ്യവുമാണ്. കടന്നു വന്ന വഴികൾ നാം മറക്കാൻ പാടില്ല. കാരണം അവിടെ നിസ്വാർത്ഥതയുടെയും ത്യാഗത്തിന്റെയും കണ്ണീരിന്റെയും ഇല്ലായ്മകളുടെയും ഒറ്റപെടലുകളുടെയും ഒരുപിടി സുഖമുള്ള നൊമ്പരങ്ങളുണ്ട്. ഓർമ്മകൾ എപ്പോഴും ചികഞ്ഞെടുത്തു കൊണ്ടിരിക്കണം. അത് നമ്മെ ഇന്ന് നന്മയിലും വിശുദ്ധിയിലും നിസ്വാർത്ഥതയിലും ജീവിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

84 വർഷങ്ങൾക്കു മുമ്പ് ചരിത്രത്തിന്റെ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ ഒരു ചരിത്ര സംഭവമായി മാത്രം ഈ പുനരൈക്യം മാറിയാൽ മറ്റേത് ചരിത്ര സംഭവത്തെപ്പോലെ നമ്മുടെ ജീവിതത്തെ സ്പർശിക്കാതെ ഈ പുനരൈക്യം കടന്നുപോകും. അതിനാൽ പുനരൈക്യം രേഖപ്പെടുത്തേണ്ടത് ഏതൊരു മലങ്കര വിശ്വാസിയുടെയും ഹൃദയത്തിലാണ്. അപ്പോഴേ അത് ജീവന്റെ ഭാഗമായി മാറുകയുള്ളൂ... ജീവിതമായി മാറുകയുള്ളൂ...

കത്തോലിക്കാ സഭ എന്ന ആ വൻ ആൽമരത്തിലേക്ക് നാം ചേക്കേറിയിട്ട് 84 വർഷം പിന്നിടുന്നു. ആ മധുര സ്മരണയ്ക്കു മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. ഓരോ പുനരൈക്യ വാർഷികവും ഒരു ഓർമ്മപ്പെടുത്തൽ സമ്മാനിച്ചാണ് കടന്നുപോകുന്നത്. വീണ്ടും തിരികെ വരാനുള്ള വിളിയാണ് അത്. വി. ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്ന ധൂർത്തപുത്രനെപ്പോലെ, സക്കേവൂസിനെപ്പോലെ, സമരിയാക്കാരിയായ സ്ത്രീയെപ്പോലെ, ബാലൂളിനെപ്പോലെ, സത്യം കണ്ടെത്തിയാൽ അതിലേക്ക് തിരികെ വരാനുള്ള വിശാലമായ മനസ്സ് നമുക്ക് ഉണ്ടാകണം. ആ ധീരതയാണ് ദൈവദാസനായ മാർ ഈവാനിയോസ് പുനരൈക്യത്തിലൂടെ നമുക്ക് കാണിച്ചു തന്നത്. അതിൽ പിതാവ് ലജ്ജിച്ചില്ല, തൻഭാവം കാട്ടിയില്ല. മറിച്ച് എളിമപ്പെട്ടു. ആ തുടക്കം ഒരു വലിയ സഭാസമൂഹത്തിന് നാന്ദി കുറിച്ചു. ഏത് കാര്യത്തിന്റെയും തുടക്കം നിസ്സാരതയിൽ നിന്നാണെന്ന സത്യം ഈ പുനരൈക്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതു നന്മയായാലും തിന്മയായാലും.

പ്രിയ യുവജനങ്ങളേ, ഇന്ന് പുനരൈക്യം നടക്കേണ്ടത് നമ്മുടെ ജീവിതത്തിൽ തന്നെയാണ്. ജീവിതത്തിൽ പലതിനോടും നാം വീണ്ടും ഐക്യപ്പെടേണ്ടിയിരിക്കുന്നു. സുകൃത ജീവിതത്തോട്, പ്രാർത്ഥനയോട്, ഉപവാസത്തോട്, ബന്ധങ്ങളോട്, വിശ്വാസ ജീവിതത്തോട്, കൂട്ടായ്മകളോട്, അങ്ങനെയങ്ങനെ ഒരുപാട് നന്മകളോട്. ആധുനികതയുടെ പേരു പറഞ്ഞ് രാക്ഷസകിങ്കരന്മാരായ നെറ്റ്, ചാറ്റ്, ഡേറ്റിംഗ് അരങ്ങു തകർത്ത് നമ്മുടെ സമയവും സമ്പാദ്യവും സന്മനസ്സും ആർത്തിയോടെ പിഴുതെറിയുമ്പോൾ ജീവിതമൂല്യങ്ങളോടും ബന്ധങ്ങളോടും പുനരൈക്യപ്പെടാൻ നമുക്ക് എവിടെ സമയം? സമ്പാദ്യം? സന്മനസ്സ്? നമ്മൾ ജാഗ്രത ഉള്ളവരായിരിക്കണം. മൃദുലവികാരങ്ങളോടും ഇക്കിളിപ്പെടുത്തുന്ന നോട്ടത്തിലും സംസാരത്തിലും ആശയങ്ങൾക്കും ചിന്തകൾക്കും നമ്മുടെ ജീവിതങ്ങൾ സമരസപ്പെടുത്തരുത്. മറിച്ച് കലവറയില്ലാതെ നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തോടുവേണം നാം സമരസപ്പെടേണ്ടത്. നെറ്റ് - നോട്ട് ആയും, ചാറ്റ് - ചീറ്റ് ആയും ഡേറ്റിംഗ് - ഔട്ട് ഡേറ്റായും മാറാൻ വലിയ താമസമില്ലെന്ന ഓർമ്മ നമ്മെ എപ്പോഴും ഭരിക്കട്ടെ. അങ്ങനെ ഈ 84-ാം പുനരൈക്യം നമുക്ക് വിശ്വാസ ജീവിതത്തിനും സഭാ ജീവിതത്തിനും കുടുംബ ജീവിതത്തിനും സാമൂഹിക ജീവിതത്തിനും കാരണമാകട്ടെയെന്ന പ്രാർത്ഥനയോടെ ഏവരുടെയും ജീവിതത്തിൽ ദൈവ......... പൂക്കാലം വരവാകട്ടെയെന്ന ആശംസയോടെ.....

*Best Compliments from*

**Mount Mary Public School & Junior College**

(Affiliated to C.B.S.E. New Delhi No. 930732)
Maalam, Kottayam, Kerala. Ph: 2379200, 2370985
E-mail : mountmaryps@gmail.com
www.mountmarypublicschool.com

*Best Compliments from*

**Matha Senior Secondary School**

Thumpoly, Alappuzha

*Best Compliments from*

**Vimalambika Public School & Junior College**

Pampady P.O, Kottayam

*Best Compliments from*

**St. Joseph's Central School**

Mundakayam P.O, Kottayam.

*Best Compliments from*

**Basilian Sisters & Basilian Public School (CBSE)**

Paliekara, Thiruvalla









ഫാ. എൽദോ മോഴശ്ശേരിൽ

# ദ ലഞ്ച് ബോക്സ്

റിതോഷ് ബാത്ര എന്ന അനുഗ്രഹീത നവാഗത സംവിധായകന്റെ ചിത്രമാണ് ദ ലഞ്ച് ബോക്സ് എന്ന ഹിന്ദി – ഇംഗ്ലീഷ് ചിത്രം. ഭക്ഷണം ഈ ചിത്രത്തിന്റെ മുഖ്യപ്രമേയമാണെങ്കിലും ഒരു സ്ത്രീയുടെ ഏകാന്തതയും അംഗീകാരത്തിനുവേണ്ടിയുള്ള ദാഹവും ചിത്രത്തിന്റെ കഥയുടെ ഭാഗമാണ്. രാജീവ് എന്ന വ്യക്തിയുടെ ഭാര്യയാണ് ഇല. അവർക്ക് യഷ്വി എന്ന മകളുമുണ്ട്. ഇലയുടെ സിംഹഭാഗസമയവും ചെലവഴിക്കപ്പെടുന്നത് അടുക്കളയിലാണ്. അവൾ തന്റെ ഭർത്താവിനുവേണ്ടി രുചികരമായ ഭക്ഷണം ഉണ്ടാക്കി അത് പാഴ്സൽ സർവീസ് നടത്തുന്നു. (മുംബൈ പോലുള്ള വൻ നഗരങ്ങളിൽ ലഞ്ച് ബോക്സ് കൊണ്ടുപോകുന്ന കമ്പനികളുണ്ട്. അവയ്ക്ക് പറയുന്ന പേരാണ് ഡബ്ബ സർവ്വീസ്. ലഞ്ച് ബോക്സ് കൊണ്ടുപോകുന്നവർക്ക് പറയുന്ന പേരാണ് ഡബ്ബവാല). ഇല വളരെ ശ്രദ്ധിച്ചാണ് തന്റെ ഭർത്താവിനുവേണ്ടി ഭക്ഷണം തയ്യാറാക്കുന്നത്. തന്റെ ഭർത്താവ് ഓഫീസിൽ പോകുമ്പോൾ ഉച്ചയ്ക്ക് അദ്ദേഹം കഴിക്കുന്ന ഭക്ഷണം ഏറ്റവും വിഭവസമൃദ്ധമാകണമെന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു.

അവൾ കൊടുത്തുവിടുന്ന ഭക്ഷണം എത്തുന്നത് തെറ്റായ സ്ഥലത്താണ്. അവളുടെ ഭർത്താവിനുള്ള ഭക്ഷണം സാജൻ ഫെർണാണ്ടസ് എന്ന ഒരു അക്കൗണ്ടന്റിന്റെ അടുത്താണ്. അദ്ദേഹം തന്റെ ജോലിയിൽനിന്ന് വിരമിക്കാൻ തീരുമാനിക്കുകയും തൽസ്ഥാനത്ത് അസ്ലം ഷാരീഫ് എന്ന യുവാവ് വരുകയും ചെയ്യുന്നു.

ഇലയുടെ ഭക്ഷണം ഫെർണാണ്ടസ് കഴിക്കുവാൻ തുടങ്ങി. ഓരോ ദിവസവും ശൂന്യമായ ലഞ്ച് ബോക്സ് കണ്ടിട്ട് ഇലയ്ക്ക് ആശ്ചര്യമായി. ഒരു ദിവസം ഇല തന്റെ ഭർത്താവിനോട് ഭക്ഷണം എങ്ങനെയുണ്ടായിരുന്നുവെന്ന് ചോദിക്കുമ്പോൾ രാജീവ് മറ്റൊരു വിഭവത്തിന്റെ പേരാണ് പറയുന്നത്. അതോടെ ഇലയ്ക്ക് ഒരു കാര്യം വ്യക്തമായി. താൻ കൊടുത്തുവിടുന്ന ഭക്ഷണം മറ്റാർക്കോ ആണ് കിട്ടുന്നതെന്ന്. ഈ കാര്യമൊന്നുമറിയാതെ ഫെർണാണ്ടസ് തനിക്ക് ലഞ്ചു ബോക്സ് അയച്ചുകൊടുക്കുന്ന ഹോട്ടലിൽ പോയി അവരെ പ്രശംസകൊണ്ട് മൂടുന്നു.

ഇല അടുത്ത പ്രാവശ്യം ഭക്ഷണത്തോടൊപ്പം ഒരു കത്ത് വയ്ക്കുന്നു. അതിന് മറുപടിയായി ഫെർണാണ്ടസ് എഴുതുന്നത് "The food is very salty today" എന്നാണ്. പിന്നീട് ഫെർണാണ്ടസ് ഇലയുടെ കൈപ്പുണ്യം അനുഭവിച്ചറിയുന്നു. തന്റെ ഭർത്താവിൽനിന്ന് കിട്ടാത്ത അംഗീകാരവും നന്ദിയും ഫെർണാണ്ടസിൽനിന്നും അവൾക്ക് ലഭിക്കുന്നു.

ഷാരിഫിനെ പതിയെ ഫെർണാണ്ടസ് ജോലികൾ ഏല്പിച്ചു തുടങ്ങുന്നു. തനിക്ക് ഓസിൽ ലഭിക്കുന്ന ഭക്ഷണത്തിന്റെ ഒരു പങ്ക് ഷാരിഫിനും നൽകുന്നു. ഷാരിഫ് ഭക്ഷണമുണ്ടാക്കിയ വ്യക്തിയെ പ്രശംസിക്കുന്നു.

ഷാരിഫ് ഫെർണാണ്ടസിന്റെ ഈ രഹസ്യ സുഹൃത്താണ് ഭക്ഷണം കൊടുത്തുവിടുന്നതെന്നറിയുന്നു. പതിയെ ഫെർണാണ്ടസിൽ സ്നേഹം ജനിച്ചുവെന്നും അദ്ദേഹത്തിന്റെ പ്രായം കുറഞ്ഞുവെന്നും ഷാരിഫ് പറയുന്നു. “Some times the wrong train can take you to the right station” ചില സമയത്ത് തെറ്റായ ട്രെയിൻ നമ്മെ ലക്ഷ്യസ്ഥാനത്ത് എത്തിക്കാറുണ്ടെന്ന് ഷാരിഫ് പറയുന്നു. ഫെർണാണ്ടസിന് തെറ്റായ പാഴ്സൽ സർവീസിലൂടെ ലഭിച്ചത് ശരിയായ ലക്ഷ്യമാണെന്ന് ഷാരിഫ് അദ്ദേഹത്തോട് പറയുന്നു.

ഒരു ദിവസത്തെ കത്തിൽ ഇല ഫെർണാണ്ടസിനെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. മറ്റുംഗ എന്ന സ്ഥലത്തെ റെസ്റ്റോറന്റിൽ

വരാൻ അവൾ ആവശ്യപ്പെടുന്നു. പക്ഷേ അവൾക്ക് അവിടെ ഫെർണാണ്ടസിനെ കാണാൻ കഴിഞ്ഞില്ല. പിന്നീട് പാഴ്സൽ കൊണ്ടുപോകുന്ന ഡബ്ബവാലയോട് താൻ തെറ്റായ അഡ്രസിലാണ് ഭക്ഷണം കൊണ്ടുപോകുന്നതെന്ന് പറയുന്നു. അങ്ങനെ ഇലയും ഫെർണാണ്ടസും തമ്മിലുള്ള ഭക്ഷണവും കത്ത് കൈമാറലും അവസാനിക്കുന്നു.





ഒരു ദിവസം തന്റെ മകളെയും കൂട്ടി ഇല ഫെർണാണ്ടസ് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ വരുന്നു. പക്ഷേ തൽസ്ഥാനത്ത് ഷാരിഫിനെയാണ് കാണുന്നത്. ഫെർണാണ്ടസ് ജോലിയിൽനിന്ന് വിരമിച്ച് തന്റെ നാടായ നാസിക്കിൽ പോയിയെന്ന് ഷാരിഫ് ഇലയെ അറിയിക്കുന്നു. ഫെർണാണ്ടസ് അവൾ അറിയാതെ മറ്റുംഗയിലുള്ള റെസ്റ്റോറന്റിൽ പോയിരുന്നു. അവൾ വളരെ സുന്ദരിയും ചെറുപ്പക്കാരിയുമാണെന്നും അദ്ദേഹം വളരെ പ്രായം കൂടിയവനാണെന്നും മനസ്സിലാക്കിയപ്പോൾ അദ്ദേഹം അവളുടെ മുൻപിൽ പ്രത്യക്ഷപ്പെടാതിരിക്കുവാൻ ശ്രദ്ധിച്ചു. പിന്നീട് അദ്ദേഹം അവളെ അന്വേഷിച്ചുവെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ചിത്രം അവസാനിക്കുന്നതും ഷാരിഫ് പറഞ്ഞ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ടാണ് – "Some times the wrong train can take you to the right station".

ചില സന്ദർഭങ്ങളിൽ ചിലരെ തേടിപ്പോകാത്തതും ശരിയായ ദിശയിൽ ആണ് നാം സഞ്ചരിക്കുന്നതെന്നതിന്റെ തെളിവാണ്. ഫെർണാണ്ടസ് തന്റെ പക്വതയുടെയും പ്രായത്തിന്റെയും വിശ്വാസങ്ങളുടെയും ആത്മീയബലം കാണിക്കുന്നത് മറ്റൊരു വ്യക്തിയുടെ ജീവിതത്തിൽ വേദനയാകാതിരിക്കാനാണ്. ഈ ചിത്രത്തിൽ ട്രെയിനും ഓഫീസും ഭക്ഷണവും കഥാപാത്രങ്ങളാകുകയാണ്. നഗരജീവിതത്തിന്റെ തിരക്ക്, മറ്റുള്ളവരുടെ കണ്ണീരും വേദനയും ഏകാന്തതയും കാണാൻ കഴിയാത്തവിധം മനുഷ്യരെ അന്ധരാക്കിയിരിക്കുകയാണ്. നഗരജീവിതത്തിന്റെ അവസ്ഥ വളരെ തന്മയത്വത്തോടെ അവതരിപ്പിച്ചിട്ടുണ്ട് ഈ ചിത്രത്തിൽ.

ആധുനിക സമൂഹത്തിൽ കൂടിവരുന്ന പ്രവണതയാണ് ദാമ്പത്യജീവിതത്തിലുള്ള അവിശ്വസ്തത (extra - marital affairs). മനഃശാസ്ത്രജ്ഞന്മാർ ഇതിന് കണ്ടെത്തിയ ഉത്തരം ദാമ്പത്യജീവിതത്തിൽ പരസ്പരം അംഗീകരിക്കാനോ പ്രോത്സാഹിപ്പിക്കുവാനോ സ്നേഹിക്കുവാനോ കഴിയാത്ത ഇണകൾ മറ്റുള്ളവരെ തേടിപ്പോകുമെന്ന്. ഒരുവൻ വിവാഹമെന്ന കൂദാശയിൽ പ്രവേശിക്കുമ്പോൾ അവന്റെ ഭാര്യയുടെ മനസും ശരീരവും മാത്രമല്ല സ്വന്തമാക്കുന്നത്, അവളുടെ കഷ്ടപ്പാടുകളും വേദനകളും ആകാംക്ഷകളും സ്വന്തമാക്കുന്നു.

ഈ ചിത്രത്തിൽ ആകർഷണീയമായി തോന്നിയ മറ്റ് രണ്ട് കാര്യങ്ങളാണ് ഫെർണാണ്ടസ് തന്റെ സ്ഥാനത്തേക്ക് പുതിയതായി വന്ന ചെറുപ്പക്കാരനായ ഷാരിഫിനോട് തോന്നുന്ന വിരോധവും, ഡബ്ബാവാലാ എന്നു വിളിക്കപ്പെടുന്നവരുടെ സേവനങ്ങളും. ഫെർണാണ്ടസിന് ഷാരിഫിനോട് ആദ്യം വളരെ വിരോധവും ദേഷ്യവും തോന്നി. പക്ഷേ അവർ ഭക്ഷണമേശയിൽ ഒത്തുകൂടിയപ്പോൾ പരസ്പരം കൂടുതൽ മനസ്സിലാക്കാനും വലിയ സുഹൃത്തുക്കളാകാനും അവർക്ക് സാധിച്ചു. ഭക്ഷണത്തിന് വല്ലാത്ത ഒരു 'മാജിക് പവർ' ഉണ്ട്. കർത്താവായ യേശുമിശിഹാ പോലും സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായ വിശുദ്ധ കുർബാന സ്ഥാപിച്ച് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെ താൻ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് വ്യക്തമാക്കിയത് അവസാന അത്താഴവേളയിലാണ്.





മറ്റൊന്ന് ഡബ്ബാവാലാസ് എന്നു വിളിക്കപ്പെടുന്നവരുടെ സേവനമാണ്. വളരെ സങ്കീർണ്ണത നിറഞ്ഞ ജോലിയാണ് ഈ കൂട്ടരുടെ. അവർ വീടുകളിൽനിന്നും റസ്റ്റോറന്റുകളിൽനിന്നും ഭക്ഷണമെടുത്ത് സൈക്കിളിൽ അത് റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവന്ന്, നിശ്ചയിച്ച സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നു. ഇല ഒരു ഡബ്ബാവാലാക്കാരനെ വിളിച്ച് താൻ കൊടുത്തുവിടുന്ന ലഞ്ച് ബോക്സ് തെറ്റായ വിലാസത്തിലാണ് പോകുന്നതെന്ന് പറയുമ്പോൾ, ആ ഡബ്ബാവാലാ പറയുന്നത്, ഹാർഡ് വേർഡ് യൂണിവേഴ്സിറ്റിപോലും റിസർച്ച് ചെയ്ത്, ഏറ്റവും മികച്ച സേവനമാണ് തങ്ങളുടേതെന്ന് പറയുന്നു. ഇംഗ്ലണ്ട് രാജാവുപോലും ഞങ്ങളെ പ്രശംസിച്ചതാണെന്നും കൂട്ടിച്ചേർക്കുന്നു.

ഫെർണാണ്ടസ് ഇലയെ അന്വേഷിച്ച് ഇറങ്ങുന്നു. അവളുടെ അവസാന കത്തിൽ താൻ ഭൂട്ടാനിലേക്ക് പോകുന്നുവെന്നു പറയുന്നു. സന്തോഷങ്ങളുടെയും ആത്മസംതൃപ്തിയുടെയും തികവിന്റെയും നാട്ടിലേക്ക് അവൾ യാത്രയായോ എന്ന് അന്വേഷിച്ച് സാജൻ ഫെർണാണ്ടസ് ഡബ്ബാവാലാകളുടെ പാട്ടു കേട്ട് ട്രെയിനിൽ പോകുമ്പോൾ ചിത്രം അവസാനിക്കുന്നു.

●

Best Compliments from

**ST. JOHN'S METROPOLITAN CATHEDRAL CHOIR**

Thiruvalla - 9847120747

Best Compliments from

**Mr. SHIBU PUTHUKKERIL & FAMILY**

Thiruvalla

Best Compliments from


**ARCHBISHOP MAR GREGORIOS PUBLIC SCHOOL**

*Managed by Catholic Archdiocese of Tiruvalla*

Affiliated to CBSE, Delhi - Aff. No. 930990

Kottoor P.O., Tiruvalla - 689 582

**50–ാം പൗരോഹിത്യജൂബിലി**




ആശംസകൾ : സണ്ണി, ജിജി, സിറിയക്

**Mar Severios College of Teacher Education**

**Chengaroor P.O, Tiruvalla 689 594**

**Phone:0469 2688912**

**(Under the Catholic Archdiocese of Tiruvalla)**

Affiliated to M G University Approved by NCTE

**B.Ed Admission Started**

**Govt fee Only No Donation**

Hostel facility for Girls

Easy access to Bus& Train

Only 10 Kms from Tiruvalla

**Principal**

**Dr. K. K . John : 9447907670**



## സ്നേഹസ്മരണയ്ക്ക്
## 10-ാം ചരമവാർഷികം

# ചാക്കോ എബ്രഹാം


വെട്ടുപറമ്പിൽ,
ഐക്കാട്, തിരുവല്ല

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## സ്നേഹസ്മരണയ്ക്ക്

39-ാം ചരമവാർഷികം
(20-03-2014)




**റവ. ഫാ. ജോർജ്ജ് തൈക്കടവിൽ**
തൈക്കടവിൽ, വളഞ്ഞവട്ടം

25-ാം ചരമവാർഷികം
(17-09-2014)



**റ്റി.ജെ കോശി (തമ്പാൻ)**
(റിട്ട. സി.ഐ ഓഫ് പോലീസ്)
തൈക്കടവിൽ, തിരുമൂലപുരം

38-ാം ചരമവാർഷികം
(18-09-2014)



**മറിയാമ്മ ജോർജ്ജ്**
തൈക്കടവിൽ, വളഞ്ഞവട്ടം

മറക്കാത്ത ഓർമ്മകളുമായ്
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

Date of Publication: 31-08-2014 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2012-14
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/90
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 September 2014




# SAHYAJYOTHI
## ARTS AND SCIENCE COLLEGE

1ST MILE, KUMILY P.O, IDUKKI DISTRICT, KERALA - 685 509
TEL. 04869 222085 E-mail: sahyajyothicollege@gmail.com
www. malankarasahyajyothi.com

## Salient Features:

- State-of-the-art infrastructure
- Committed, qualified faculty
- Calm and serene atmosphere
- Separate hostel for boys & girls
- Trained faculty for soft skills training
- Regular student seminars.
- Student health service by MediSmart team
- Regularly conducted value-added workshops.

- **Bachelor of Commerce** (Finance & Taxation)
- **Bachelor of Commerce** (Computer Application)
- **Bachelor of Business Administration**
- **Bachelor of Social Work**
- **BA Communicative English**
(English Literature, Communication and Journalism)

Patrons
His Grace Most Rev. Dr.Thomas Mar Koorilos
Archbishop of Thiruvalla.
Most Rev. Dr. Philipose Mar Stephanose
Auxiliary Bishop of Thiruvalla & Bishop
in Charge of Highrange Region.

Rev. Fr. Philip Vattamattom
Manager

Rev. Dr. Abraham Charivupurayidom
Director

Dr. Gigi Joseph
Principal


*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Dr. Thomaskutty Pathinettil.*